Digitized by Arya Samaj Foundation Chennai and eGangotri



ബിക്കടലിലെ
കരമും

ഡോ. ജോർജ്ജ് ഇരുമ്പയം

CC-0. In Public Domain. Gurukul Kangri Collection, Haridwar

അറബിക്കടലിലെ കേരളം

ഡോ. ജോർജ് ഇരുമ്പയം

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

D 6739
Digitized by Arya Samaj Foundation Chennai and eGangotri

അറബിക്കടലിലെ കേരളം

DONATION

Forwarded free of cost,
and with the Compliments of
The Department of Education,
Government of India, New Delhi.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

MALAYALAM

Arabikkadalilae Keralam
Travelogue
by Dr. George Irumbayam
Published by the Author
First Published September 1970
Second Edition March 1985
Cover design: Jayadev
Rights reserved
Printed at Emaes Graphic Industries, Kottayam
Distributors:
CURRENT BOOKS
Kottayam, Trivandrum, Alleppey,
Ernakulam, Trichur, Kozhikode, Tellicherry

Rs. 8.00

85/20 C B - D 255 - 1000 - 0385

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അറബിക്കടലിലെ കേരളം

(യാത്രാവിവരണം)

DON...

गुरुकुल कांगड़ी विश्वविद्यालय

ഡോ. ജോർജ്ജ് ഇരുമ്പയം

6739

Forwarded free of cost,
and with the Compliments of
The Department of Education,
Government of India, New Delhi.

കറൻറ് ബുക്ക്സ്

കോട്ടയം തിരുവനന്തപുരം ആലപ്പുഴ എറണാകുളം
തൃശ്ശൂർ കോഴിക്കോട് തലശ്ശേരി

വില 8.00 രൂപ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഡോ. ജോർജ്ജ് ഇരുമ്പയം

1938 ഡിസംബർ 19—ന് തലയോലപ്പറമ്പിനടുത്ത് ഇരുമ്പയത്തു ജനിച്ചു. ബി. എ., എം. എ. പരീക്ഷകൾ ഒന്നാം റാങ്കോടെ പാസ്സായി. ജോലിയിലിരിക്കെ ഇംഗ്ലീഷ് എം. എ.യും ജേർണലിസത്തിൽ ഡിപ്ലോമയും എടുത്തു. 'മലയാളനോവൽ 19—ാം നൂററാണ്ടിൽ' എന്ന തിസീസിനു ഡോക്ടറേററ് കിട്ടി. ഇപ്പോൾ കോഴിക്കോട് ഗവ. കോളേജിൽ മലയാളം പ്രൊഫസറും വകുപ്പദ്ധ്യക്ഷനും. കവിതയുടെ ഭാവി, മംഗലനമറിയവും വള്ളത്തോൾ കവിതയും, നീഗ്രോ ക്രിസ്തു, ഉപാസിക്കുന്ന ദുഃഖത്തെ ഞാൻ, ആദ്യകാല മലയാളനോവൽ, മുപ്പതു കവിതകൾ, ഉത്തരേന്ത്യൻ നഗരങ്ങൾ, പശ്ചിമേന്ത്യൻ ദൃശ്യങ്ങൾ, മലയാളനോവൽ 19—ാം നൂററാണ്ടിൽ എന്നിവയാണു് പ്രധാന കൃതികൾ. നിരൂപണം പുതിയ മുഖം, ഒരു വിലാപം, ഇന്ദുമതീ സ്വയംവരം, ഉറൂബ് വ്യക്തിയും സാഹിത്യകാരനും, പൊറെറക്കാട് വ്യക്തിയും സാഹിത്യകാരനും, കുന്ദലത എന്നീ കൃതികൾ ഇദ്ദേഹം എഡിററ് ചെയ്തിട്ടുണ്ടു്. ഭാര്യ: ട്രീസാ വളവി. മക്കൾ: ജയ്സൺ, ജീസസ്, സിന്ധു.

വിലാസം:

അശോകപുരം
കോഴിക്കോട്—1

DR. P. V. GEORGE IRUMBAYAM,
PROFESSOR AND HEAD
DEPARTMENT OF MALAYALAM,
MA...
...M. COCH...

CC-0. In Public Domain. Gurukul Kangri Collection, Haridwar

Forwarded free of cost,
and with the Compliments of
The Department of Education,
Government of India, New Delhi.

Digitized by Arya Samaj Foundation Chennai and eGangotri

ആദ്യപതിപ്പിന്റെ മുഖവുര

യാത്രാവിവരണം എന്നു് ഈ പുസ്തകത്തെ വിശേഷിപ്പിച്ചാൽ അതു ഭാഗികമായേ ശരിയാകൂ. കാരണം, യാത്രയുടെ വിവരണത്തേക്കാളേറെ വസ്തുതകളുടെ വിവരണമാണിതു്. അറേബ്യൻസമുദ്രത്തിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്ന ലക്ഷദ്വീപുകൾ മലയാളികളെക്കൊണ്ടും മലയാളനാട്ടിലെ നല്ലൊരു ദൃശ്യമായ തെങ്ങിൻതോപ്പുകളെക്കൊണ്ടും കേരളത്തിന്റെ ഒരു 'മിനേച്ച'റായി പ്രശോഭിക്കുന്നു എന്നതു് നമ്മുടെ നാട്ടിൽ പലർക്കും ഒരു വാർത്തയായിരിക്കും. എന്നിരിക്കെ ആ ദ്വീപുകളിൽ ചിലതു സന്ദർശിക്കാനവസരം ലഭിച്ചപ്പോൾ അവയെപ്പററി ഇങ്ങനെയൊന്നെഴുതണമെന്നു തോന്നിയതു് അത്ഭുതമല്ലല്ലോ. തുടർന്നു്, കിട്ടാവുന്ന പുസ്തകങ്ങളും ലഘുലേഖകളും ലേഖനങ്ങളും സമ്പാദിച്ചു് ലക്ഷദ്വീപുകളെപ്പററി പഠിച്ചു. അനന്തരം എന്റെ യാത്രാനുഭവങ്ങൾ ഇടകലർത്തി ഈ രൂപത്തിലെഴുതി. ദ്വീപുകാരിൽ പലരോടും ചോദിച്ചറിഞ്ഞ വിവരങ്ങളും ഇതിന്റെ രചനയ്ക്കു സഹായകമായിട്ടുണ്ടു്.

ഇതിൽ ഒരു ലേഖനം മാതൃഭൂമി ആഴ്ചപ്പതിപ്പിലും ശ്രീ പത്മനാഭക്കുറുപ്പിന്റെ ലേഖനം (അനുബന്ധം) മാതൃഭൂമി ദിനപ്പതിപ്പിലും പ്രസിദ്ധീകരിച്ചതാണു്. അമിനി (അമേനി എന്നും പറയും) സന്ദർശിച്ച ശ്രീ കുറുപ്പിന്റെ ലേഖനം ആ ദ്വീപിനെക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

റിച്ചും പ്രധാനമന്ത്രിയുടെ ദ്വീപുസന്ദർശനത്തെക്കുറിച്ചും വായനക്കാർക്കു കൂടുതൽ വിവരങ്ങൾ ഗ്രഹിക്കാനുതകുമെന്നു കരുതി അനുബന്ധമായി ചേർത്തതാണ്. അങ്ങനെ ചെയ്യാൻ സദയം അനുമതി നൽകിയ ആ സുഹൃത്തിനെ കൃതജ്ഞതാപൂർവം ഇവിടെ അനുസ്മരിച്ചുകൊള്ളട്ടെ

ഇങ്ങനെയൊരു യാത്രയ്ക്കു യഥാർത്ഥ കാരണക്കാരായ എൻെറ സുഹൃത്തുക്കൾ കോഴിക്കോട്ടെ ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻ ഓഫീസിലും കോളേജുകളിലുമായി ഒട്ടേറെയുണ്ട്. അവരോടും എനിക്കുള്ള നന്ദി അളവററതാകുന്നു.

കോഴിക്കോട്
11–11_1969

ജോർജ് ഇരുമ്പയം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രണ്ടാം പതിപ്പിൻെറ മുഖവുര

ഈ പതിപ്പിൽ, ലക്ഷദ്വീപിൻെറ ഇന്നത്തെ അവസ്ഥയെപ്പററി കൂടുതൽ മനസ്സിലാക്കാനുപകരിക്കുന്ന ശ്രീ എൻ. വി. കൃഷ്ണവാരിയരുടെ ലേഖനവും ഒരു കത്തുമാണ് അനുബന്ധമായി ചേർത്തിരിക്കുന്നതു്. ലേഖനം ചേർക്കാൻ സദയം അനുവദിച്ച എൻ. വി.ക്കും കത്തയച്ച ശ്രീ അലിമാനിക്ഫാനും നന്ദി.

ചില അടിക്കുറിപ്പുകൾ ചേർത്തതും തിരുത്തലുകൾ വരുത്തിയതുമൊഴിച്ചാൽ യാത്രാവിവരണത്തിൽ മാററമൊന്നും വരുത്തിയിട്ടില്ല. ഒരിക്കൽ കൂടി ലക്ഷദ്വീപിൽ പോയി അവിടെ വന്ന മാററങ്ങൾ ഗ്രഹിക്കണമെന്നു വിചാരിച്ചെങ്കിലും സാധിച്ചില്ല. അതുകൊണ്ടു് ഈ പുസ്തകത്തിൻെറ പരിഷ്കരിച്ച പതിപ്പ് ഒരു സ്വപ്നമായി ശേഷിക്കുന്നു.

1985 ജനുവരി 25 ഗ്രന്ഥകാരൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉള്ളടക്കം

ആദ്യത്തെ കപ്പൽയാത്ര 13
അറബിക്കടലിലെ കേരളം 26
കവറത്തി—ദ്വീപുകളുടെ തലസ്ഥാനം 39
കല്പേനി
—കാല്പനികസൗന്ദര്യത്തിൻെറ നാട് 49
മിനിക്കോയി—ദ്വീപുകളുടെ റാണി 58
അന്ത്രോത്തും മററു ദ്വീപുകളും 66
പുരോഗതിയുടെ പാതയിൽ 73
മടക്കയാത്ര 82

അനുബന്ധം 90
ലക്ഷദ്വീപുകൾ ഇന്ന്
—എൻ. വി. കൃഷ്ണവാരിയർ
ഒരു കത്ത്
—അലിമാനിക്ഫാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആദ്യത്തെ കപ്പൽയാത്ര

ഇന്ത്യൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി 1969 ഒക്ടോബർ 10, 11, 12 തീയതികളിൽ നടത്തിയ ലക്ഷദ്വീപുസന്ദർശനം പ്രമാണിച്ചാണ് ഇതെഴുതുന്നയാൾക്ക് ആ ദ്വീപുകളിൽ ചിലതു കാണാനവസരം ലഭിച്ചത്. ശ്രീമതി ഗാന്ധിയുടെ ഇംഗ്ലീഷുപ്രസംഗം ദ്വീപുകാർക്കു മനസ്സിലാകുന്ന ഭാഷ (മലയാളം)യിലാക്കുക എന്ന കൃത്യമാണ് എനിക്കും മലബാർ ക്രിസ്ത്യൻ കോളജിലെ ശ്രീ എ. പത്മനാഭക്കുറുപ്പിനും നിർവഹിക്കാനുണ്ടായിരുന്നത്. ലക്ഷദ്വീപുകളുടെ തലസ്ഥാനമായ കവരത്തിയിലും കല്പേനിയിലും ആ കൃത്യം നിർവഹിക്കേണ്ടിയിരുന്നതു ഞാനാണെങ്കിൽ അമിനി, ആന്ത്രോത്തു ദ്വീപുകളിൽ ശ്രീമാൻ കുറുപ്പാണ് അതിനു നിയോഗിക്കപ്പെട്ടിരുന്നത്. എന്നാൽ കവരത്തി ഹയർ സെക്കൻററിസ്കൂളിലെ അദ്ധ്യാപകനായ ശ്രീ. സതികുമാരൻനായർ കൂടി ഇതേ കൃത്യത്തിനു നിയുക്തനാവുകയും അദ്ദേഹം, പ്രധാനമന്ത്രിയുടെ കവരത്തിയിലെ ഒരു പ്രസംഗവും ആന്ത്രോത്തിലെ പ്രസംഗവും ഭാഷാന്തരീകരിക്കുകയും ചെയ്കയാൽ എനിക്കു തർജ്ജമ ചെയ്യേണ്ട പ്രസംഗങ്ങൾ മൂന്നായും ശ്രീ കുറുപ്പിനു തർജമ ചെയ്യേണ്ട പ്രസംഗം ഒന്നായും ചുരുങ്ങിക്കിട്ടി. അങ്ങനെ കോഴിക്കോട്ടുനിന്നു പ്രസ്തുത കൃത്യത്തിനു പോയവരിൽ ഏററവും കൂടുതൽ ദ്വീപുകൾ കാണാനും പ്രസംഗങ്ങൾ വിവർത്തനം ചെയ്യാനുമുള്ള ഭാഗ്യം എനിക്കുതന്നെ വന്നുചേർന്നു.

തികച്ചും നാടകീയമായിരുന്നു ആ യാത്ര എന്നു പറയാതെ വയ്യ. ഇങ്ങനെയൊരു കൃത്യം ഏറെറടുക്കാമോ എന്ന് ആദ്യമൊരന്വേഷണമുണ്ടായപ്പോൾ അതിൽനിന്നൊഴിവാകാനാണു ഞാനാഗ്രഹിച്ചത് — ജീവിതത്തിലാദ്യമായി ഒരു പ്രസംഗവിവർത്തനത്തിനു മുതിരുക എന്ന പരീക്ഷണം, പ്രധാനമന്ത്രിയുടെ പ്രസംഗത്തിന്മേലാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വുക ധിക്കാരപരമായിരിക്കും എന്നെനിക്കു തോന്നി. മററാരെയെങ്കിലും കണ്ടുപിടിച്ചുകൊള്ളും എന്ന ഉറപ്പിന്മേൽ ഒരാഴ്ച ലീവിൽ ഞാൻ നാട്ടിലേക്കും പോയി. ലീവു കഴിഞ്ഞു്, ഒരുനാൾ രാവിലെ 4 മണിക്കു മലബാർ എക്സ്പ്രസ്സിൽ കോഴിക്കോട്ടു റെയിൽവേസ്റ്റേഷനിലെത്തിയപ്പോൾ കണ്ട കാഴ്ച, സത്യത്തിൽ, നടുക്കംതോന്നിക്കുന്നതായിരുന്നു. എന്നെ കണ്ടുപിടിച്ചു് ഈ കൃത്യമേല്പിക്കാനും അന്നുതന്നെ (5–10–'69) രാത്രിയിലത്തെ മലബാർ എക്സ്പ്രസ്സിൽ കൊച്ചിയിലേക്കു തിരിച്ചയക്കാനും അവിടെനിന്നു കപ്പൽവഴി നാടുകടത്താനു(!)മായി ആർട്ട്സ് കോളജു ലക്ചറർ ശ്രീ രാജഗോപാലൻ ക്രിസ്റ്റ്യൻ കോളജ് ലക്ചറർ ശ്രീ കരുണാകരൻ എന്നീ സുഹൃത്തുക്കൾ കാവൽ നിൽക്കുന്നു! ട്രെയിനിൽ എനിക്കായി ടിക്കററും റിസർവ്വ ചെയ്തുകഴിഞ്ഞു! ഞാനാണെങ്കിൽ സഭാര്യനായി ആദ്യജാതനുമൊത്തു പുതിയൊരു പൊറുതിയാരംഭിക്കാൻ പരിവാരസമേതം എത്തിയിരിക്കയാണു്. പുതിയ വീട്ടിൽ ഒരു ദിവസംപോലും അവരോടൊത്തു താമസിക്കാതെ, സ്ഥലഗൃഹാദികളുമായി യാതൊരു പരിചയവുമില്ലാത്തവരെ നവജാതനോടൊത്താക്കിയിട്ടു പോവുക— അതും ഈ ദുരിതംനിറഞ്ഞ യാത്ര, കൊതിമുഴുത്ത പോർട്ടർമാരും തിങ്ങിത്തുങ്ങി നില്ക്കുന്ന സഹയാത്രികരും മററുമായി മല്ലടിച്ചു വല്ലപാടും അവസാനിപ്പിച്ചു്, അല്പമൊന്നാശ്വസിക്കാമെന്നു കരുതിവരുമ്പോൾ, അതേ വഴിക്കു്. അതേ ദിവസം തന്നെ തിരിച്ചുപോവുക! ചിന്തിക്കാൻകൂടി വയ്യാത്ത കാര്യങ്ങളാണു്. പക്ഷേ, എന്റെ സ്നേഹിതന്മാരുടെ മാധുര്യം കലർന്ന നിർബന്ധത്തിനു വഴങ്ങുകയേ വയ്ക്കു എന്നു വന്നു. ഉടൻതന്നെ തലശ്ശേരിക്കു പോയ ശ്രീ രാജഗോപാലനും പാർപ്പിടത്തേക്കു തിരിച്ച ശ്രീ. കരുണാകരനും എന്നെയും ശ്രീ കുറുപ്പിനെയും യാത്രയയക്കാൻ അന്നുതന്നെ വീണ്ടും സ്റ്റേഷനിൽ വന്നതോർക്കുമ്പോൾ ആ സ്നേഹബന്ധത്തിനു വ്യാഖ്യാനം നൽകാനാവാതെ എന്റെ വാക്കുകൾ ശക്തിഹീനങ്ങളായി പോവുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൊച്ചിയിൽ

കോഴിക്കോട്ടുള്ള ലക്ഷദ്വീപ് അഡ്മിനിസ്ട്രേററുടെ സെക്രട്ടറി ശ്രീ കുമാരനിൽനിന്ന് അവശ്യം വേണ്ട നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ടാണ് ഞങ്ങൾ യാത്രയാരംഭിച്ചതു്. അടുത്ത ദിവസം (6–10–69) 'രാജലക്ഷ്മി' എന്ന കപ്പൽ കൊച്ചിയിൽനിന്നു ഞങ്ങളേയുംകൂട്ടി ലക്ഷദ്വീപിലേക്കു തിരിക്കുമെന്നായിരുന്നു അറിയിപ്പ്. പക്ഷേ, ആറാംതീയതി രാവിലെ കൊച്ചിൻ ടെർമിനസ്സിൽ ഞങ്ങളെ സ്വീകരിക്കാനെത്തിയ ശ്രീ മേനവനിൽനിന്നും ഞങ്ങൾക്കു കിട്ടിയ വിവരം മറെറാന്നായിരുന്നു— 'രാജലക്ഷ്മി' ഏഴാം തീയതി മാത്രമേ യാത്രയാകൂ. എനിക്കുണ്ടായ നിരാശയും വെറുപ്പും വർണ്ണിക്കാവതല്ല. പുതിയ താമസസ്ഥലത്തെ പ്രശ്നങ്ങളങ്ങനെ. ജോലിസ്ഥലത്തേക്കാണെങ്കിൽ (ഗവ. ആർട്ട്സ് കോളജ്) തിരിഞ്ഞുനോക്കിയിട്ടു പത്തുപന്ത്രണ്ടു ദിവസമായി. അവിടെ എത്രയോ ദിവസമായി എന്നെക്കാത്തു കിടക്കുന്ന കത്തുകൾ ഇനിയും കുറേനാൾകൂടി അനാഥമായി കിടക്കണം! പ്രിൻസിപ്പലിനോടൊ പ്രൊഫസറോടൊ ഒരു വാക്കു പറഞ്ഞിട്ടു പോരാൻ കഴിഞ്ഞില്ല. പരിപാടിയിൽ വന്ന ഈ ഒരു ദിവസത്തെ മാററം അറിയിച്ചിരുന്നെങ്കിൽ എനിക്കു കോളജുവരെ ഒന്നുപോയി അത്യാവശ്യംവേണ്ട കാര്യങ്ങൾ കഴിച്ചിട്ടു പോരാമായിരുന്നു— എല്ലാമാലോചിച്ചപ്പോൾ എനിക്കുണ്ടായ അമർഷം അദമ്യമായുയർന്നു. പക്ഷേ, ആരോടു പ്രകടിപ്പിക്കാനാണ്? ഫോർട്ടുകൊച്ചിയിലെ ഗസ്ററുഹൗസിൽ, (ഇതിനോടകം ഞങ്ങളവിടെ എത്തിക്കഴിഞ്ഞു.) വിശാലമായ ആ മുറിയിൽ ശ്രീമാൻ കുറുപ്പു മാത്രമാണ് എന്നോടൊപ്പമുള്ളതു്. അദ്ദേഹം വന്നപാടേ കുളിയും മററും കഴിച്ച് ഉറങ്ങാനുള്ള ഭാവമാണ്. എന്റെ അമർഷവിലാപങ്ങൾ കേട്ടിട്ട് അദ്ദേഹത്തിനെന്തുവേണം? ഞാൻ നിശ്ശബ്ദനായും എന്നാൽ അന്തരാസ്വസ്ഥബ്ദനായും അങ്ങനെ ഇരുന്നു.

അന്നത്തെ പ്രധാന പരിപാടി, മണിപ്രവാളഭാഷയിൽ പറഞ്ഞാൽ, 'ഉണ്ണുറക്കു' മാത്രമാണ്. എന്റെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'സഹമുറിയൻ' അതിലൊന്നാരംഭിച്ചും കഴിഞ്ഞു. പക്ഷേ നിസ്സാരകാര്യങ്ങളിൽ അസ്വസ്ഥനാവുക എന്ന ചപല സ്വഭാവം എന്നെ അതിനനുവദിച്ചില്ല. തൊട്ടടുത്തു് എറണാകുളം പട്ടണത്തിൽ എന്റെ ഭാര്യാഗൃഹമുണ്ടെന്നിരിക്കെ, അവിടംവരെ ഒന്നു പോകാതിരിക്കുക അപരാധമാവും എന്നായി എന്റെ ചിന്ത. അവിടെനിന്നു പത്തിരുപതു മൈലകലെയുള്ള എന്റെ വീട്ടിൽ പോയാൽ ചില പുസ്തകങ്ങളെടുത്തുകൊണ്ടു വരാമെന്നും എനിക്കു ബോധോദയമുണ്ടായി. ഒന്നും വായിക്കാനില്ലാതെ, അവിടെ ഉറക്കം മാത്രം ശരണമായി കഴിയുന്നതു് അസംബന്ധമാണെന്നും തോന്നാതിരുന്നില്ല. ഈ തോന്നലുകൾ എന്നെ വെറുതെ വിട്ടതുമില്ല. ഉടൻതന്നെ വസ്ത്രം മാറി ഞാൻ യാത്രയായി. കയ്യിലുണ്ടായിരുന്ന കുറച്ചു രൂപയും പോക്കററിൽ തിരുകി. അവിടെനിന്നു മട്ടാഞ്ചേരിവരെ ഒരു ലിഫ്ററു കിട്ടി. അവിടെയിറങ്ങി നാലുപാടും ഒന്നു നോക്കിയപ്പോൾ പുതിയ ചില ചിന്തകളാണു് എന്റെ മനസ്സിലേക്കു കടന്നുവന്നതു്. സമയം പതിനൊന്നുമണിയായിരിക്കുന്നു. ഇനി എറണാകുളത്തെത്തുമ്പോൾ ഉച്ചയാവും. അവിടെനിന്നു് ഉച്ചയ്ക്കുശേഷം എന്റെ വീട്ടിലേക്കു തിരിച്ചാൽ ഇന്നു മടങ്ങിയെത്താനും പ്രയാസം. അതുകൊണ്ടു രണ്ടു പരിപാടിയും റദ്ദുചെയ്യുകയും പോസ്റ്റാഫീസിൽ ചെന്നു രണ്ടിടത്തേക്കും ഓരോ കത്തുകളയക്കുകയും ഇന്നത്തെ വായനക്കായി ഹിന്ദു, ഇൻഡ്യൻ എക്സ്പ്രസ്സ് തുടങ്ങിയ പത്രങ്ങൾ വാങ്ങിക്കൊണ്ടു തിരിച്ചുപോവുകയും ചെയ്യുക! ഈ തീരുമാനം കൂടുതൽ ബുദ്ധിപൂർവകമാണെന്നു മനസ്സിലാക്കിയ ഞാൻ ഉടൻതന്നെ അതനുസരിച്ചു പ്രവർത്തിക്കുകയും 12 മണിയോടുകൂടി ഗസ്റ്റ്ഹൗസിൽ തിരിച്ചെത്തുകയും ചെയ്തു!! എന്റെ സ്നേഹിതൻ അപ്പോഴും ഗാഢനിദ്രയിലായിരുന്നു. ആ സമയത്തു് അദ്ദേഹത്തെ അനുകരിക്കുന്നതാവും ബുദ്ധിയെന്നെനിക്കും തോന്നി. ഒരുമണിവരെ ഉറക്കവും അതിനുശേഷം ഊണും കഴിച്ചിട്ടു് പത്രപാരായണത്തിൽ മുഴുകി. വായിക്കുന്ന ഓരോ വാക്യവും മലയാളത്തിലേക്കു വിവർത്തനം ചെയ്തുനോക്കാൻ ഞാൻ മറന്നില്ല. പ്രസംഗവിവർ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തനകലയിൽ പൂർവപരിചയം നേടിയിരുന്ന ശ്രീമാൻ കുറുപ്പിനു് ഇതിലൊന്നും താല്പര്യമില്ലായിരുന്നു. മണിപ്രവാളശ്ലോകങ്ങൾ ഉച്ചത്തിൽ ചൊല്ലിയും വേദാന്തവും ഹിന്ദുമതതത്വങ്ങളും വിശദീകരിച്ചും സ്വയം രസിക്കാനും എന്നെ രസിപ്പിക്കാനുമാണു് അദ്ദേഹം ശ്രദ്ധിച്ചതു്. വൈകുന്നേരത്തെ ബീച്ചുചുററലും പെരുവഴി താണ്ടലും അത്താഴഭോജനവും കഴിഞ്ഞതോടെ അന്നത്തെ പരിപാടികൾ തീർന്നു.

കപ്പലിലെ അനുഭവങ്ങൾ

അടുത്തദിവസം ഉച്ചകഴിഞ്ഞാൽ എമ്പാർക്കേഷനാ*ണു്. അതുവരെയുള്ള സമയം പഴയതുപോലെ 'ഗീതാപ്രവചന'വും ശ്ലോകം ചൊല്ലലും വിവർത്തനാഭ്യസനവുമായി കഴിഞ്ഞു—പരസ്പരബന്ധമില്ലാത്ത മൂന്നു കൃത്യങ്ങൾ!

'രാജലക്ഷ്മി' സാമാന്യം വലിപ്പമുള്ള ഒരു ചരക്കു കപ്പലാണു്. യാത്രക്കാരെയും കയററുന്നു എന്നുമാത്രം. സൗകര്യങ്ങൾ കുറവാണു്. കാർഗോ ആകയാൽ—യാത്രക്കാരെ ഉന്നം വെയ്ക്കാത്തതിനാൽ—കാബിൻ പോലുമില്ല. കക്കൂസ്, കുളിമുറി, അടുക്കളെ എന്നിവയുടെ കാര്യത്തിലും വല്ലാത്ത ദാരിദ്ര്യമാണു്. പക്ഷേ, മഴ ഉണ്ടാകാത്ത പക്ഷം അതിൻെറ വിശാലമായ മുകൾപ്പരപ്പിൽ എത്രപേർക്കു വേണമെങ്കിലും സൈ്വരമായി കൂടാം. അതു കരുതിയാവണം, പ്രധാനമന്ത്രിയുടെ സന്ദർശനം പ്രമാണിച്ചു ദ്വീപുകളിലേക്കു പോകേണ്ടിയിരുന്ന നിരവധിയായ പോലീസുകാർ, പത്രപ്രതിനിധികൾ, ഐ. ഐ. ആർ. പ്രതിനിധികൾ, സി. ബി. ഐ. ക്കാർ തുടങ്ങി വലിയൊരു സംഘം ആളുകളെ അതിൽ പ്രവേശിപ്പിച്ചിരുന്നതു്. ഞങ്ങളുടെ ഉത്തരവാദിത്തമേററെടുത്തിരുന്ന ശ്രീ കേശവൻകുട്ടിമേനോൻ വളരെ ബുദ്ധിപൂർവം ഞങ്ങളെ മുൻകൂട്ടി അതിൽ കയററുകയും ക്യാപ്ററൻെറ മുറിയോടു ചേർന്നു് പുറത്തു കാററും വെളിച്ചവും കിട്ടുന്ന വരാന്ത പോലുള്ള ഭാഗത്തു്, ഓരോ കട്ടിലിട്ടുതരികയും ചെയ്തു.

* Embarkation: കപ്പൽപ്രവേശം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'മഴയില്ലെങ്കിൽ പൂർണ്ണസുഖം' എന്നു ഞങ്ങൾ മനസ്സിൽ കണ്ടു.

ദൗർഭാഗ്യമെന്നു പറയട്ടെ, അന്നുരാത്രി വളരെ ക്രൂരമായാണ് പ്രകൃതി ഞങ്ങളോടു പെരുമാറിയതു്. ഗാഢനിദ്രയിൽ ലയിച്ചിരുന്ന ശ്രീ കുറുപ്പ് മഴ നനഞ്ഞൊലിച്ചു. എന്റെ സ്ഥിതിയും ഒട്ടും ഭിന്നമായിരുന്നില്ല. ആഞ്ഞടിച്ച കൊടുങ്കാററു് ഞങ്ങളുടെ കിടക്കയും കട്ടിലുമെല്ലാം വെള്ളത്തിൽ മുക്കിക്കളഞ്ഞു. കടലിലെ ആ പ്രഥമ രാത്രി പലതുകൊണ്ടും ഭയാനകമായിരുന്നു. നനച്ചിൽ തട്ടിയ ക്ഷണം ഞെട്ടിയെഴുന്നേററ എനിക്കു് ആർത്തിരമ്പുന്ന കടലിനേയും ആഞ്ഞടിക്കുന്ന കൊടുങ്കാററിനേയുമാണു് നേരിടേണ്ടിവന്നതു്. കരിനീലനിറത്തിൽ, കൊത്താനടുക്കുന്ന സർപ്പത്തെപ്പോലെ ചീറിക്കൊണ്ടടുക്കുന്ന തിരമാലകൾ. ചുററും പേടിപ്പെടുത്തുന്ന നിശ്ശബ്ദത, ക്രൂരമായ ഏകാന്തത. നോക്കെത്താതെ അനന്തമായിക്കിടക്കുന്ന നീലനീരാഴിപ്പരപ്പു്. സർവോപരി അന്ധകാരനിബിഡമായ നിശയുടെ നിതാന്തഭീകരത! ഞാൻ പേടിച്ചുവിറച്ചു: കണ്ണടച്ചുകൊണ്ടു കട്ടിലിലേക്കു മറിയുകയും ചെയ്തു.

പക്ഷേ, മഴയും കാററും സമ്മതിക്കുന്നില്ല. അടുത്ത കട്ടിലിൽ സുഖനിദ്രകൊള്ളുന്ന സുഹൃത്തിനെ വിളിച്ചുണർത്തി. ആവശ്യം വന്നാലകത്തുകയറി തന്റെ സ്റ്റോർ റൂമിലോ റീഡിംഗ്റൂമിലോ കിടന്നുകൊള്ളണമെന്നു്, കിടക്കാൻ പോകുംമുമ്പു് കപ്പലിലെ ക്യാപ്ററൻ ദയാപൂർവം പറഞ്ഞതു് ഈ അവസരത്തിൽ ഞാനോർമ്മിച്ചു കിടക്കയും പെട്ടിയും മററും വല്ലപാടും വാരിക്കൂട്ടി, വാതിൽ തുറന്നു്, ഞാനും ശ്രീ കുറുപ്പും ക്യാപ്ററന്റെ സ്റ്റോർ റൂമിനെ ശരണം പ്രാപിച്ചു. ഞങ്ങളുടെ ഭീതി പൂർവാധികം വർദ്ധിക്കാനെന്നപോലെ കാറേററ വാതിൽ കനത്ത ശബ്ദം മുഴക്കിക്കൊണ്ടു് വന്നടയുകയും ചെയ്തു.

പിറേറന്നു രാവിലെ വാതിൽതുറന്നു പുറത്തേക്കു നോക്കിയപ്പോൾ വളരെ ദുഃഖം തോന്നി. ഒരു യുദ്ധക്കളം കണ്ട പ്രതീതിയാണുണ്ടായതു്. കുരുക്ഷേത്രം സന്ദർശിച്ച ഗാന്ധാരിയെപ്പോലെ കനത്ത വിലാപമുതിർക്കാൻ എനിക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

തോന്നിപ്പോയി. ആ കാളരാത്രിയിൽ മഴയോടേററുമുട്ടി പരാജയം സമ്മതിച്ചു് ഞാനും കുറുപ്പും പിൻവാങ്ങുംവരെ അരപ്പകലും അരരാത്രിയും ഞങ്ങൾക്കു തുണയും ആശ്രയവുമായി വർത്തിച്ച ആ ക്യാൻവാസുകട്ടിലുകൾ അതാ മഴനനഞ്ഞൊലിച്ചു് വികൃതമായി കിടക്കുന്നു. ഒന്നുരണ്ടു ദിവസം രാപകലില്ലാതെ വായിച്ചോമനിച്ച (മററൊന്നും വായിക്കാനോ ഓമനിക്കാനോ ഇല്ലല്ലൊ! കപ്പലിൽ കയറിയതോടെ ലോകത്തിൽനിന്നു് ഒററപ്പെട്ടുകഴിഞ്ഞു.) ഇംഗ്ലീഷുപത്രങ്ങൾ കാററിൻേറയും മഴയുടേയും ആക്രമണംകൊണ്ടു തകർന്നു കീറിയും നനഞ്ഞും അതാ അങ്ങിങ്ങായി കിടക്കുന്നു. അതിൻെറ തുണ്ടുകൾ യുദ്ധക്കളത്തിലെ കബന്ധനൃത്തം അനുസ്മരിപ്പിച്ചുകൊണ്ടു് ഇപ്പോഴും ചലിക്കുന്നു! ഒരു നെടുവീർപ്പോടെ അടുത്തെത്തി ആ കട്ടിലെടുത്തു വെള്ളംതോരാൻ പാകത്തിനു നിവർത്തിവച്ചു. കടലാസു കഷണങ്ങൾ പെറുക്കി കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ കടലിൽ സംസ്കരിക്കുകയും ചെയ്തു. ആ കടലാസുതുണ്ടുകൾ തിരമാലകളിൽപ്പെട്ടു ദ്രുതഗതിയിൽ പുറകോട്ടു പാഞ്ഞുപോകുമ്പോൾ എൻെറ ചിന്ത കടൽ കുറവും കര കൂടുതലുമുള്ള ഒരു സാങ്കല്പികലോകത്തിലേക്കു പാഞ്ഞടുത്തു. എങ്കിൽ എത്രവേഗം മനുഷ്യർ ഈ സമുദ്രത്തെ മാലിന്യംകൊണ്ടു നിറസ്സുമായിരുന്നു. ഇപ്പോൾ എന്തെല്ലാം വിസർജ്ജ്യവസ്തുക്കളും മാലിന്യങ്ങളും വലിച്ചെറിഞ്ഞിട്ടും ആ കാളകൂടം വിഴുങ്ങി തൻെറ ഈ അമേയവിശുദ്ധിയും അനന്തമനോഹാരിതയുമല്ലേ കടൽ, പുറത്തു കാണിക്കുന്നുള്ളു—മറിച്ചു് കടൽ കുറവും കര കൂടുതലുമായ ഒരു ലോകത്തിൽ ഇതു നടക്കുമോ? സർവഥാ ചിന്തനീയമായ ഒരു വിഷയം!

ഏഴാം തീയതി വൈകീട്ടു് ഏഴുമണിക്കാണു രാജലക്ഷ്മി യാത്രയാരംഭിച്ചതു്. സാധാരണ കപ്പലുകൾക്കു മണിക്കൂറിൽ 5 മുതൽ 10 വരെ മൈൽ സ്പീഡുണ്ടാകും. പ്രധാനമന്ത്രി വന്ന ഐ. എൻ. എസ്. വിക്രാന്തിനു 25 മൈൽ വേഗതയുണ്ടത്രേ. ഞങ്ങളുടെ കപ്പലാകട്ടെ മണിക്കൂറിൽ ആറോ ഏഴോ മൈൽ സഞ്ചരിക്കും, അത്രതന്നെ. കപ്പൽ യാത്രക്കിടയ്ക്കു പലർക്കും കടൽച്ചൊരുക്കു് (Sea sickness).

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനുഭവപ്പെടാറുണ്ട്. എന്റെ സഹപ്രവർത്തകൻ ശ്രീ കുറുപ്പിനെ അതു കുറഞ്ഞൊന്നു ശല്യപ്പെടുത്തുകയും ചെയ്തു. അദ്ദേഹം ഒന്നുരണ്ടു പ്രാവശ്യം ഛർദ്ദിച്ചു. പക്ഷേ അതു കടൽച്ചൊരുക്കുകൊണ്ടാണെന്നു സമ്മതിക്കാൻ അദ്ദേഹത്തിനു വൈമുഖ്യമുണ്ടായിരുന്നു. അതിന്മേൽ ഞങ്ങളുടെ രസികന്മാരായ ചില സുഹൃത്തുക്കൾ, കുറുപ്പു 'മറ്റെന്തോ' കാരണത്താലാണു ഛർദ്ദിച്ചതെന്നു പ്രചാരവേല നടത്തിക്കളഞ്ഞു! എങ്ങനെയും, ഒന്നു സമ്മതിച്ചേതീരൂ—കപ്പലിലെ അടുക്കളയിൽനിന്നടിക്കുന്ന പ്രത്യേകഗന്ധം ആരെയും ഛർദ്ദിക്കാൻ പ്രചോദിപ്പിക്കുന്നതാണ്! ഭാഗ്യത്തിന്റെ ശക്തികൊണ്ടാവണം, എനിക്കതുണ്ടായില്ല.

ഭക്ഷണം

ഫസ്റ്റ്ക്ലാസ്സ്, ഓർഡിനറി എന്നിങ്ങനെ രണ്ടുതരം ഭക്ഷണം കപ്പലിൽ നല്കുന്നു. ആദ്യത്തേതിനു ദിവസം പത്തു രൂപയിൽ താഴെ ചാർജ്ജുവരും. ഞങ്ങളെ വി.ഐ.പി. മാരായും ലക്ഷദ്വീപധികൃതരുടെ അതിഥികളായും കരുതി ഒന്നാംതരം ഭക്ഷണവും സൗകര്യങ്ങളും തന്നിരുന്നു എന്നു കൃതജ്ഞതാപൂർവം പറഞ്ഞുകൊള്ളട്ടെ. അതോടൊപ്പം, ഒരു സാധാരണ യാത്രക്കാരനായി ആ കപ്പലിൽ പോയിരുന്നെങ്കിൽ വരുമായിരുന്ന കഷ്ടപ്പാടുകളുടെ നേരെ കണ്ണടയ്ക്കാനും വയ്യ. സാധാരണ ഭക്ഷണം (ordinary meals) നല്കുന്നിടത്തു വളരെ നീണ്ട ക്യൂ കാണാമായിരുന്നു. ഉന്തിയും തള്ളിയും തിക്കിയും തിരക്കിയും നന്നേ ക്ലേശിച്ച്, പലരും ഭക്ഷണം വാങ്ങിക്കഴിച്ചെന്നു വരുത്തി. ചിലർക്കു കിട്ടാതെപോയെന്നും കേട്ടു. അതങ്ങനെ. പ്രഭാതകൃത്യങ്ങളുടെ കാര്യത്തിൽ പലരും സഹിച്ച ക്ലേശങ്ങൾ മറ്റൊരു തരം. രാത്രിയിൽ മഴ പെയ്തപ്പോഴുണ്ടായ അനുഭവം ഈ ദുരിതങ്ങളുടെയെല്ലാം പരകോടിയായിരുന്നു. നനഞ്ഞും തണുത്തും വിറങ്ങലിച്ചും നിന്നുകൊണ്ടു് എല്ലാം സഹിക്കയേ മിക്കവർക്കും ആയുള്ളു.

പ്രധാനമന്ത്രിയുടെ സന്ദർശനം പ്രമാണിച്ച് എല്ലാ സംരക്ഷണനടപടികളും ആവശ്യംതന്നെ. യാതൊരു തക്ക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വുമില്ല; പട്ടാളവും പോലീസും സി. ബി. ഐ. യുമൊക്കെ വേണം. എന്നാൽ അവർക്കു യാത്രചെയ്യാനും സ്വന്തം ശരീരം സംരക്ഷിക്കാനും വേണ്ട സൗകര്യങ്ങൾ ഇല്ലാതെ പോയാലോ? അതു നീതിയാവാൻ ഞെരുക്കം.

എട്ടാം തീയതി പകൽ 11 മണിയോടുകൂടി കരകണ്ടു. കപ്പൽ യാത്രക്കാരെ സംബന്ധിച്ചിടത്തോളം ഇതില്പരം ആഹ്ലാദകരമായ ഒരനുഭവമില്ല. നോക്കെത്താത്ത ജലപ്പരപ്പിന്മേൽ നോക്കിനോക്കിയിരിക്കെ ഒരു പക്ഷി പറക്കുന്നതു കാണുക! അതൊരു സൂചനയാണ്—അടുത്തു കരയുണ്ടെന്നതിന്റെ. കുറേക്കൂടി കഴിയുമ്പോൾ അങ്ങകലെ ഒരു പച്ചപ്പ്; വീണ്ടുമടുക്കുമ്പോൾ കരയുടെ പ്രത്യേകതകളെല്ലാം—അതേ, അതില്പരം ആഹ്ലാദം അപ്പോൾ മറ്റൊന്നില്ല.

6739

ഞങ്ങൾ കണ്ട കര ആന്ത്രോത്തു ദ്വീപാണ്. അവിടെ പലരും ഇറങ്ങാനും സാധനങ്ങൾ ഇറക്കാനും ചിലർ കയറാനുമുണ്ട്. 12 മണിയോടുകൂടി കപ്പൽ നങ്കൂരമിട്ടു. താമസിയാതെ ആളുകൾ ആർത്തട്ടഹസിച്ചുകൊണ്ടു വഞ്ചിയിലും ബോട്ടിലുമായി പറന്നെത്തി. ദ്വീപുജനതയെ സംബന്ധിച്ചിടത്തോളം കപ്പൽ വരുന്നു എന്നതു വലിയൊരു സംഭവമാണ്. കപ്പലിന്റെ ഒരററം അറബിക്കടലിന്റെ ഓളങ്ങളിൽപ്പെട്ട് അല്പമൊന്നു കാണപ്പെട്ടാൽമതി അവർ കൂക്കിവിളിച്ച് ഓടിക്കൂടാൻ തുടങ്ങും. അഥവാ അങ്ങനെ ആയില്ലെങ്കിലേ അത്ഭുതമുള്ളു. സമുദ്രത്തിന്റെ കരവലയത്തിൽ ബന്ധിതരായിക്കഴിയുന്ന ആ പാവങ്ങൾക്കു ഭക്ഷണത്തിനുള്ള അരി കിട്ടണമെങ്കിൽ കപ്പൽ വരണം. കരയിലുള്ള ബന്ധുമിത്രാദികളുടെ സുഖാസുഖങ്ങൾ വിവരിക്കുന്ന കത്തു കിട്ടണമെങ്കിൽ അതു തന്നെ സംഭവിക്കണം. പച്ചക്കറിയും മരച്ചീനിയും മോരും മുട്ടയും; എന്തിനു മത്സ്യംപോലും കപ്പലിൽവന്നു കിട്ടിയാലേ അവർക്കു തൃപ്തിയാവൂ! ദ്വീപിനു ചുററുമുള്ള സമുദ്രഭാഗങ്ങളിൽ ഒരു തോണിയിൽ ചെന്നാലും മത്സ്യബന്ധനം ആകാമെന്നിരിക്കെ അവരുടെ പരാശ്രയസ്വഭാവം അതിനുപോലും പലരെയും കെല്പില്ലാതാക്കി എന്നു ഞാൻ ഭയപ്പെടുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

ഇപ്പോഴിപ്പോൾ കരയിൽ വന്നു വിദ്യാഭ്യാസം നടത്തുന്ന വിദ്യാർത്ഥികളും കച്ചവടം നടത്തുന്ന വ്യക്തികളും കരയിൽനിന്നു ദ്വീപിൽപോയി ജോലിചെയ്യുന്ന ആളുകളും സുലഭമാണെന്നിരിക്കെ, അവരുടെയൊക്കെ പ്രതീക്ഷകളും സ്വപ്നങ്ങളും വികാരങ്ങളും നിറഞ്ഞുതുളുമ്പുന്ന എത്രയെത്ര ലിഖിതങ്ങളാവും ഈ കപ്പലെന്ന രാക്ഷസൻ തീരെ ഗൗനിക്കാതെ കീശയിലാക്കി നടക്കുക! അതിൽ വല്ലതുമൊന്നു വെള്ളത്തിലായാൽ എത്രപേരുടെ 'കണ്ണുനീരും കയ്യും' ആ മോഹനപ്രകൃതി കണ്ടു കണ്ണീരൊഴുക്കേണ്ടിവരും! ആരുടെയൊക്കെ പ്രേമബന്ധങ്ങളാവും തകരുക. യാതൊരു അഞ്ചലോട്ടക്കാരനും ഈ കപ്പലിനോളം എഴുത്തുകൾ സംവഹിക്കയോ മനുഷ്യരെ പ്രതീക്ഷയിൽ നിറുത്തുകയോ ചെയ്യുന്നില്ലെന്നു ഞാനുറപ്പു പറയുന്നു. മേഘത്തേയും മയൂരത്തേയും മററും സന്ദേശവാഹകരാക്കി കാവ്യമെഴുതാനാളുകളുണ്ടായി. എന്നാൽ ഈ കപ്പലെന്ന സാക്ഷാൽ സന്ദേശഹരനെ കഥാപാത്രമാക്കി ഒരു കാവ്യമുണ്ടാക്കാൻ യാതൊരു കവിയും തയ്യാറായില്ലല്ലോ എന്നോർക്കുമ്പോൾ ദുഃഖം തോന്നുന്നു. ഒരു കണക്കിനു് അതനാവശ്യവുമാകുന്നു—ജീവിത കാവ്യങ്ങൾ തന്നെയാണല്ലോ ഇതുനെഞ്ചേറ്റുകുന്നതു്.

ഞങ്ങളുടെ കപ്പൽ ആന്ത്രോത്തിൽ ആദ്യമടുത്തെങ്കിലും പ്രധാനമന്ത്രിയുടെ കപ്പൽ അവസാനമേ അവിടെയെത്തു. അതുകൊണ്ടു് ആദ്യമാദ്യം സന്ദർശനം നടക്കുന്ന കവറത്തിയിലും അമിനിയിലുമാണ യഥാക്രമം എനിക്കും ശ്രീ കുറുപ്പിനും ഇറങ്ങേണ്ടതു്. ആന്ത്രോത്തിലിറങ്ങാൻ ഞങ്ങൾക്കനുവാദമുണ്ടായിരുന്നില്ല. ഒന്നിറങ്ങി ചുററിയിട്ടു വന്നാൽ കൊള്ളാമെന്നു് എനിക്കു കലശലായ മോഹമുണ്ടായിരുന്നു; വ്യർത്ഥമായി.

ആന്ത്രോത്തു്

പല കാരണങ്ങളാലും മററു ദ്വീപുകളിൽനിന്നു വ്യത്യസ്തമാണു് ആന്ത്രോത്തു്. മററു ദ്വീപുകളുടെ ദൈർഘ്യം തെക്കുവടക്കാണെങ്കിൽ ഇതു കിഴക്കുപടിഞ്ഞാറായി ഒരു ഷൂവിന്റെ ആകൃതിയിൽ കിടക്കുന്നു. പശ്ചിമതീര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തോട്ട് ഏററവും അടുത്തു കിടക്കുന്ന ദ്വീപ് ഇതാണ്. ജനസംഖ്യയുടെ കാര്യത്തിൽ ഒന്നാംസ്ഥാനവും ജനസാന്ദ്രതയുടെ കാര്യത്തിൽ മൂന്നാം സ്ഥാനവും ഇതിനുണ്ട്. ഇവിടെ പുരുഷന്മാരേക്കാൾ സ്ത്രീകളാണധികം. ലക്ഷദ്വീപുകളെ പ്രതിനിധീകരിച്ചു പാർലമെൻറിൽ പോകാനുള്ള ഭാഗ്യം നാളിതുവരെ ആന്ത്രോത്തുകാർക്കാണു ലഭിച്ചിട്ടുള്ളത്. ഇപ്പോഴത്തെ ലക്ഷദ്വീപ് എം പി. ശ്രീ സെയിദും മുൻ എം. പി. ശ്രീ നല്ലകോയയും ഇവിടുത്തുകാർ തന്നെ. കപ്പലിൽനിന്നു ശരിക്കു കാണാവുന്നതും തെങ്ങിൻ തോപ്പുകൾ നിറഞ്ഞു കേരളത്തിൻെറ മറെറാരു പതിപ്പായി ശോഭിക്കുന്നതുമായ ആന്ത്രോത്തിനോടു വിടപറഞ്ഞുകൊണ്ടു പകൽ 2 മണിക്കു ഞങ്ങളുടെ കപ്പൽ യാത്ര തിരിക്കുമ്പോൾ ശ്രീ.പി. എം. സെയിദ് എം. പി. ഞങ്ങളുടെകൂടെ സ്ഥലംപിടിച്ചിരുന്നു. പാർലമെൻറിലെ ഏററവും ചെറുപ്പക്കാരനായ ഈ മെംബർ ഞങ്ങളിൽ പലരേക്കാളും ചെറുപ്പമായി തോന്നിയതു് അത്ഭുതമല്ല. (ഞങ്ങളോടൊപ്പം റേഡിയോ സ്റ്റേഷനിലെ ശങ്കരൻകുട്ടി, പക്കർ കോയ, ഗോപിനാഥ്, മനോരമയിലെ അബു, അരവിന്ദാക്ഷൻ തുടങ്ങി പലരുമുണ്ടായിരുന്നു.) ശ്രീ സെയിദു ഞങ്ങളോടൊപ്പം ഫലിതം പറഞ്ഞും ചിരിച്ചും കവരത്തിവരെ യാത്ര ചെയ്തു. ഇതിനിടയ്ക്കു ശ്രീ അരവിന്ദാക്ഷനും മററും കപ്പലിനകത്തും പുറത്തുമുള്ള പ്രധാന ദൃശ്യങ്ങളുടെ ഫോട്ടോ എടുത്തുകൊണ്ടിരുന്നു.

എമക്

രാത്രി എട്ടരമണി ആയപ്പോൾ കപ്പൽ അമിനി ദ്വീപിലടുത്തു. കപ്പൽച്ചൊരുക്കുപിടിച്ചു വിവശനായിരുന്ന ശ്രീ കുറുപ്പു നന്നേ വിഷമിച്ചു ഞങ്ങളോട്ട് യാത്ര പറഞ്ഞിറങ്ങി. കപ്പലിൽനിന്നു സാധനങ്ങൾ വടത്തിൽ കെട്ടി ബോട്ടിലേക്കും വള്ളത്തിലേക്കുമിറക്കുന്നതു കണ്ടപ്പോൾ എൻെറ സ്മൃതിപഥത്തിലോടിയെത്തിയതു് സ്റ്റീഫൻ സ്വേഗിൻെറ 'എമക്' എന്ന നോവലാണ്. അതിലെ നായകൻ തനിക്കു പ്രാപിക്കാൻ കഴിയാത്തവളും എന്നാൽ തൻെറ തെററായ സമീപനംമൂലം അന്യഥാ മര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണമടഞ്ഞവളുമായ നായികയുടെ മൃതദേഹമടക്കിയ പെട്ടിയെ കപ്പലിൽ അനുധാവനം ചെയ്യുന്നതും അവളെ സംബന്ധിക്കുന്ന രഹസ്യം കാത്തുസൂക്ഷിക്കണമെന്ന അവളുടെ അന്തിമാഭിലാഷം സാധിച്ചുകൊടുക്കാനായി, ആ പെട്ടി കപ്പലിൽനിന്നിറക്കുന്ന സമയത്ത്, നെററിയിൽ വെടി പൊട്ടിച്ച് അതിന്മേലേക്കു വീഴുന്നതും മൃതദേഹമുംകൊള്ളുന്ന ആ പെട്ടിയോടൊപ്പം താനും കടലിൽ താഴുന്നതും അങ്ങനെ അവളുടെ രഹസ്യം സംരക്ഷിക്കപ്പെടുന്നതുമായ പ്രകമ്പനം കൊള്ളിക്കുന്ന കഥ ഒരു ചലച്ചിത്രത്തിലെന്നപോലെ ഞാൻ കണ്ടു.

അമിനി

അമിനിദ്വീപ് കോഴിക്കോടിനും കൊച്ചിക്കും നടുക്കു വൻകരയിൽനിന്ന് ഏകദേശം 250 കി. മീററർ പടിഞ്ഞാറും ആന്ത്രോത്തിൽനിന്ന് ഏകദേശം 100കി.മീററർ വടക്കുപടിഞ്ഞാറുമായി അല്പം നീളംകൂടിയ കോഴിമുട്ടയുടെ ആകൃതിയിൽ കിടക്കുന്നു. മററു ദ്വീപുകളെപ്പോലെ തെങ്ങിൻതോപ്പുകളാൽ ഇതും സമാലംകൃതമാണ്. ഇവിടെനിന്നു കാണാൻ പാകത്തിന്, പത്തോ പന്ത്രണ്ടോ കി. മീററർ വടക്കുമാറി, തെക്കുവടക്കു നീളം കൂടിയും കിഴക്കുപടിഞ്ഞാറു വീതി നന്നേ കുറഞ്ഞും നാരായം മാതിരി കിടക്കുന്ന ജനവാസമുള്ള ഒരു ദ്വീപുണ്ട്—കടമത്ത് പ്രധാനമന്ത്രിയുടെ സന്ദർശനപരിപാടിയിൽ പെടാത്ത ആ ദ്വീപിനെ 'രാജലക്ഷ്മി'യും കയ്യൊഴിച്ചു. അതു നേരേ തെക്കുപടിഞ്ഞാറുള്ള അഗത്തിയിലേക്കു കുതിച്ചു. കപ്പൽയാത്രക്കിടയ്ക്കു ശരീരത്തേയൊ മനസ്സിനേയൊ ക്ളേശിപ്പിക്കുന്ന യാതൊരു ജോലിയും ഇല്ലായിരുന്നിട്ടുകൂടി എനിക്കു നല്ല ക്ഷീണമുണ്ടായിരുന്നു. അതുകൊണ്ട് കപ്പൽ അഗത്തിയിലേക്കു തിരിക്കുംമുമ്പേ ഞാൻ ഉറക്കമാരംഭിച്ചിരുന്നു.

രാവിലെ ഉണർന്നപ്പോഠം കപ്പൽ അഗത്തിയെ സമീപിക്കുന്നു. ദിവസം 9—ാം തീയതി. ഇന്നുതന്നെ കാലേ കവറത്തിയിലെത്തിയില്ലെങ്കിൽ നാളെ രാവിലെ നടക്കുന്ന പ്രധാനമന്ത്രിയുടെ സന്ദർശനത്തിൽ വേണ്ടവിധം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പങ്കെടുക്കാൻ ഞങ്ങൾക്കായില്ലെന്നു വരും. അതുകൊണ്ടാവണം അഗത്തിക്കടുത്തു നങ്കൂരമിടുകയോ അധികസമയം നഷ്ടപ്പെടുത്തുകയോ ചെയ്യാതെ കപ്പൽ കവറത്തിയിലേക്കു യാത്രയായതു്. കൃത്യം നട്ടുച്ചക്കു് എം. വി. രാജലക്ഷ്മി' ദ്വീപുകളുടെ സിരാകേന്ദ്രവും തലസ്ഥാനവുമായ കവറത്തിയിലടുത്തു. അതോടെ ഞങ്ങളുടെ കപ്പൽയാത്രയുടെ ഒന്നാം ഘട്ടവും ഞങ്ങളിൽ പലരുടേയും ആദ്യത്തെ കപ്പൽയാത്രയും അവസാനിച്ചു. കരയ്ക്കും ജലത്തിലുമായുള്ള നാലഞ്ചുദിവസത്തെ തുടർച്ചയായ യാത്രകൊണ്ടു നന്നേ വിവശനും വിരസനുമായിരുന്ന എനിക്കു് ഒന്നു കളിച്ചൂണുകഴിച്ചു് ഉറച്ച ഭൂമിയിലെ കിടക്കയിലൊന്നു തലചായ്ക്കാൻ തിടുക്കമായി (കപ്പൽ സദാ ചഞ്ചലമാണല്ലോ). അതിനാൽ അധികൃതർ ചൂണ്ടിത്തന്ന ഒരു താമസസ്ഥലത്തേക്കു ഞാനും റേഡിയോസ്റ്റേഷൻ പ്രതിനിധികളും തിരക്കിട്ടു നടന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അറബിക്കടലിലെ കേരളം

ലക്ഷദ്വീപുകൾ എന്ന പേരിൽ അറിയപ്പെടുന്നതും ഔദ്യോഗികരേഖകളിൽ ലക്ഷദ്വീപ്, അമിൻ ദ്വീപ്, മിനിക്കോയി ദ്വീപുകൾ* എന്നു കാണുന്നതുമായ ഈ ചെറിയ ദ്വീപുകൾ എണ്ണത്തിൽ ഇരുപതും വിസ്തീർണ്ണത്തിൽ 28 ച. കി. മീററുമാണ്. അറേബ്യൻ സമുദ്രത്തിന്റെ വിദൂരവിസ്തൃത മേഖലകളിൽ നീലാകാശത്ത് ഉപഗ്രഹങ്ങൾ മാതിരി അവ മങ്ങിയും തെളിഞ്ഞും കാണപ്പെടുന്നു. ഹരിതാഭവും ജനനിബിഡവുമായ കേരളത്തിന്റെ ചെറിയൊരു പതിപ്പാണ് ഈ ദ്വീപുകളെന്നതു പലർക്കും അത്ഭുതകരമായ ഒരു വാർത്തയായിരിക്കണം. കേരള പ്രകൃതി ഉളവാക്കുന്ന പച്ചപ്പ്–വാഴയും തെങ്ങും മാവും പ്ലാവും–അങ്ങനെ നൂറുതരം ചെടികൾ ഇടകലർന്നു ജനിപ്പിക്കുന്ന സമ്മിശ്രകാന്തിയാണെങ്കിൽ അറബിക്കടലിലെ ഈ ചെറുതും പലതുമായ കേരളം തെങ്ങിൻ തോപ്പുകൾവഴി ഒരുതരം വർണ്ണൈക്യമാണു പ്രദാനം ചെയ്യുന്നത്. ഒന്നോ രണ്ടോ ദ്വീപുകളിലൊഴികെ മറെറല്ലായിടത്തും (പക്ഷികളും പാറകളും മണൽക്കൂമ്പാരവും മാത്രമുള്ള, കവരത്തിക്കടുത്തു കിടക്കുന്ന 'പിട്ടി' എന്ന ദ്വീപ് കണക്കിൽപ്പെടുന്നില്ല.) എടുത്തു പറയാവുന്ന കൃഷി തെങ്ങു മാത്രമാണ്. ഇതു് അവിടത്തെ ജനതയെ പരാശ്രയികളാക്കാൻ പ്രകൃതിതന്നെ കല്പിച്ചു നല്കിയ ഒരു പാരതന്ത്ര്യമാവണം. അതിന്റെ ഫലം കാണാനുമുണ്ട്. തെങ്ങിൽനിന്നും സമുദ്രത്തിൽനിന്നും കിട്ടുന്ന വിഭവങ്ങളൊഴികെ മറെറല്ലാററിനും കപ്പൽ വരുന്നതും കാത്തു പ്രതീക്ഷയോടെ കഴിയുന്ന സഹതാപാർഹമായ ഒരു ജനവിഭാഗമാണിവിടെയുള്ളത്. 'പരതന്ത്രം സുഖമൊക്കെ ദുഃഖമാം'

---

* ഇപ്പോൾ ഔദ്യോഗിക രേഖയിലും 'ലക്ഷദ്വീപ്' എന്നാക്കിയിട്ടുണ്ട്. വളരെ ചെറിയ ദ്വീപുകൾ ഉൾപ്പെടെ ഇവ 25 എണ്ണമുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എന്ന കവി വാക്യം സത്യമത്രേ ആകുന്നു. കപ്പലിന്റെ വരവുപോക്കിനെ ആശ്രയിച്ച് സ്വന്തം ഭാഗധേയങ്ങൾ നിർണയിക്കേണ്ടിവരിക ദൗർഭാഗ്യകരമാണ്. കപ്പലാണെങ്കിൽ സമുദ്രത്തിന്റെ ശാന്ത്യശാന്തികളെ ആശ്രയിക്കുന്നു സ്വന്തം ഭാവിഭാഗധേയങ്ങൾക്ക് എന്നിരിക്കെ ആ ജനതയുടെ കഷ്ടപ്പാടും വീർപ്പുമുട്ടലും ഊഹിക്കാവുന്നതേ ഉള്ളൂ. മഴക്കാലത്തു കപ്പൽചെല്ലാത്ത പരിതോവസ്ഥയാണിപ്പോഴുള്ളതും! പക്ഷേ, ഈ ദുരവസ്ഥ അടുത്ത വർഷത്തോടെ നീങ്ങുമെന്നും 1970 മാർച്ചു മുതൽ കാലനിരപേക്ഷമായ (weather proof) ഒരു കപ്പൽ സർവീസാരംഭിക്കുമെന്നും ദ്വീപുഭരണാധികാരികൾ പറഞ്ഞു*. അതോടെ കടലിന്റെ അടിമകളായ ഈ ജനത കുറേക്കൂടി ഭദ്രമായ സ്വാതന്ത്ര്യത്തിനുടമകളാകുമെന്നാശിക്കാം.

നമുക്ക് ആ ജനതയേയും അവരുടെ നാടിനേയും കുറിച്ചു ചില കാര്യങ്ങൾകൂടി മനസ്സിലാക്കാം. എല്ലാ ദ്വീപുകളിലുമായി അവർ ആകെ 24108 പേരുണ്ട്. ഇതു 1961 ലെ കാനേഷുമാരി കണക്കനുസരിച്ചാണ്. ഇപ്പോൾ കാൽലക്ഷത്തിലധികം കാണുമെന്നു തീർച്ച**. അവരുടെ ഒരു പ്രതിനിധി പാർലമെന്റിലും ഏതാനും പ്രതിനിധികൾ ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർക്കു നിർദ്ദേശങ്ങൾ നല്കാനുമായുണ്ട്. കോയ, മാൽമി, മേലാച്ചേരി എന്നു മൂന്നു ജാതിയായി അവർ തിരിയും (മിനിക്കോയിയിൽ 4 ജാതികളാണ്.) കോയമാർ ജന്മികളും മാൽമികൾ കപ്പലോട്ടക്കാരും മേലാച്ചേരികൾ ദാസ്യവേലയും തെങ്ങുകയററവും കുടികിടപ്പും നടത്തുന്ന പാവപ്പെട്ടവരുമാണ്. ഭൂമിയും തെങ്ങും വഞ്ചിയും ബോട്ടുമൊക്കെ കോയമാരുടേതായിരുന്നു— അഥവാ അതായിരുന്നു സങ്കല്പം. എന്നാൽ കുടിയാന്മാരുമായി ഇതേപ്പററി വലിയ തർക്കമുണ്ടാവുകയും നാലിലൊന്നു ജന്മിക്കും ബാക്കി കുടിയാനുമായി, ഒരൊത്തുതീർപ്പു വ്യവസ്ഥയുണ്ടാക്കി ആ പ്രശ്നം

* പ്രസ്തുത സർവീസ് ആരംഭിച്ചുകഴിഞ്ഞു. എൺപതുകളിലെ സ്ഥിതി മൂന്നു കപ്പലുകൾ അങ്ങോട്ടുണ്ടെന്നാണ്. ഇപ്പോൾ യാത്ര ഒരു പ്രശ്നമല്ല.

** അരലക്ഷത്തോളം പേരുണ്ട് എൺപതുകളിൽ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

പരിഹരിക്കുകയും ചെയ്തു. അങ്ങനെ ഇന്നു മേലാച്ചേരിക്കാരും ഭൂവുടമകളായി മാറിയിരിക്കയാണ്. വിദ്യാഭ്യാസവും വൻകരയുമായുള്ള അടുപ്പവും ഏറിവരുന്നതനുസരിച്ചു നമ്മുടെ നാട്ടിലെപ്പോലെതന്നെ അവിടെയും ജന്മിത്വഭാവം കുറയുന്നുണ്ട്. ഇക്കൂടെ ഓർമ്മിക്കേണ്ട നല്ലൊരു നേരമ്പോക്കു ദ്വീപുകാർ മുഴുവൻ, ജാതിവ്യത്യാസം അംഗീകരിക്കാത്ത ഇസ്ലാംമതത്തിൽപ്പെടുന്നു എന്നതാണ്. ദ്വീപിൽ കുടിയേറിപ്പാർത്തവർ ജാതിവ്യവസ്ഥയിൽ ഉറച്ചു വിശ്വസിച്ച ഹിന്ദുക്കളായിരുന്നതും പില്ക്കാലത്ത് ഏതോ കാരണവശാൽ മതം മാറിയെങ്കിലും ജാതി മാറാതിരുന്നതും ആവാം ഇതിനു കാരണം. ഏ. ഡി. 7-ാം നൂററാണ്ടാരംഭത്തിൽ കേരളത്തിൽനിന്ന് ഒരു സംഘം ആളുകൾ ദ്വീപിൽ കുടിയേറി പാർത്തുവെന്നും (അമിനിയിലാണത്രേ ആദ്യം കുടിയേററമുണ്ടായത്) അതേ നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ, അതിനോടകം പല ദ്വീപുകളിലും താമസമുറപ്പിച്ചു കഴിഞ്ഞിരുന്ന ഹൈന്ദവരായ അവരെയെല്ലാം, ഉബൈദുള്ള എന്ന മുഹമ്മദീയ സിദ്ധൻ അത്ഭുതകരമായി ഇസ്ലാംമതത്തിൽ ചേർത്തു എന്നും വിശ്വസിക്കപ്പെടുന്നു. ദ്വീപുകളിൽ ജനവാസമാരംഭിച്ചതിനേയും മതംമാററമുണ്ടായതിനേയും സംബന്ധിച്ചു പല കെട്ടുകഥകളും പ്രചാരത്തിലുണ്ട്. അവയിൽ സത്യത്തിന്റെ അംശം എത്രമാത്രമുണ്ടെന്നു മനസ്സിലാക്കാൻ ചരിത്രഗവേഷകന്മാർ ശ്രമിച്ചാൽ കൊള്ളാം. (ശ്രീ പി. ഐ. പൂക്കോയ എഴുതിയ 'ദ്വീപോല്പത്തി' എന്ന പുസ്തകത്തിൽ പല കഥകളും കാണാം) മിനിക്കോയിയിലും നൂറു ശതമാനം പേരും മുസ്ലീങ്ങളാണെങ്കിലും അവിടെ മതപരിവർത്തനമുണ്ടായതു് ഇതേ കാലത്തോ അതിനു കാരണക്കാരൻ ഉബൈദുള്ളയോ അല്ല. മാലദ്വീപസമൂഹത്തിൽപ്പെട്ടിരുന്നതും ഇപ്പോഴും ആ ദ്വീപുകളിലെ ആചാരങ്ങളിൽ പലതും ഭാഷയും തുടർന്നുവരുന്നതുമായ മിനിക്കോയി മിക്ക കാര്യങ്ങളിലും ലക്ഷദ്വീപുകളിൽനിന്നു വേർതിരിഞ്ഞു നില്ക്കുന്നു. മാലദ്വീപുകളിലെ മതപരിവർത്തനത്തിനു കാരണമായി ഇബൻബത്തൂത്തയുടെ യാത്രാവിവരണങ്ങളിൽക്കാണുന്ന കഥയാണ് അവിടെ പ്രാബല്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തിലിരിക്കുന്നത്. അതു മിനിക്കോയിയെക്കുറിച്ചെഴുതുന്നിടത്തു സംഗ്രഹിക്കാം.

ജനവാസമുള്ള ദ്വീപുകൾ

കൃഷിക്കു പററിയ ദ്വീപുകൾ ആകെ ഇരുപതുണ്ടെങ്കിലും അവയിൽ ജനവാസമുള്ളതു പത്തെണ്ണം മാത്രമാണ്. അവ തെക്കുനിന്നു വടക്കോട്ടു ക്രമത്തിനു മിനിക്കോയി, കല്പേനി, ആന്ത്രോത്ത്, കവറത്തി, അഗത്തി, അമിനി, കടമത്ത്, കിൽത്താൻ, ചെത്ത്ലത്ത്, ബിത്ര എന്നിവയാണ്. ഇവയിൽ കരയോട് (കേരളം) ഏററവും അടുത്തുകിടക്കുന്നതു് ആന്ത്രോത്തും (ഏകദേശം 200 കി. മീററർ) ഏററവും അകന്നുകിടക്കുന്നതു് അഗത്തി (300—ൽ പരം കി. മീ.)യുമാണ്. ജനവാസമില്ലാത്ത പത്തു ദ്വീപുകളിലൊന്ന് മിനിക്കോയിക്കടുത്തും (വിരിങ്ങലി) മൂന്നെണ്ണം കല്പേനിക്കടുത്തും (പിട്ടി, തിലാക്കം, ചെറിയം) രണ്ടെണ്ണം കവറത്തിക്കടുത്തും (സുഹേലി ചെറിയകര, സുഹേലി വലിയകര) നാലെണ്ണം അഗത്തിക്കടുത്തും (കൽപ്പിട്ടി, ബംഗാരം, തിണ്ണകര, പറളി) കിടക്കുന്നു. അതാതു ദ്വീപുകാർ അടുത്തു കിടക്കുന്ന ജനവാസമില്ലാത്ത ദ്വീപുകൾ സ്വായത്തമാക്കി അനുഭവിച്ചുപോരുന്നു. അവിടെ വേനൽക്കാലത്തു ചിലർ പോയി കടിലുകൾ കെട്ടി താമസിക്കാറുണ്ട്. പ്രധാന കൃഷി എല്ലായിടത്തും തെങ്ങുതന്നെ. ഒന്നുരണ്ടിടത്തു നെല്ലും അഞ്ചെട്ടിടത്തു വാഴ, ചേന, ചേമ്പ് തുടങ്ങിയവയും ചുരുക്കമായി കൃഷി ചെയ്യുന്നുണ്ട്. തേങ്ങയുടെ ധാരാളിത്തവും മററു വിഭവങ്ങളുടെ ദൗർലഭ്യവും മൂലം ദ്വീപിലെ സൽക്കാരം ഇളനീരി(കരിക്കു്)ലാരംഭിച്ച് മിക്കപ്പോഴും അതിൽ തന്നെ അവസാനിക്കുന്നു.! മിനിക്കോയി ഇതിനൊരപവാദമാണെന്നു കേട്ടു. അവിടെയെത്തുന്ന ഒരതിഥിയെ, ആതിഥേയർ ആട്ടുകട്ടിലിലിരുത്തി ആഹ്ലാദപൂർവം സ്വീകരിക്കുകയും വിഭവസമൃദ്ധമായ സല്ക്കാരങ്ങൾക്കു ശേഷം മാത്രം പോകാനനുവദിക്കുകയും ചെയ്യുന്നുവത്രേ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൂന്നു ദ്വീപസമൂഹങ്ങൾ

ഈ ദ്വീപുകളെ മൂന്നു സമൂഹങ്ങളായി തിരിച്ചാണു വ്യവഹരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ഔദ്യോഗികനാമധേയംതന്നെ. ഇതിൽ തെക്കെ അററത്തെ സമൂഹമായ മിനിക്കോയിയുടെ കൂടെ ജനവാസം ഇല്ലാത്ത വിരിങ്ങലി മാത്രമേപെട്ടു. വടക്കേഅററത്തുള്ള അമിൻദ്വീപസമൂഹത്തിൽ അമിനി, കടമത്തു്, കിൽത്താൻ, ബിത്ര, ചെത്ത്‌ലത്ത് എന്നീ ജനവാസമുള്ള ദ്വീപുകൾ മാത്രമുള്ളപ്പോൾ മദ്ധ്യസ്ഥിതവും സാക്ഷാൽ ലക്ഷദ്വീപുകളുമായ ഏററവും വലിയ സമൂഹത്തിൽ ബാക്കി ജനവാസമുള്ളതും ഇല്ലാത്തതുമായ 13 ദ്വീപുകളും പെടും. കൃഷിപോലുമില്ലാത്ത 'പക്ഷിപ്പിട്ടി' കൂടി കൂട്ടിയാൽ 14 എണ്ണം! തലസ്ഥാനമായ കവറത്തി ഈ സമൂഹത്തിലാണെന്നു പറഞ്ഞറിയിക്കേണ്ടതില്ലല്ലോ.

'ലക്ഷദ്വീപു്'

ദ്വീപുകളുടെ ചരിത്രം പരിശോധിച്ചാൽ 'ലക്ഷദ്വീപുകൾ' എന്ന പേരിന്റെ ഉല്പത്തിയെപ്പററി അല്പം വെളിച്ചം കിട്ടും. ചിറക്കൽരാജാവിന്റെ ഭരണത്തിൻ കീഴിലായിരുന്നു ആദ്യകാലം മുതൽ ഈ ദ്വീപുകളെല്ലാം. പില്ക്കാലത്തു് അതു കണ്ണൂരിലെ അറയ്ക്കൽ രാജകുടുംബത്തിന്റെ ഭരണത്തിൻകീഴിലായി. 18–ാം നൂററാണ്ടവസാനം ബ്രിട്ടീഷുകാർ കണ്ണൂർ ആക്രമിച്ചു കീഴടക്കിയതോടെ അറയ്ക്കൽ രാജാവിന്റെ സ്വത്തുക്കൾ കമ്പനിക്കധീനമായി. എങ്കിലും ഒരു വലിയ സംഖ്യ കപ്പമായി കൊടുത്താൽ ആ സ്വത്തുക്കൾ തിരിച്ചു നൽകാമെന്ന് അപ്പോഴത്തെ ഭരണാധിപയായ അറയ്ക്കൽ ബീബിയോടു കമ്പനിക്കാർ പറഞ്ഞു. അങ്ങനെ ദ്വീപസമൂഹത്തിനു് (പ്രധാനമായും അഗത്തി–കവറത്തി–ആന്ത്രോത്തു–കല്പേനിദ്വീപുകൾ) ബ്രിട്ടീഷുകാർ നിശ്ചയിച്ച സംഖ്യയാണ് 1 ലക്ഷം രൂ. അതിന്റെയടിസ്ഥാനത്തിലാവണം ഇവയ്ക്കു ലക്ഷം രൂ. യുടെ സ്വത്തുക്കൾ എന്നർത്ഥം വരുന്ന 'ലക്ഷദ്വീപുകൾ' എന്ന പേരുണ്ടായതു്. ബ്രിട്ടീഷുകാർ ആക്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മിച്ച കാലത്തു മിനിക്കോയിയും അറയ്ക്കൽ സ്വരൂപത്തി ന്റെ കീഴിലായിക്കഴിഞ്ഞിരുന്നു. അപ്പോൾ അതും ഈ ലക്ഷം രൂപയുടെ സ്വത്തിൽപ്പെട്ടു. പക്ഷേ അതു്, അക ന്നും തനതായ വ്യക്തിത്വത്തോടും ഭാഷയോടുംകൂടി നില നിന്നതിനാൽ മിനിക്കോയി എന്ന പേരിൽത്തന്നെ അറി യപ്പെട്ടതാവണം. ലക്ഷദ്വീപുകൾ എന്ന പേരിന്റെ മ്മ നോഹാരിതകൊണ്ടും തലസ്ഥാനം ആ സമൂഹത്തിലാക യാലുംമററുമാവണം ഇന്നീ ദ്വീപുകളെല്ലാം ആ പേരിൽ അറിയപ്പെടുന്നതു്.

ചരിത്രം

ദ്വീപുകളുടെ ഇന്നത്തെ നില ശരിക്കു ഗ്രഹിക്കാനുതക മാറു് കുറേക്കൂടി ചരിത്രം നമുക്കു മനസ്സിലാക്കാം. അറ യ്ക്കൽകാരുടെ ദുർഭരണത്തിൻകീഴിലായിരിക്കെ അമിൻ ദ്വീപുകളിലെ ചില ആളുകൾ ടിപ്പുസുൽത്താന്റെയടുത്തു സഹായാഭ്യർത്ഥന നടത്തി (1780 കളിൽ). ടിപ്പുവാകട്ടെ അറയ്ക്കൽ ബീബിയുമായി ചില കൂടിയാലോചനകൾ നടത്തിയതിന്റെ ഫലമായി ടിപ്പുവിനു ചിറയ്ക്കൽ താലൂ ക്കിലുള്ള സ്ഥലങ്ങൾ അറയ്ക്കലേക്കും അമിൻ ദ്വീപു കൾ ടിപ്പുവിനും കൈമാറാമെന്നു സമ്മതിച്ചു. അതനു സരിച്ച 1787 മുതൽ അമിൻദ്വീപസമൂഹം ടിപ്പുവിന്റെ കീഴിലായി. പക്ഷേ ടിപ്പുവിനു് അധികനാൾ ഭരിക്കാൻ കഴിഞ്ഞില്ല. 1799—ൽ ബ്രിട്ടീഷുകാർ അദ്ദേഹത്തെ അ ന്തിമമായി പരാജയപ്പെടുത്തിയതോടെ സുൽത്താന്റെ കീഴിലുണ്ടായിരുന്ന മററു പ്രദേശങ്ങളോടൊപ്പം അമിൻ ദ്വീപുകളും കമ്പിനിക്കധീനമായി. അറയ്ക്കൽ ബീബി യുടെ കീഴിലുള്ള മററു പ്രദേശങ്ങളിലെ ഭരണം അനുനി മിഷം വഷളായിക്കൊണ്ടിരുന്നു. കമ്പനിക്കു കൊടുക്കാൻ വ്യവസ്ഥ ചെയ്തിരുന്ന ഒരു ലക്ഷം രൂപാ കൊടുത്തു തീർ ത്തതുമില്ല. ഈ സാഹചര്യത്തിൽ 1875 ആയപ്പോഴേ ക്കും ദ്വീപുകൾ അവർ ജപ്തി ചെയ്തു. 1904—ൽ ഇതു മുഴുവൻ ബ്രിട്ടീഷുകാർക്കു വിട്ടുകൊടുക്കുംവരെ ജപ്തി നില നിന്നു. 1908 മുതൽ ദ്വീപുകളെല്ലാം ബ്രിട്ടീഷിന്ത്യയുടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഗമായി. വടക്കൻ ദ്വീപുകൾ (അമിൻ ദ്വീപസമൂഹം) ദക്ഷിണകാനറാ ഡിസ്ട്രിക്റ്റിന്റെ കളക്ടറും ദക്ഷിണദ്വീപുകൾ മലബാർ കളക്ടറും ഭരിച്ചുപോന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷവും ഇതേ കളക്ടർമാർ തന്നെ ഇതേ ദ്വീപുകളുടെ ഭരണം നിർവഹിച്ചു. എന്നാൽ ഭാഷാ സംസ്ഥാനവിഭജനക്കമ്മീഷൻ ഈ ദ്വീപുകളെ കേരളത്തിലുൾപ്പെടുത്താൻ നിർദ്ദേശിച്ചു.* പക്ഷേ, ഈ പ്രദേശങ്ങളുടെ രാജ്യരക്ഷാപരമായ പ്രാധാന്യവും പിന്നോക്കനിലയും പരിഗണിച്ച് കേന്ദ്രഗവ: ഇതു പ്രസിഡൻറിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിലാക്കുകയാണു ചെയ്തത്. അങ്ങനെ 1956 മുതൽ ഈ ദ്വീപുകൾ യൂണിയൻ ടെറിട്ടറിയുടെ ഭാഗമായി ഒരു അഡ്മിനിസ്ട്രേറററുടെ ഭരണത്തിൻകീഴിലിരിക്കുന്നു. ഇതേനില തുടരുന്നതാണു ദ്വീപുകാർക്കിഷ്ടമെന്നും മനസ്സിലാക്കാൻ കഴിഞ്ഞു.

ഭാഷ

ദ്വീപുജനതയുടെ ഭാഷയെപ്പററി അങ്ങിങ്ങായി സൂചിപ്പിച്ചെങ്കിലും അല്പംകൂടി മനസ്സിലാക്കേണ്ടതുണ്ട്. മിനിക്കോയിയിൽ മാലദ്വീപുകളിലുപയോഗത്തിലിരിക്കുന്ന മഹൽഭാഷയും മലയാളവും ആളുകൾ സംസാരിക്കുന്നു.** മററു ദ്വീപുകളിൽ മലയാളത്തിന്റെ ദേശ്യഭേദ (dialect)മാണുപയോഗിക്കുന്നതും. ദ്വീപുകാരുടെ മലയാളം നമ്മിൽ പലർക്കും മനസ്സിലാവില്ല. ഉദാഹരണമായി കീളാച്ചേരി, മേലാച്ചേരി, അച്ചേ, ലച്ചേ എന്നീ വാക്കുകൾ ശ്രദ്ധിക്കുക. അവയുടെ അർത്ഥം കിഴക്കുഭാഗം, പടിഞ്ഞാറുഭാഗം, അവിടെ, ഇരിക്കു എന്നിങ്ങനെയാണെന്ന് ഊഹിക്കാൻ കഴിയുമോ? ഇതിൽ 'മേലാച്ചേരി' എന്ന പദത്തിൽനിന്നാണ് ആ ജാതിപ്പേരുണ്ടായത്. † അവർണ്ണരും തെങ്ങുകയററക്കാരുമായ പാവപ്പെട്ട ആളുകൾ

*ഇക്കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ട്. എൻ. വി. യുടെ ലേഖനം (അനുബന്ധം) നോക്കുക.

** അനുബന്ധത്തിലെ കത്തു നോക്കുക

† ദ്വീപോൽപത്തി പേജ് 57

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മിക്ക ദ്വീപുകളിലും പടിഞ്ഞാറുഭാഗത്താണ് താമസിച്ചിരുന്നത്. അതിന്റെയടിസ്ഥാനത്തിൽ 'മേലാച്ചേരികൾ' എന്നതിന് പടിഞ്ഞാറുവശത്തു താമസിക്കുന്ന താഴ്ന്ന ജാതിക്കാരെന്നും, പിന്നീട് താഴ്ന്ന ജാതിക്കാരെന്നു മാത്രമായും അർത്ഥസങ്കോചമുണ്ടായി.

സ്കൂളുകൾ ധാരാളമാവുകയും അദ്ധ്യാപനത്തിനും മററുമായി കേരളീയർ ഒട്ടേറെ വന്നുചേരുകയും ചെയ്തതോടെ സ്റ്റാൻേറർഡു മലയാളം അവിടെ പ്രചാരത്തിലായിട്ടുണ്ട്. നമ്മുടെ ഭാഷ അവർക്കു മനസ്സിലാകുമെന്ന ഘട്ടമെത്തിയിരിക്കുന്നു!

ആചാരമര്യാദകൾ

1000 പുരുഷന്മാർക്കു ശരാശരി 1021 സ്ത്രീകൾ വീതമുള്ള ലക്ഷദ്വീപുകളിൽ, വിവാഹം, വിവാഹമോചനം എന്നിവയെ സംബന്ധിച്ച ഇസ്ലാംമത നിബന്ധനകളാണു നിലവിലിരിക്കുന്നതെങ്കിലും നമ്മുടെ നാട്ടിലെ മുസ്ലീങ്ങൾ അനുവർത്തിക്കാത്ത രീതിയിൽ ഈ രണ്ടും നടക്കുന്നതു് ഒരുപക്ഷേ സ്വാഭാവികമായിരിക്കാം. സ്കൂളിൽ പഠിക്കുന്ന കുട്ടികൾ പലരും വിവാഹിതരും മാതാപിതാക്കളുമാണെന്ന വാർത്ത നമ്മുടെ നാട്ടിലെ വിദ്യാർത്ഥികൾ നല്ലൊരു തമാശയായെടുത്തേക്കും. പക്ഷേ സത്യമതാണ്. ആൺകുട്ടികൾ 16 മുതൽ 20വരെ വയസ്സിനിടയ്ക്കും പെൺകുട്ടികൾ 10 മുതൽ 12 വരെ വയസ്സിനിടയ്ക്കും അവിടെ വിവാഹിതരാകുന്നു. കുട്ടിയെ മാതാപിതാക്കളോടൊപ്പമാക്കിയിട്ടാവും ഇവർ സ്കൂളിൽ പോവുക. ഇവരുടെ അദ്ധ്യാപകർ (മിക്കവരും കേരളീയർ) പലരും അവിവാഹിതരുമായിരിക്കും!

വിവാഹമോചനത്തിന്റെ കാര്യത്തിലും ദ്വീപുകാർ അത്ഭുതങ്ങൾ സൃഷ്ടിക്കുന്നു. ചിലരുടെ വിവാഹത്തിനും വിവാഹമോചനത്തിനുമിടയ്ക്കു ദിവസങ്ങൾപോലും കണ്ടെന്നുവരില്ല. അത്ര വേഗത്തിലും എളുപ്പത്തിലും അവർ രണ്ടും സാധിക്കുന്നു. ഒരിക്കൽ ഉപേക്ഷിച്ച സ്ത്രീയെ വീണ്ടും സ്വീകരിക്കണമെങ്കിൽ, അതിനു മുമ്പ് അവൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മറെറാരുവനെ വരിച്ചിരിക്കണം. വസ്ത്രം മാറിയുടുക്കുന്ന വേഗത്തിലും ലാഘവത്തോടും സ്ത്രീകളെ മാറി മാറി വിവാഹം ചെയ്യുന്ന വീരപുരുഷന്മാർ ഈ ദ്വീപുകളിൽ സുലഭയിരുന്നത്രെ!

വസ്ത്രധാരണത്തെക്കുറിച്ചും ഇവിടെ പറയാം. കേരളത്തിലെ മുസ്ലീങ്ങളുടെ വേഷംതന്നെയാണു് ദ്വീപുകാരുടേതു്. പാർദ്ദാ ആരും ഉപയോഗിച്ചുകണ്ടില്ല. ശുചിത്വം ആരോഗ്യപരിപാലനം എന്നിവയുടെ കാര്യത്തിൽ ഈ പാവങ്ങളിൽനിന്നു് അധികമൊന്നും പ്രതീക്ഷിക്കേണ്ടതില്ല. വൃത്തിയും ഭംഗിയുമുള്ള വീടുകൾ വളരെ കുറവാണു്. മിക്കതും കുടിലുകളോ, ഇഷ്ടിക, ഓല, മരം എന്നിവകൊണ്ടുണ്ടാക്കിയതോ ആകുന്നു. ഇതിനോടകം 6 ദ്വീപുകളിൽ വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും ഉപയോഗിക്കുന്നവരുടെ എണ്ണം വളരെ കുറവാണു്. ഇവരുടെ ആരോഗ്യസംരക്ഷണത്തിനു ഗവണ്മെൻറു് വളരെ പണം മുടക്കുന്നുണ്ടു്. ജനവാസമുള്ളിടത്തെല്ലാം ഹെൽത്തുസെൻററും അവിടെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങളുമുണ്ടു്. ദ്വീപുകളിൽ മൃഗങ്ങൾ വളരെ കുറവായിട്ടും, രണ്ടു വെറററിനറി ഡാക്ടർമാർ പ്രവർത്തിക്കുന്നു. നല്ല പശുക്കളെയും പാലും കിട്ടാനുള്ള ഏർപ്പാടുകൾ ചെയ്തുവരുന്നു.

തെങ്ങുകൃഷി, മത്സ്യംപിടുത്തം. കയറുപിരിക്കൽ, കൊപ്രാ ഉണ്ടാക്കൽ എന്നീ തൊഴിലുകളാണു ദ്വീപിൽ പ്രധാനം. വൻകിട വ്യവസായങ്ങൾക്കൊന്നും സ്ഥലസൗകര്യമോ അസംസ്കൃതവസ്തുക്കളോ ഇല്ല. ബോട്ടുനിർമ്മാണം പരീക്ഷിച്ചുവരുന്നുണ്ടു്. കവരത്തിയിൽ അങ്ങനെയൊരു വ്യവസായശാലയുള്ളതു നഷ്ടത്തിലാണെന്നു കേട്ടു. 'സാധനങ്ങളെല്ലാം കരയ്ക്കുനിന്നുകൊണ്ടുവരിക, ഇവിടത്തെ മടിയന്മാരായ ആളുകൾ പണിചെയ്യുക—ഈ സാഹചര്യത്തിൽ എങ്ങനെ ലാഭമുണ്ടാകും?' എന്നൊരാൾ അഭിപ്രായപ്പെട്ടതു ശരിയാവണം. സൂര്യരശ്മികൾ ദേഹത്തു തട്ടിയാൽ ആപത്തുണ്ടാകുമെന്നു വിചാരിക്കുന്ന, ജോലി ചെയ്യാൻ കൂട്ടാക്കാത്ത, ആളുകളാണത്രെ അധികവും. പുരുഷന്മാരേക്കാൾ ജോലിയോടു സ്നേഹം സ്ത്രീകൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കാണെന്നു തോന്നുന്നു. അവർ കയറുപിരിക്കൽ തുടങ്ങിയ ജോലികൾ സമർത്ഥമായി ചെയ്യുന്നു. ചൊർക്ക (vinegar) ചക്കര എന്നിവയുടെ നിർമ്മാണവും ഒരു കുടിൽ വ്യവസായം പോലെ നിലവിലുണ്ടെങ്കിലും എടുത്തു പറയാൻതക്ക പ്രാധാന്യമാർജ്ജിച്ചിട്ടില്ല. തെങ്ങിൽനിന്നു് അവരെടുക്കുന്ന കള്ളു് മധുരവും നിർമ്മലവുമാകുന്നു. മത്സ്യവ്യവസായം മിനിക്കോയിയിലേ ഗണ്യമായ പുരോഗതി നേടിയിട്ടുള്ളൂ.

നികുതിയില്ലാത്ത നാടു്

ഒരു ദ്വീപിലും ഭൂനികുതി ഈടാക്കുന്നില്ല. ചില ദ്വീപുകളിൽ കായുള്ള തെങ്ങുകൾക്കു നികുതി പിരിക്കുന്നുണ്ടു്. ദ്വീപുകാരിൽ ഭൂരിപക്ഷവും യാതൊരു നികുതിയും നല്കാത്തവരാണെന്നു മാത്രമല്ല ഗവൺമെൻറിൽനിന്നു നാനാതരത്തിൽ സഹായങ്ങൾ നേടുന്നവരുമാണു്. അവരുടെ കുട്ടികൾ പുറത്തു പോയി വിദ്യാഭ്യാസം ചെയ്യാൻ യോഗ്യതനേടിയാൽ ഗവ. ചെലവിൽ എത്ര വേണമെങ്കിലും പഠിക്കാം. ഭക്ഷണത്തിനുംമററും വേണ്ടതു സ്കോളർഷിപ്പായി നൽകും. ഒരുപക്ഷേ, കാശ്മീരൊഴികെ മറെറാരിടത്തുമില്ലാത്ത സൗജന്യങ്ങൾ ദ്വീപുകാരുടെ പിന്നോക്കനില പരിഗണിച്ചു് ഗവൺമെൻറിൽനിന്നു ചെയ്തുവരുന്നു. അതോടൊപ്പം അവരുടെ സ്വാതന്ത്ര്യത്തിൻെറ ചക്രവാളം കുറഞ്ഞൊന്നു് ഇടുങ്ങിയതാക്കിയിട്ടുമുണ്ടു്.

ദ്വീപുജനതയുടെ സ്നേഹം, ആത്മാർത്ഥത, സത്യസന്ധത എന്നീ ഗുണങ്ങളെക്കുറിച്ചുകൂടി പറയാതെ പോയാൽ ഈ കുറിപ്പു് അപൂർണ്ണവും ക്രൂരവുമായിരിക്കും. പുരുഷന്മാരേക്കാളധികം സ്ത്രീകളുള്ള ഈ ദ്വീപുകളിൽ സ്ത്രൈണഭാവങ്ങൾക്കു മുൻതൂക്കം കാണുന്നതു് ന്യായം മാത്രമായിരിക്കാം. മേല്പറഞ്ഞ മേന്മകളുടെ കൂടെ ഭയം എന്ന അനാശാസ്യവും സ്ത്രീസഹജവുമായ പ്രത്യേകതകൂടി ദ്വീപുകാരുടെ സ്വഭാവത്തിൽ കലർന്നിരിക്കുന്നു. ദ്വീപിൽ എവിടെ വേണമെങ്കിലും നിങ്ങളുടെ എത്ര വിലപിടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പുള്ള വസ്തുവും അലക്ഷ്യമായെറിഞ്ഞിട്ടുപോകാം. ആരും എടുത്തുകൊണ്ടു പോവില്ല. ഈ സ്ഥിതിവിശേഷം ദ്വീപുകാരുടെ സത്യസന്ധതയും ഭയവും കൂടിച്ചേർന്നുണ്ടാക്കിയതാവണം. അവരുടെ സ്നേഹവും ആത്മാർത്ഥയും ആർക്കും എളുപ്പത്തിൽ ബോദ്ധ്യമാകുന്നതാണ്. ഏതു സഹായവും ചെയ്തുതരാൻ അവർ ഒരുക്കമാണ്. പ്രതിഫലത്തെപ്പററി അവർ ചിന്തിക്കാറേ ഇല്ല. കൊടുത്താൽ വാങ്ങുകയുമില്ല. അതപമാനമായി അവർ കരുതുന്നു.

ഒരു നൂററാണ്ടുമുമ്പുള്ള കേരളത്തിൻെറ സ്ഥിതിയാണു ദ്വീപുകൾ അനുസ്മരിപ്പിക്കുക. ലളിതജീവിതം, സ്നേഹം, അതിഥിസല്ക്കാരം തുടങ്ങിയവയിൽ മാത്രമല്ല പുരോഗതിയും വിദ്യാഭ്യാസവും നേടാത്ത അപരിഷ്കൃതാവസ്ഥകൊണ്ടും അവർ കേരളത്തിൻെറ ഒരുനൂററാണ്ടു പിന്നിലാണെന്നുതോന്നും. ശത്രുതയും വഞ്ചനയും പാർട്ടിയടിസ്ഥാനത്തിലുള്ള മത്സരങ്ങളും അവർ പഠിച്ചുവരുന്നതേയുള്ളു. ഇപ്പോൾ, ഒരു തെരഞ്ഞെടുപ്പിൽ തൻെറ അഭീഷ്ടത്തിനെതിരായി ഭാര്യവീട്ടിലെ ആരെങ്കിലും വോട്ടുചെയ്താൽ ഭാര്യയെ ഉപേക്ഷിക്കാൻവേണ്ടും ശുണ്ഠിയും മുൻകോപവും ഒരു ദ്വീപുകാരനുണ്ടാകും. മുൻകോപം മിക്കപ്പോഴും ആത്മാർത്ഥതയുടേയും സ്നേഹത്തിൻേറയും അനന്തരഫലമാണല്ലൊ!

പ്രധാനമന്ത്രിയുടെ സന്ദർശനം

ഈ ജനതയെ ഒന്നുടുത്തുകാണുവാൻ നിശ്ചയിച്ച ആദ്യത്തെ പ്രധാനമന്ത്രി എന്ന സ്ഥാനം ശ്രീമതി ഇന്ദിരാഗാന്ധിക്കാണ്. ഇതിനു മുമ്പു ശ്രീ പ്രകാശ്, ഡാ. സക്കീർ ഹുസൈൻ തുടങ്ങി അപൂർവം ചില വിശിഷ്ടാതിഥികളേ ദ്വീപു സന്ദർശിച്ചിട്ടുള്ളു. അവിടെ എത്തിച്ചേരാനുള്ള ബുദ്ധിമുട്ടാണ് എല്ലാ സന്ദർശകരേയും മുടക്കുന്നതു്. ശ്രീ പ്രകാശയും ഡാ. ഹുസൈനും കപ്പലിൽവന്നിട്ടു ബോട്ടുവഴി കരയ്ക്കണയുകയായിരുന്നെങ്കിൽ ശ്രീമതി ഗാന്ധി കപ്പലിൽനിന്നു ഹെലികോപ്ടർ വഴി ദ്വീപുകളിലിറങ്ങുകയാണുണ്ടായതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആകെ ദ്വീപുകൾ ഇരുപതും ജനവാസമുള്ളവ അതിൽ പകുതിയുമാണെങ്കിൽ ശ്രീമതി ഗാന്ധി സന്ദർശിച്ചതു് അതിലും പകുതി (അഞ്ചെണ്ണം) മാത്രമാകുന്നു. അവ ക്രമത്തിനു കവറത്തി, അമിനി, മിനിക്കോയി, കല്പേനി, ആന്ത്രോത്തു് എന്നിവയാണ്. ഇതിൽ ഏററവും പ്രധാനപ്പെട്ട ദ്വീപുകളായ കവറത്തി, മിനിക്കോയി എന്നിവിടങ്ങളിലാണ് ഏററവും കൂടുതൽ പരിപാടികളുണ്ടായിരുന്നതു്. കവറത്തിയിൽ മൂന്നു പ്രസംഗങ്ങളും നാലര മണിക്കൂർ ദീർഘിച്ച പരിപാടിയുമാണുണ്ടായിരുന്നതെങ്കിൽ മിനിക്കോയിയിൽ അഞ്ചുമണിക്കൂർ നേരത്തെ വർണ്ണശബളവും വൈവിദ്ധ്യമിയന്നതുമായ പരിപാടികളിലാണവർ പങ്കുകൊണ്ടതു്. കവറത്തിയിൽ മാത്രമേ ഒന്നിലേറെ പ്രസംഗങ്ങൾ ചെയ്തുള്ളു. എല്ലാ പ്രസംഗങ്ങളും ഇംഗ്ലീഷിലും, മഹലിലേക്കു തർജ്ജമ ചെയ്ത മിനിക്കോയി പ്രസംഗമൊഴികെ മററെല്ലാം മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുകയുമായിരുന്നു.

1969 ഒക്ടോബർ 10–ാം തീയതി രാത്രി 8 മണിക്കു കവറത്തിയിലാരംഭിച്ച ദ്വീപുസന്ദർശനപരിപാടി 12–ാം തീയതി വൈകിട്ടു 4.45–നു് ആന്ത്രോത്തിൽ സമംഗളം പര്യവസാനിപ്പിച്ചുകൊണ്ടു ശ്രീമതി ഗാന്ധി ഐ. എൻ. എസ്. വിക്രാന്തിലേക്കും അതുവഴി ഗോവയിലേയ്ക്കും, തുടർന്നു ഡൽഹിയിലേക്കും മടങ്ങി.

ദ്വീപു ജനതയുടെ കഷ്ടപ്പാടും പ്രശ്നങ്ങളും അതോടൊപ്പം അവരുടെ അതിഥിസല്ക്കാരപ്രിയവും സ്നേഹാദരങ്ങളും പ്രധാനമന്ത്രി ശരിക്കും ഗ്രഹിച്ചുവെന്നു് അവരുടെ പ്രസംഗങ്ങൾ വെളിവാക്കി. 'ഒററപ്പെട്ടുപോയി എന്ന പേടിപ്പെടുത്തുന്ന ബോധം അവരെ പീഡിപ്പിക്കുന്നു' എന്നു ദ്വീപുകാരെപ്പററി പ്രധാനമന്ത്രി പറഞ്ഞതു് അവിടെ താമസിക്കുന്ന എല്ലാവരേയും ബാധിക്കുന്ന ആത്യന്തിക സത്യമാണ്. ആ പിന്നോക്ക പ്രദേശങ്ങളുടെ അഭിവൃദ്ധിക്കുതകുന്നതും തന്നാലാവുന്നതുമായ എല്ലാം എത്രയുംവേഗം സാധിച്ചുകൊടുക്കുമെന്നു പറഞ്ഞിട്ടാണു പ്രധാനമന്ത്രി സ്ഥലംവിട്ടതു്. ആ സന്ദർശനത്തി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ൻെറ പേരിൽ ഒരുപക്ഷേ, ലക്ഷക്കണക്കിനു രൂപ ചെല വാക്കേണ്ടിവന്നിരിക്കാം. എങ്കിലും അതൊരു നഷ്ടമല്ല. അതിൻെറ പച്ചയായ പ്രയോജനങ്ങളിൽപ്പെടും അവിടെ പെട്ടെന്നുണ്ടായ സജീവതയും പരിഷ്കരണങ്ങളും. ഇതിൻെറ പേരിലെങ്കിലും വെള്ളയും പെയിൻറും കാണാനുള്ള ഭാഗ്യം കുറേ കെട്ടിടങ്ങൾക്കുണ്ടായി. വഴിയും പരിസരവും നന്നായി. ദ്വീപുകളെപ്പററി യാതൊരറിവുമില്ലാതിരുന്ന ഞങ്ങളെപ്പോലുള്ള പലരും കുറേ കാര്യങ്ങൾ മനസ്സിലാക്കി. ഭിന്നിച്ചു കിടക്കുന്ന ദ്വീപിലെ ഒരേ ഒരു പാർട്ടിയായ കോൺഗ്രസ്, പ്രധാനമന്ത്രിയുടെ നിർദ്ദേശത്തിനു വഴങ്ങി ഒരുപക്ഷേ യോജിച്ചെന്നും വരാം, അത്രയും നന്ന്. 'ചെയ്തുമനൻറു നീ' എന്നു രാമചരിതകാരൻെറ ഭാഷയിൽ, ആ സന്ദർശനത്തോടായി നമുക്കു പറയാം. അതിൻെറ വിശദാംശങ്ങൾ മററദ്ധ്യായങ്ങളിൽ മനസ്സിലാക്കുകയും ചെയ്യാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കവരത്തി—ദ്വീപുകളുടെ തലസ്ഥാനം

കേരളത്തിനു പുറത്തുചെന്നുപെട്ടാൽ നമുക്കൊക്കെ അനുഭവപ്പെടുന്ന ദുഃഖകരമായ ഒരേകാകീഭാവമുണ്ട്. അവരുടെ ഭാഷ നമുക്കറിഞ്ഞുകൂടെന്നു വരിക—അവരുടെ ഭാഷയിലേ അവർ സംസാരിക്കൂ എന്നുംവരിക; അപ്പോഴാണു നാം ഒററപ്പെട്ട എന്ന ബോധം നമ്മെ കലശലായി ക്ലേശിപ്പിക്കുക. ഉത്തരേന്ത്യയിൽവെച്ച് ഇത്തരം ചില അനുഭവങ്ങാം എനിക്കുണ്ടായിട്ടുണ്ട്. ഹിന്ദി സംസാരിക്കുന്നതു കേട്ടാൽ മനസ്സിലാക്കാൻ പ്രയാസം. ഇംഗ്ളീഷറിയാമെങ്കിലും ഹിന്ദിയിലേ സംസാരിക്കൂ എന്നു തദ്ദേശീയക്കു നിർബന്ധവും! ഇമ്മാതിരി സന്ദർഭങ്ങളിൽ ഒരു കേരളീയനെ കണ്ടുമുട്ടുമ്പോഴുണ്ടാകുന്ന ആനന്ദം പറഞ്ഞറിയിക്കാവുന്നതല്ല. കേരളത്തിൽവെച്ചാണെങ്കിൽ കണ്ടാൽ മിണ്ടാതെ കടന്നുപോകുന്ന ഈ വിദ്വാൻ ഓടിയടുത്തെത്തി കൈതന്നു കുശലപ്രശ്നങ്ങളും കാപ്പികുടിക്കാൻ ക്ഷണവും നടത്തുന്നതു കാണുമ്പോറം ഹൃദയം സ്നേഹത്താലും ഭാഷാഭിമാനത്താലും കേരളീയ ബോധത്താലും നിറഞ്ഞു തുളുമ്പും.

ഏതാണ്ടിതേ അനുഭവമാണു കവരത്തിയിൽ എനിക്കുണ്ടായതു്. ലക്ഷദ്വീപുകളിലെ ഭാഷ മലയാളംതന്നെ ആകയാലും അന്നാട്ടുകാർ കേരളത്തിൽനിന്നു കുടിയേറിപ്പാർത്തവരുടെ സന്തതിപരമ്പരയിൽപ്പെട്ടവരാകയാലും ഈ അനുഭവം ഉണ്ടായിക്കൂടാത്തതാണു്. പക്ഷെ കൊച്ചിയിൽനിന്നു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കപ്പൽകയറിയപ്പോൾ മുതൽ 'ഒററപ്പെട്ടു' എന്ന ബോധം എന്നെ പീഡിപ്പിക്കാൻ തുടങ്ങിയിരുന്നു. അതിനൊരു പ്രധാനകാരണം കേരളത്തിലെ വിവരങ്ങൾ അറിയുന്നില്ല എന്നതാണ്. ഇവിടത്തെ മന്ത്രിസഭാകലഹം, (ഇ. എം. എസ്. മന്ത്രിസഭയുടെ ദിനങ്ങൾ എണ്ണപ്പെട്ടുകഴിഞ്ഞ കാലം) അടിപിടി, അക്രമം തുടങ്ങിയവയെ സംബന്ധിച്ച ചൂടേറിയ വാർത്തകളുമായി ഓരോ ദിവസവും രാവിലെ വന്നെത്തുന്ന ദിനപ്പത്രമാണു മിക്കപ്പോഴും എന്നെ ഉണർത്തുക. കപ്പലിലും അതിനുശേഷം ദ്വീപിലുമായതോടെ പത്രംകാണാനുള്ള ഭാഗ്യം നഷ്ടപ്പെടുകയും അതനുസരിച്ച് 'പത്രക്കൊതി' വർദ്ധിച്ചുവരികയുംചെയ്തു. ദക്ഷിണേന്ത്യവിട്ടാലത്തെ സ്ഥിതിയും മറെറാന്നല്ല. മലയാള പത്രങ്ങളോ ആഴ്ചപ്പതിപ്പുകളോ ചൂടാറാതെ കിട്ടില്ലെന്നുമാത്രമല്ല, കേരളത്തെ സംബന്ധിച്ച വിശദമായ വിവരങ്ങളും അറിയാൻ പ്രയാസം.

ദ്വീപിലെ ജനത സ്നേഹസമ്പന്നരും സല്ക്കാരപ്രിയരുമൊക്കെയാണെങ്കിലും കരയിൽനിന്നുചെല്ലുന്നവരോട് അവർ പുലർത്തുന്ന ചെറിയൊരകലം ഈ ഏകാകിഭാവത്തിനു പറയാവുന്ന മറെറാരു കാരണമാണ്. ഒരുപക്ഷേ ഈ അകൽച്ച കരയിൽനിന്നുചെന്നവർതന്നെ ക്രമത്തിൽ വളർത്തിയെടുത്തതാവാം. കാരണക്കാർ ആരായാലും ഇങ്ങനെയൊന്ന് എനിക്കനുഭവപ്പെട്ടു എന്നുമാത്രം. പക്ഷേ, ഈ അകൽച്ച പീഡിപ്പിക്കാൻമാത്രം അനുഭവപ്പെട്ടില്ല. കാരണം ഞങ്ങളുടെ സംഘത്തിലുണ്ടായിരുന്ന ചിലർ എൻെറകൂടെ തന്നെ താമസമാക്കിയിരുന്നു.

ഏകാന്തത്തടവ്

സമുദ്രത്താൽ ചുററപ്പെട്ട് ഏകാന്തത്തടവിലെന്നോണം ഓരോ ദ്വീപും കഴിയുന്നു എന്നതാവാം മുൻപറഞ്ഞ ഏകാകിഭാവത്തിന് അബോധമായി വർത്തിച്ച ഒരു കാരണം. എങ്ങനെയും, കേരളീയരായ കുറേപ്പേരെ കവരത്തിയിലെ സെക്രട്ടറിയേററിലും മററും കണ്ടെത്തിയതോടെ പ്രസ്തുത ശോകഭാവം തീരെ ഇല്ലാതാവുകയും ഐക്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബോധത്താൽ ഉദയം ചെയ്യുന്ന ബലം വന്നുചേരുകയും ചെയ്തു. അല്ലായിരുന്നെങ്കിൽ, കവറത്തിയിലെത്തി ഊണും ഉറക്കവും കഴിഞ്ഞു ഞങ്ങളുടെ പ്രവർത്തനസ്ഥലങ്ങൾ മനസ്സിലാക്കാൻ പുറത്തേക്കിറങ്ങിയ എ. ഐ. ആറിലെ ശ്രീ ശങ്കരൻകുട്ടിയേയും എന്നേയും മലയാളമോ ഇംഗ്ലീഷോ അറിഞ്ഞുകൂടാത്ത സെൻട്രൽ പോലീസുകാർ തടയുകയും ഹിന്ദിയിൽ ചീത്തപറയുകയും ചെയ്തപ്പോൾ അതേ രീതിയിൽ തിരിച്ചടിക്കുവാൻ ഞങ്ങൾക്കു കഴിയുമായിരുന്നില്ല! പ്രധാനമന്ത്രി പ്രസംഗിക്കുന്ന സ്ഥലം മനസ്സിലാക്കാൻ ഞാനും പ്രസംഗം ടേപ്പുറെക്കാർഡുചെയ്യാൻ പററിയൊരിടം കണ്ടുപിടിക്കാൻ ശ്രീ. ശങ്കരൻകുട്ടിയും പോകുമ്പോഴാണിതുണ്ടായതു്. പിറേറന്നു പ്രധാനമന്ത്രി ജീപ്പിൽ സഞ്ചരിക്കേണ്ടതും തോരണങ്ങളും കമനാങ്ങളും കെട്ടി അലങ്കരിരിച്ചുകൊണ്ടിരിക്കുന്നതുമായ പൊതുനിരത്തുമാത്രമേ ഞങ്ങൾക്കറിയാവൂ. ആ വഴിക്കു് അപ്പോഴൊരു പോലീസ് ഡി. വൈ. എസ്. പി. യോ മറേറാ ജീപ്പിൽ വരികയാൽ ഞങ്ങൾ വേറെവഴി കണ്ടുപിടിച്ചുപൊയ്ക്കൊള്ളണമെന്നായി പോലീസുകാർ. ഞങ്ങൾ ഔദ്യോഗികകൃത്യത്തിനു വന്നവരാണെന്നും വേറെ വഴിയറിയില്ലെന്നും പറഞ്ഞിട്ടു കേൾക്കാനോ മനസ്സിലാക്കാനോ അവർ തയ്യാറല്ല. കുറേ നേരമായി വഴിമുടക്കിക്കൊണ്ടു് അവരങ്ങനെ നില്ക്കുന്നു. സഹികെട്ടപ്പോൾ രണ്ടും കല്പിച്ചു വഴിയുടെ നടുവിലൂടെ മുണ്ടുംമടക്കിയുടുത്തു ഞങ്ങൾ നടക്കുവാൻ തുടങ്ങി. ക്ഷുഭിതരും അപമാനിതരും ദുഃഖിതരുമായ പോലീസുകാർ ഞങ്ങളുടെ മുമ്പിൽ ചാടിവീണു. ഞങ്ങളുടെ യഥാർത്ഥനിലയെന്താണെന്നറിയായ്കയാൽ തൊടാൻ ഭയം. ഞങ്ങൾ വീണ്ടും നടക്കാൻതുടങ്ങി. അതിനിടെ പോലീസുസൂപ്രണ്ടിന്റെ ജീപ്പു കടന്നുപോവുകയും ഒരു പാവം പോലീസുകാരൻ കണ്ണുമിടറി കരയുംമട്ടിൽ എന്തോ ഉരച്ചുകൊണ്ടു ഞങ്ങളെ കുറേനേരം പിന്തുടരുകയും ചെയ്തു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആദ്യരാത്രി

ദ്വീപിലെ ആദ്യത്തെരാത്രിയാണത്. ഏഴരമണിയായ തോടെ ശങ്കരൻകുട്ടിയും ഞാനും അത്താഴമുണ്ണാനായി സഹ കരണസംഘംവക കാൻറീനിലെത്തി. മറെറാരിടത്തു താമ സമാക്കിയിരുന്ന മനോരമയിലെ ശ്രീ അബൂബേക്കറും ശ്രീ അരവിന്ദാക്ഷനും അവിടെ എത്തിയിരുന്നു. ഊണിന് 60 പൈസയേ ചാർജ്ജുള്ളു എന്നു ഞങ്ങൾ നടക്കത്തോടെ മനസ്സിലാക്കി. കേരളത്തിൽ അതിൻെറ ഇരട്ടി പൈസ കൊടുത്താലും അത്ര തൃപ്തിയോടെ ഉണ്ടിട്ടു പോകാനാവി ല്ല—കേരളത്തിൽനിന്നുകൊണ്ടുപോകുന്ന അരിയും മററു സാധനങ്ങളും അങ്ങകലെ പകുതി ചാർജിനു വെച്ചുവിള മ്പിക്കിട്ടുക! കറികൾ കുറവും സ്പെഷ്യലെന്നു പറയാൻ ടി ന്നിലടച്ചുകൊണ്ടുവരികയാൽ അരുചി തോന്നിക്കുന്ന തൈ രും ആയിരുന്നെങ്കിലെന്ത്, ഊണു നന്നേ തൃപ്തികരമായ നുഭവപ്പെട്ടു. പക്ഷേ പിറേറന്നു രാവിലെ അതേ കാൻറീ നിൽ ഒരു സാധാരണ നേന്ത്രപ്പഴത്തിനു 45 പൈസ ചാർ ജ്ജുചെയ്തപ്പോൾ അത്ഭുതം വീണ്ടും ഞങ്ങളുടെ സഹായത്തി നെത്തി. അതേസമയം അടുത്തുതന്നെയുള്ള സഹകരണ സ്റ്റോറിൽ 22 പൈസയേ നേന്ത്രപ്പഴത്തിനു വിലയുള്ളു വത്രെ! ഈ വ്യത്യാസം കാൻറീനും സ്റ്റോറും തമ്മിലുള്ള തായിരിക്കാം.

പ്രസംഗ തർജമ

പ്രധാനമന്ത്രിയുടെ സന്ദർശനത്തെപ്പററി അറിഞ്ഞതു മുതൽ ദ്വീപുകളിൽ പൊതുവേയും കവരത്തിയിൽ വിശേ ഷിച്ചും ഒരുത്സവപ്രതീതിയാണുണ്ടായിരുന്നത്. ചരിത്ര ത്തിലാദ്യമായി ദ്വീപ്, ഇന്ത്യൻപ്രധാനമന്ത്രിയെ കാ ണാൻപോവുകയാണ്; പ്രധാനമന്ത്രിയെ മാത്രമല്ല അവർ വന്നിറങ്ങുന്ന ഹെലികോപ്ടറും! കവരത്തിയിലെ പ്രധാ നപ്പെട്ട കെട്ടിടങ്ങളുടെ അങ്കണവും നിരത്തുകളും വെള്ള മണൽ വിരിച്ചും കമാനങ്ങളും തോരണങ്ങളും കെട്ടിയും അലങ്കരിച്ചുകഴിഞ്ഞു. ഈ കൃത്യങ്ങളിലേർപ്പെട്ട് 9-ാം തീ യതി രാത്രി തീർത്തും ഉറങ്ങാൻ കഴിയാഞ്ഞവരും ഉണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പത്താംതീയതി രാവിലെ 8മണിക്കു കവറത്തി ഹയർ സെക്കണ്ടറി സ്കൂൾ അങ്കണത്തിലാണു ഹെലികോപ്റ്ററർ വന്നിറങ്ങുക. പൊടിപറക്കാതിരിക്കാനായി അവിടം നല്ല പോലെ തല്ലി ഉറപ്പിച്ചിട്ടിരുന്നു. ഏഴുമണിയായപ്പോൾ മുതൽ ആളുകൾ ഗ്രൗണ്ടിനടുത്തേക്കു പ്രവഹിച്ചുകൊണ്ടിരുന്നു. ഏഴരമണിയായപ്പോൾ ആദ്യത്തെ ഹെലികോപ്റ്ററർ ഗ്രൗണ്ടിലിറങ്ങി. അതിൽ കേന്ദ്ര ഡപ്യൂട്ടിമന്ത്രി ശ്രീമതി നന്ദിനി സത്പതിയും ചില ഉദ്യോഗസ്ഥന്മാരുമാണുണ്ടായിരുന്നതു്. പല പ്രധാനപ്പെട്ട വ്യക്തികളേയും പ്രവഹിച്ചുകൊണ്ടു ഹെലികോപ്ടറുകൾ വീണ്ടും വരികയും പോവുകയും ചെയ്തു. കൃത്യം 8മണിക്കു പ്രധാനമന്ത്രി ഗ്രൗണ്ടിലിറങ്ങുമ്പോൾ ചുററുംതടിച്ചുകൂടിയിരുന്ന ജനം ഹർഷാരവത്താലും ജയ്‌വിളികളാലും അന്തരീക്ഷത്തെ അക്ഷരാർത്ഥത്തിൽതന്നെ മുഖരിതമാക്കി. ഇളനീരും ബൊക്കെകളും ഹാരങ്ങളും നല്കി ദ്വീപുകാർ അവരെ സ്വീകരിച്ചു. പ്രധാനമന്ത്രിയുടെ ആദ്യത്തെ പരിപാടി, ദ്വീപുകളിൽ അത്തരത്തിലുള്ള ഏകസ്ഥാപനമായ കവറത്തി ഹയർസെക്കണ്ടറിസ്കൂൾ സന്ദർശനവും അവിടത്തെ കുട്ടികളെ അഭിസംബോധനചെയ്യലുമാണു്. എനിക്കു തർജ്ജമ ചെയ്യാനുണ്ടായിരുന്ന പ്രസംഗങ്ങൾ ബോട്ടുജട്ടിക്കടുത്തുള്ള പൊതുസമ്മേളനത്തിലേതും മഹിളാസമാജത്തിലേതുമാകയാൽ ഞാനങ്ങോട്ടു തിരിച്ചു. ഒമ്പതരമണിയോടുകൂടി സ്കൂളിലെ പരിപാടിം തീർത്തിട്ടു്, ശ്രീമതി ഗാന്ധി പൊതുസമ്മേളനസ്ഥലത്തെത്തി. തവിട്ടുനിറത്തിലുള്ള ഖദർ വസ്ത്രങ്ങളിഞ്ഞു് (ദ്വീപിലെ സ്ത്രീകളുടെമാതിരി കൈ നീളമുള്ള ബ്ളൗസ് അണിഞ്ഞിരുന്നു.) പ്രസംഗവേദനയിലെത്തിയ പ്രധാനമന്ത്രിയെ ജനങ്ങൾ ജയ്‌വിളികളോടെ എഴുന്നേററുനിന്നു സ്വീകരിച്ചു. ദ്വീപ് എം. പി. മലയാളത്തിൽ നടത്തിയ സ്വാഗതപ്രസംഗമായിരുന്നു ആദ്യം. ഒന്നാമത്തെ അനുഭവമാകയാൽ കുറഞ്ഞൊരു പരിഭ്രമത്തോടും ക്ളേശിച്ചുണ്ടാക്കിയ മനസ്സാന്നിദ്ധ്യത്തോടുംകൂടി തർജ്ജമക്കു തയാറായി ഞാൻ പ്ലാററുഫോമിൽത്തന്നെ നില്പുണ്ടു്. പ്രധാനമന്ത്രിയുടെ അംഗരക്ഷക ഗണത്തിൽപെട്ട

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒരുയന്ന നാവികോദ്യോഗസ്ഥൻ എന്നെ വിളിച്ചു പ്രധാനമന്ത്രിയുടെ അടുത്ത കസേരയിലിരുത്തി. എം. പി. യുടെ മലയാളപ്രസംഗം ഇംഗ്ലീഷിൽ വ്യാഖ്യാനിച്ചുകൊടുക്കാനായിരുന്നു അതു്. സാമാന്യം തൃപ്തികരമായി ആ കൃത്യം നിറവേററാൻ കഴിഞ്ഞതോടെ, എനിക്കു തൻറേടമായി. എന്നാൽ പ്രധാനമന്ത്രിയുടെ മുക്കാൽ മണിക്കൂറോളം നീണ്ടുനിന്ന പൊതുസമ്മേളനത്തിലെ ഇംഗ്ലീഷ് പ്രസംഗത്തോടു് അത്രതന്നെ നീതികാണിക്കാൻ എനിക്കു കഴിഞ്ഞില്ല. പക്ഷേ ആ ഒന്നാമത്തെ അനുഭവം തർജ്ജമയെ സംബന്ധിക്കുന്ന പല കാര്യങ്ങളും എന്നെ പഠിപ്പിച്ചു. പ്രധാനമന്ത്രി കുറേ പ്രസംഗിച്ചുകഴിഞ്ഞിട്ടു് അതിൻെറ ചുരുക്കം മലയാളത്തിൽ പറഞ്ഞാൽ മതിയാവുമെന്നായിരുന്നു എനിക്കു കിട്ടിയ നിർദ്ദേശം. അതായിരിക്കും എളുപ്പമെന്നു ഞാൻ ധരിച്ചുവശാവുകയുംചെയ്തു. കുറേ പറഞ്ഞുകഴിഞ്ഞിട്ടു പരിഭാഷപ്പെടുത്താൻ തുനിഞ്ഞപ്പോൾ ആദ്യമാദ്യം പറഞ്ഞതു മറക്കുകയായിരുന്നു ഫലം. എന്നാൽ ഒരു മണിക്കൂർ കഴിഞ്ഞു മഹിളാസമാജത്തിൽ പ്രധാനമന്ത്രി ചെയ്ത പ്രസംഗം ഓരോ വാക്യവും തീരുമ്പോൾ തർജമചെയ്യാൻ മുതിന്നതോടെ കാര്യം എളുപ്പമായെന്നു മാത്രമല്ല പ്രസംഗത്തോടു നീതി പ്രവർത്തിക്കാനും കഴിഞ്ഞു. തർജമക്കാരനെ സഹാനുഭൂതിയോടും സ്നേഹത്തോടുംകൂടി വീക്ഷിക്കുന്ന സ്വഭാവമാണു ശ്രീമതി ഗാന്ധി പ്രകടിപ്പിച്ചതെന്നും എടുത്തു പറയേണ്ടതുണ്ടു്.

കവരത്തിയലെ ഫിഷറീസ് കേന്ദ്രം സന്ദർശിക്കയും ബോട്ടിൽ അല്പം ഉല്ലാസയാത്ര നടത്തുകയും ലഘുഭക്ഷണം കഴിക്കയും ചെയ്തിട്ടാണു മഹിളാസമാജത്തിലെ പരിപാടിക്കു പ്രധാനമന്ത്രി വന്നതു്. മൂന്നുനാലുമണിക്കൂർ നേരത്തെ തുടർച്ചയായ പരിപാടികൾമൂലം അവർ ക്ഷീണിതയായി കാണപ്പെട്ടു. ഇടയ്ക്കു് ആകസ്മികമായി ഒരു കടിൽ സന്ദർശിച്ച ശ്രീമതി ഗാന്ധിയെപ്പററി, അവിടെയുണ്ടായിരുന്ന വൃദ്ധ ആശ്ചര്യപ്പെട്ടു. 'ഇതാണോ പ്രധാനമന്ത്രി? ഒരാഴ്ച പട്ടിണികിടന്നപോലുണ്ടല്ലോ!' എന്നു്. സെക്രട്ടറിയേററിൽവച്ചു നാട്ടുകാരുടെ ചില നിവേദനങ്ങൾകൂടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കേട്ടശേഷം നാലരമണിക്കൂർനേരത്തെ തുടർച്ചയായ പരിപാടികഠം വിജയപൂർവം പര്യവസാനിപ്പിച്ചുകൊണ്ടു് പന്ത്രണ്ടരമണിയോടുകൂടി ശ്രീമതി ഗാന്ധി കപ്പലിലേയ്ക്കും, അവരെ വഹിച്ചുകൊണ്ടു കപ്പൽ അമിനിയിലേക്കും യാത്രയായി.

'പിരിയേണമരങ്ങിൽ നിന്നുടൻ

ശരിയായിക്കളി തീർന്ന നട്ടുവൻ' എന്നാണു പ്രമാണം. 'കളി' ശരിയായാലുമില്ലെങ്കിലും ഞങ്ങഠംക്കിനി അവിടെ താമസിച്ചിട്ടു കാര്യമില്ല. 4 മണിക്കു 'കപ്പൽ പ്രവേശ' മാണെന്നു നിർദ്ദേശം കിട്ടി. ഉച്ചയൂണും ചെറിയൊരുറക്കവും പാസ്സാക്കിയിട്ടു ഞങ്ങഠം ഭാണ്ഡം മുറുക്കി. അടുത്ത പരിപാടി കല്പേനിയിലാണു്. അവിടെ 12–ാം തീയതി രാവിലെയേ പ്രധാനമന്ത്രി എത്തിച്ചേരൂ. അതിനിടയ്ക്കുള്ള മൂന്നു ദ്വീപുകളിലെ പരിപാടിക്കു വേറേ ആളുകളുണ്ടു്. ഇത്തവണ കിട്ടിയ കപ്പൽ 'ലക്ഷദ്വീപ്'' ആണു്— രാജലക്ഷ്മിയേക്കാഠം ചെറുതും എന്നാൽ 'പാസ്സഞ്ചർഷിപ്പാ'കയാൽ സൗകര്യങ്ങഠം കൂടിയതുമായ കപ്പൽ. വൈകിട്ടു് 5 മണിക്കു കവറത്തിയോടു വിടപറഞ്ഞു ബോട്ടുമാർഗം ഞങ്ങഠം കപ്പലിനടുത്തേക്കു കുതിച്ചു.

മദ്ധ്യസ്ഥിതമായ കവറത്തി

കവറത്തി ദ്വീപിനെപ്പററി ചില വിവരങ്ങഠം ഇവിടെത്തന്നെ പറഞ്ഞുവെയ്ക്കാം. കവറത്തിക്കു ദ്വീപുകളുടെ തലസ്ഥാനമാവാനുള്ള ഭാഗ്യം മദ്ധ്യസ്ഥിതമാണെന്ന ഒററക്കാരണത്താൽ കൈവന്നതാണു്. കേരളത്തിന്റെ ഒരററം മുതൽ മറേറ അററംവരെ കടലിൽ പലയിടത്തായി ചിതറിക്കിടക്കുന്ന ഈ ദ്വീപുകളുടെ തലസ്ഥാനം, നമ്മുടെ നാട്ടിലെ യുക്തിയനുസരിച്ചാണെങ്കിൽ തെക്കേ അററത്തു്, ഏതാണ്ടു തിരുവനന്തപുരത്തിനുനേർക്കായി കിടക്കുന്ന മിനിക്കോയി ആവേണ്ടതാണു്. തിരുവനന്തപുരത്തെപ്പോലെ കൂടുതൽ സൗകര്യങ്ങളും വിദ്യാസമ്പന്നരുടെ ആധിക്യവും മുന്തിയ രാഷ്ട്രീയബോധവുമെല്ലാം അവിടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യുണ്ട്. എന്നിട്ടും നമ്മുടെ നാട്ടുകാരോളം ബുദ്ധിയില്ലാഞ്ഞിട്ടാവാം, കേരളത്തെപ്പോലെതന്നെ പത്തഞ്ഞൂറുമൈൽ നീളത്തിൽ ചിതറിക്കിടക്കുന്ന ആ പ്രദേശങ്ങളുടെ തലസ്ഥാനം തെക്കേ അററത്തെ ദ്വീപിലാക്കാൻ അന്നാട്ടുകാർ സത്യാഗ്രഹമോ സമരമോ ഒന്നും നടത്തിയില്ല! ജനസംഖ്യയുടെ ആധിക്യവും കരയോടുള്ള അടുപ്പവും വെച്ചാണെങ്കിൽ ആ ഭാഗ്യം ആന്ത്രോത്തിനു ലഭിക്കേണ്ടതാണ്. അതും സംഭവിച്ചില്ല. ഏകദേശം എറണാകുളത്തിനു പടിഞ്ഞാറായി മുന്നൂറിൽപരം കിലോമീററകലെ, ആഫ്രിക്ക, മിനിയേച്ചർ രൂപത്തിൽ നീളംവെപ്പിച്ചെടുത്ത പോലെ, കിടക്കുന്ന ആ മൂന്നര ച. കിലോമീററർ വലിപ്പമുള്ള ദ്വീപിനാണു പ്രസ്തുത മഹാഭാഗ്യം കൈവന്നതു്. 1961 ലെ കാനേഷുമാരി കണക്കനുസരിച്ച് 2828 ആളുകളാം അവിടെ പാർക്കുന്നു. ഒരു ഹയർ സെക്കണ്ടറി സ്കൂളും ഒരു സീനിയർബേസിക് സ്കൂളും ഒരു ജൂനിയർ ബേസിക് സ്കൂളും ഒരു നെഴ്സറി സ്കൂളുമുള്ള ഈ അനുഗൃഹീത ദ്വീപിൽ സാക്ഷരത്വം 16 ശതമാനം മാത്രമാകുന്നു! അടുത്തു തന്നെ അവിടെ ഒരു ജൂനിയർ കോളേജുകൂടി ഉണ്ടായേക്കാം.*

മററു ദ്വീപുകളെപ്പോലെ പ്രകൃതിരമണീയവും തെങ്ങുകളാം നിറഞ്ഞതും പടിഞ്ഞാറുഭാഗത്തു പവിഴപ്പാറയുള്ളതു (Lagoon)മായ ഈ ദ്വീപിൽ മററു മിക്ക ദ്വീപുകളിൽ നിന്നും വ്യത്യസ്തമായി നല്ലൊരു ബോട്ടുജെട്ടിയുണ്ട്. ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻെറ സെക്രട്ടറിയേററ് 1964 ലാണ് ഡാ. സക്കീർ ഹുസൈൻ ഇവിടെ ഉദ്ഘാടനം ചെയ്തതു്. അതിനോളം വലിപ്പമില്ലെങ്കിലും അതുപോലെ മനോഹരമായ വേറേ പല ഗവണ്മെൻറു കെട്ടിടങ്ങളും കവരത്തിയിലുണ്ട്. സെക്രട്ടറിയേററിലും സ്കൂളിലും മററുമായി ജോലിചെയ്യുന്ന കരയിൽനിന്നുള്ള ധാരാളം ഉദ്യോഗസ്ഥന്മാർ ഇവിടെയുണ്ട്. അവരെല്ലാം ഗവണ്മെൻറു വക ഫ്രീക്വാർട്ടേഴ്സിലാണു താമസിക്കുന്നതു്.

---

* ജൂനിയർ കോളജ് തുടങ്ങിക്കഴിഞ്ഞു. ജനസംഖ്യയും സാക്ഷരത്വവും കൂടിയിട്ടുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്വീപിൽ ജോലിക്കുചെല്ലുന്നവർക്കു പ്രത്യേക അലവൻസും സൗജന്യമായ താമസസ്ഥലവും നല്കുന്നുണ്ട്.

കൊത്തുപണികൾകൊണ്ടു മനോഹരവും പഴക്കം ചെന്നതുമായ ഒന്നിലേറെ മുസ്ലീം ദേവാലയങ്ങൾ ഈ ദ്വീപിലുണ്ട്. ഗവൺമെൻറു പണംമുടക്കിയുണ്ടാക്കിയിട്ടുള്ള കെട്ടിടങ്ങളെല്ലാം വൃത്തിയും ഉറപ്പുമുള്ളതാണ്. മററുള്ളവ മറിച്ചും. സെക്രട്ടറിയേററിൻെറ പ്രവേശനഭാഗം ഗാന്ധിജിയുടെയും നെഹ്റുവിൻെറയും മററും പടങ്ങൾവച്ച് അലങ്കരിച്ചിരിക്കുന്നു. സെക്രട്ടറിയേററും സ്കൂളും കാൻറീനും അടുത്തടുത്താണ്. എന്നാൽ അതിഥികൾക്കു താമസിക്കാനുള്ള ഡാക്ബംഗ്ലാവ്, സഹകരണസംഘം സ്റ്റോർ എന്നിവ കുറച്ചുകലെ ബോട്ടുജട്ടിക്കു സമീപമാണ്.

ഒരു ദിവസം (9–10–'69) ഉച്ചയ്ക്കുചെന്ന്, അടുത്ത ദിവസം വൈകിട്ടു യാത്രപറഞ്ഞുപിരിഞ്ഞെങ്കിലും ആ ദ്വീപുമായി ഒരു സുഹൃദ്ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞു എന്ന ബോധം എന്നെ സന്തുഷ്ടനാക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൽപേനി—
കാൽപനിക സൗന്ദര്യത്തിൻെറ നാട്ട്

ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻവക കപ്പലാണ് 'എം. വി. ലക്കഡീവ്'. പാസ്സഞ്ചർഷിപ്പാകയാൽ ഒരു ചെറിയസംഘം യാത്രക്കാർക്കുവേണ്ട എല്ലാ സൗകര്യങ്ങളും അതിലുണ്ട്. ഫസ്റ്റ്ക്ലാസ്സ് യാത്രക്കാർക്കുവേണ്ടി കാബിനും ഓർഡിനറി യാത്രക്കാർക്കായി മഴയോ വെയിലോ കൊള്ളാതെ കഴിയാൻപററിയ സജ്ജീകരണങ്ങളും അതിലൊരുക്കിയിട്ടുണ്ട്. ചെറിയ കപ്പലാകയാൽ എല്ലാം ചുരുങ്ങിയ തോതിലാണെന്നുമാത്രം. കൂടെക്കൂടെ കേടുപാടുകരം തീർത്തും പെയിൻറു ചെയ്തും ഭംഗിയായി സൂക്ഷിക്കുന്ന ഈ കപ്പൽ 'രാജലക്ഷ്മി'യിൽനിന്നു പലതുകൊണ്ടും വ്യത്യസ്തമാണ്. 'സൗകര്യമൊക്കെയുണ്ടെങ്കിലും ജോലിക്കാരുടെ പെരുമാററം മോശമാണെ'ന്ന് ഈ കപ്പലിനെപ്പററി ആരോ അഭിപ്രായപ്പെട്ടതു് എൻെറ ഓർമ്മയിലുണ്ടായിരുന്നു. കവരത്തിയിൽനിന്നു കല്പേനിയിലേക്കുള്ള ഈ ചെറിയ യാത്രയിൽ മറിച്ചൊരനുഭവമാണ് എനിക്കുണ്ടായതെന്നു തുറന്നുപറഞ്ഞുകൊള്ളട്ടെ. 'രാജലക്ഷ്മി'യിലേക്കാരം നല്ല ഭക്ഷണവും സൗകര്യങ്ങളും! ഞങ്ങളെല്ലാം തികച്ചും സംതൃപ്തരായിരുന്നു.

ഒരു കാബിനിൽ നാലുപേർക്കുള്ള സൗകര്യങ്ങളുണ്ട്. അങ്ങനെ മൂന്നോ നാലോ കാബിൻ യാത്രക്കാർക്കായി ഇതിലൊരുക്കിയിരിക്കുന്നു. ഞാനും ശങ്കരൻകുട്ടിയും ദ്വീപിലെ എഡ്യൂക്കേഷനൽ ഓഫീസർ, അഗ്രിക്കൾച്ചറൽ ഓഫീസർ എന്നീ ഉയർന്ന ഉദ്യോഗസ്ഥന്മാരും ഒന്നിച്ചുകൂടി. കപ്പലിനകത്തെ പ്രത്യേകഗന്ധവും കപ്പലിൻെറ അനുപമമായ ഇളക്കവും ചേർന്ന് ഏതൊരാളെയും കിടക്കാനും ഉറങ്ങാനുമായിരിക്കും അധികവും പ്രേരിപ്പിക്കുക. സന്ധ്യയാകുന്നതുവരെ ഞങ്ങരം മുകരംപ്പരപ്പിൽ (open air) കഴിച്ചുകൂട്ടി. കവരത്തിയിലേക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പോകുമ്പോൾ ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നതു് ഇപ്പോഴത്തെ എം. പി. ശ്രീ സെയ്ദ് ആയിരുന്നെങ്കിൽ ഈ മടക്കയാത്രയിൽ ഞങ്ങളോടൊപ്പം കൂടിയതു മുൻ എം. പി. ശ്രീ നല്ലകോയയാണു്. ശ്രീ സെയ്ദിനെ അപേക്ഷിച്ചു പ്രായവും വലിപ്പവുമുള്ള ഇദ്ദേഹത്തെ കാണുമ്പോഴേ, കോൺഗ്രസുകാരനാണെന്നു തോന്നും. ശ്രീ. സെയ്ദിനു ഖദർപാൻറും ചിലപ്പോൾ ടെർലിൻ സ്ലാക്കും താടിവടിക്കാത്ത മുഖവുമാണുള്ളതെങ്കിൽ ശ്രീ നല്ലകോയയ്ക്കു ഖദർമുണ്ടും ഖദർ ജൂബയും 'ക്ലീൻഷേവു' ചെയ്ത മുഖവുമാണുള്ളതു്. ഇന്ദിരാഗ്രൂപ്പിൽപ്പെട്ടവരും ബന്ധുക്കളുമായ ഈ രണ്ടു കോൺഗ്രസ്സുകാരും ദ്വീപിലെ വിരുദ്ധഗ്രൂപ്പുകളുടെ നേതാക്കളാണെന്നതു നല്ലൊരു നേരമ്പോക്കുതന്നെ. ആന്ത്രോത്തിൽചെന്നിട്ടാണു കപ്പൽ കല്പേനിയിലേക്കു പോവുക. തൻമൂലം ആന്ത്രോത്തിലേക്കു പോകാനുള്ള മററനവധിപേരുടെകൂടെ ശ്രീ കോയയും കപ്പലിൽ കയറിയതാണു്.

കപ്പൽ യാത്രയാകുന്നതിനു കുറേ മണിക്കൂറുകൾ മുമ്പായിരിക്കും എംബാർക്കേഷൻ. ഞങ്ങൾ അഞ്ചു മണിക്കു കപ്പലിൽ കടന്നുകൂടിയതാണെങ്കിലും രാത്രി 12 മണിക്കേ യാത്രയാരംഭിക്കൂ. രാവിലെ ആന്ത്രോത്തിലെത്താൻ അപ്പോഴേ യാത്ര തുടങ്ങേണ്ടു. 7–30 മണിയോടുകൂടി സുഭിക്ഷമായ അത്താഴം കിട്ടി. അതു കഴിച്ചിട്ടു ഞങ്ങളിൽ പലരും കിടക്കയെ ശരണം പ്രാപിച്ചു. ശ്രീ നല്ലകോയയും ഞങ്ങളുടെ കാബിനിലാണു കിടന്നതു്. (അല്പം ഞെരുങ്ങിയാൽ അഞ്ചു പേർക്കു് ഒരു കാബിനിൽ കഴിയാം.) അദ്ദേഹത്തിനു രാവിലെ ആന്ത്രോത്തിലിറങ്ങേണ്ടിയിരുന്നതിനാൽ നാലു മണി കഴിഞ്ഞപ്പോഴേ ഉറക്കമുണർന്നു കുളിയും മററു പ്രഭാതകൃത്യങ്ങളും കഴിച്ചു. നേരത്തെ ഉറങ്ങാൻ കിടന്നതുകൊണ്ടും മുറിയിൽ പ്രകാശം പരന്നതുകൊണ്ടും ഞാനും ഉണർന്നെണീററു പുറത്തേക്കുവന്നു. കാബിൻ താഴത്തെ നിലയിലാകയാൽ സമുദ്രവും ചുററുപാടും കാണണമെങ്കിൽ മുകളിലെത്തണം. നേരത്തെ ഉണർന്നിരുന്ന ചിലർ, വെള്ളവീശിത്തുടങ്ങിയതും ചന്ദ്രി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാചർച്ചിതാവുമായ ആ പ്രഭാതത്തിൽ, അങ്ങകലെ നീലജലത്തിന്മേലൊരു നീലപ്പൊട്ടുപോലെ അവ്യക്തമായി കാണപ്പെട്ട ആന്ത്രോത്തുദ്വീപിനെ എനിക്കു ചൂണ്ടിത്തന്നു.

കൃത്യം ആറു മണിക്കു കപ്പൽ ആന്ത്രോത്തിലടുത്തു. നങ്കൂരമിടാതെതന്നെ ആളുകളേയും സാധനങ്ങളും ഇറക്കിയിട്ട് ഒരു മണിക്കൂറിനകം കപ്പൽ കല്പേനിക്കു യാത്രയായി. പകൽ ഒരു മണിയോടുകൂടി കപ്പൽ കല്പേനിയെ സമീപിച്ചു. പക്ഷേ അവിടെനിന്നു മുക്കാൽമണിക്കൂർ ബോട്ടിൽ സഞ്ചരിച്ചാലേ കരയ്ക്കിറങ്ങാനാവൂ—അത്ര വിസ്താരത്തിൽ കിടക്കുന്നു കല്പേനിക്കു സംരക്ഷണം നല്കുന്ന പവിഴപ്പാറ (Lagoon). ഒരു ബോട്ടുജെട്ടിയില്ലാത്തതുകൊണ്ടു കുറച്ചിട വെള്ളത്തിലിറങ്ങി നീന്തിയിട്ടുവേണം വെൺമണൽ നിറഞ്ഞ കടൽക്കരയിലെത്താൻ. ഷൂസും സോക്സുമൂരി, പാൻറു പരിച്ചുകയററിക്കൊണ്ടുള്ള ആ കണ്ടകാകീർണ്ണമായ ജലത്തിലെ പദയാത്ര എന്നെ വിഷമിപ്പിക്കുകതന്നെ ചെയ്തു—സ്വർഗത്തിലേക്കുള്ള വഴി കല്ലു—മുള്ളുകളും നിറഞ്ഞതും ദുർഘടം പിടിച്ചതുമാകുന്നു! അതേ, ലക്ഷദ്വീപുകളുടെ സ്വർഗമാണു കല്പേനി; അതിൻെറ മനോഹാരിതയും ഫലപുഷ്ടിയും വിഭവസമൃദ്ധിയും കൊണ്ടു്. കാല്പനികസൗന്ദര്യത്തിൻെറ നാടാണതു് തെങ്ങിനു പുറമേ വാഴയും കവുങ്ങും ചേനയും ചീരയും മററും തിങ്ങിവളരുന്ന നല്ല കറുത്ത മണ്ണാണിവിടെയുള്ളതു്. വൈക്കം താലൂക്കിലെ വടയാർപ്രദേശംപോലെ ഫലപുഷ്ടവും ജനനിബിഡവുമാണാദ്വീപു്. വടയാറൻ കള്ളുപോലെ നല്ല കള്ളും അവിടെ സുലഭമാകുന്നു. അകലെ നിന്നു കണ്ടപ്പോഴേ അതിൻെറ ഹരിതാഭ ഹൃദയത്തെ വശീകരിച്ചതാണു്. അടുത്തെത്തിയപ്പോൾ ആ വശ്യത കൂടിയതല്ലാതെ ഒട്ടും കുറഞ്ഞില്ല. അകലെനിന്നു കാണുമ്പോൾ നന്നായി തോന്നുന്ന പലതും അടുക്കുമ്പോൾ മറിച്ചാണനുഭവപ്പെടുക. കല്പേനി അതിനൊരപവാദമാണു്. കാലാവസ്ഥപോലും കവറത്തിയിലെക്കാൾ ചൂടു കുറഞ്ഞു നന്നായി തോന്നി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കല്പേനിയിലെ ആളുകൾ

ജനങ്ങൾ മററു ദ്വീപുകളിലെപ്പോലെതന്നെ പാവപ്പെട്ടവരും സത്യസന്ധരും സരളശീലരുമാണ്. സ്ത്രീകളേക്കാൾ കൂടുതൽ പുരുഷന്മാരാണുള്ളതെങ്കിലും (സ്ത്രീകൾ 1289 പുരുഷന്മാർ 1324) ഇവിടത്തെ ഹൈസ്കൂളിൽ, മറേറതു ദ്വീപിലേക്കാളുമധികം പെൺകുട്ടികൾ പഠിക്കുന്നു. അതുമാനിച്ചു പെൺകുട്ടികൾക്കൊരു പ്രത്യേക വിഭാഗം തന്നെ ഉണ്ടാക്കിയിരിക്കുന്നു. അവരുടെ സംഖ്യ ഏകദേശം 400 ആണ്, ആൺകുട്ടികൾ 500ഉം. ദ്വീപുകളിൽ വച്ചേററവും കൂടുതൽ സ്ത്രീകളും വിദ്യാഭ്യാസനിലവാരമുള്ള (സ്ത്രീകൾ 2346, പുരുഷന്മാർ 1792, സാക്ഷരത്വശതമാനം 34.31) മിനിക്കോയിയിൽ വിദ്യാർത്ഥിനികൾ 358 മാത്രമാണെന്നോർക്കുമ്പോൾ കല്പേനിയിലെ പെൺകുട്ടികളെ അഭിനന്ദിക്കാതിരിക്കാൻ വയ്യ. ദ്വീപുകളിൽ അമിനികഴിഞ്ഞാൽ ഏററവും ജനനിബിഡമായ പ്രദേശം കല്പേനിയാണ്. സാക്ഷരത്വത്തിലും ഈ ദ്വീപിനു രണ്ടാം സ്ഥാനമുണ്ട്. ആകെ രണ്ടു ച. കിലോമീററർ വിസ്തീർണ്ണമുള്ളതും ഏതാണ്ടൊരു ചെറിയ മഴവിൻെറ ആകൃതിയിൽ കിടക്കുന്നതുമായ ഈ ദ്വീപിൽ 2600–ൽപരം ആളുകൾ തിങ്ങിപ്പാർക്കുന്നു. ഒരു ഹൈസ്കൂൾ, ഒരു നഴ്സറിസ്കൂൾ, ഓരോ സീനിയർ ജൂനിയർ ബേസിക് സ്കൂളുകൾ എന്നിവയാണു കല്പേനിയിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ. കൃഷിത്തോട്ടം, ഹെൽത്തുസെൻറർ, പോസ്റ്റാഫീസ്, വായനശാല, മഹിളാസമാജം, യൂത്ത്ക്ലബ്ബ് എന്നിവയും ഓരോന്നുവീതം ഇവിടെ സേവനമനുഷ്ഠിക്കുന്നു. കയർ—കൊപ്രാ വ്യവസായങ്ങളും തെങ്ങുകൃഷിയുമാണാളുകളുടെ പ്രധാന തൊഴിൽ. നെൽക്കൃഷിയുള്ള രണ്ടു ദ്വീപുകളിലൊന്നു കല്പേനിയാണ്. രണ്ടാമത്തേത് ആന്ത്രോത്തും.

ചെറിയം–തിലാക്കം–പിട്ടി

കല്പേനിയോടു ചേർന്നുകിടക്കുന്ന ചെറിയം, തിലാക്കം, പിട്ടി എന്നിവിടങ്ങളിലെ കൃഷികൊണ്ടും കല്പേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിക്കാർ ആദായമുണ്ടാക്കുന്നു. ഇതിൽ പെറിയം കല്പേനിക്കു വടക്കുഭാഗത്തും തിലാക്കം, പിട്ടി എന്നിവ പടിഞ്ഞാറുഭാഗത്തും കിടക്കുന്നു. ഇവയെക്കൂടി ഉൾക്കൊള്ളുന്നതാണു കല്പേനിക്കു ചുററും (അധികവും പടിഞ്ഞാറുവശത്തു്) പവിഴപ്പാറയാൽ പ്രകൃതി നിർമ്മിച്ചിരിക്കുന്ന സംരക്ഷണവലയം. ഒരുകാലത്തു കല്പേനിയും പെറിയവും ചേർന്നു നീളത്തിൽ ഒററ ദ്വീപായി കിടന്നിരുന്നുവത്രേ. അതിനെ രണ്ടായി വെട്ടിമുറിച്ച് ഇടയ്ക്കൊരു തുരുത്തുമാത്രം ശേഷിപ്പിച്ചുകൊണ്ടു സമുദ്രം തൻെറ കരുത്തും അധീശത്വവും വെളിവാക്കി. ഈ വിശ്വാസത്തിനനുകൂലമാണു 'മുറിഞ്ഞതശാൽ' എന്ന ആ തുരുത്തിൻെറ പേരും.

ഏകദേശം എറണാകുളത്തിനു നേരെ പടിഞ്ഞാറ് 225 ഓളം കിലോമീററകലെ തെക്കുവടക്കു നീളംകൂടിയും കിഴക്കുപടിഞ്ഞാറു വീതി കുറഞ്ഞും കല്പേനി കിടക്കുന്നു. സമുദ്രതീരത്തായി പണികഴിച്ചിട്ടുള്ള ഡാക് ബംഗ്ലാവിൽ (Traveller's Bunglow) നിന്നാൽ, സമുദ്രത്തിൽനിന്നും ആഞ്ഞടിക്കുന്ന തിരമാലകൾ തീരത്തുള്ള പാറക്കെട്ടുകളിൽ വന്നുതട്ടി, പൊട്ടിത്തകരുന്നതുകാണാം; നുരയുംപതയും പരക്കുന്നതുകൂടി കാണുമ്പോൾ കല്ലിൽ വെള്ളവസ്ത്രം അലക്കുന്ന ഒരു സ്ത്രീയുടെ ചിത്രം മനസ്സിലുദിക്കാൻ മതി! മനോഹരമായ ഒരു കാഴ്ചയാണതു്. തീരത്തു കുന്നുകൂടിക്കിടക്കുന്ന കൽക്കുമ്പാരത്തിൽ ഷെല്ലുകളും മാർബിൾപോലെ കമനീയമായ ശിലാശകലങ്ങളും ധാരാളമുണ്ടെന്നു്, ഒരുത്തരേന്ത്യൻ പത്രപ്രതിനിധി അവയെല്ലാം പരതി; ഒരു ബാഗു നിറയെ വാരിക്കൊണ്ടുവന്നപ്പോഴാണറിയുക! ഒട്ടും താമസിയാതെ ഞാനും അവിടെയിറങ്ങി കുറേ പെറുക്കിയെടുത്തു.

11-ാം തീയതി ഉച്ചയ്ക്കുശേഷമാണല്ലോ ഞങ്ങളവിടെ എത്തിയതു്. ഞങ്ങൾക്കു വളരെമുമ്പേ ഞങ്ങളെ സംബന്ധിക്കുന്ന സർവവിവരങ്ങളും ടെലിഗ്രാംവഴി അവിടെ എത്തിക്കഴിഞ്ഞിരുന്നു. (സത്യത്തിൽ, ഈ ടെലിഗ്രാമാണു ദ്വീപുകളെത്തമ്മിലും അവയെ കരയുമായും ബന്ധിപ്പിക്കുന്ന സമർത്ഥമായ ശൃംഖല) അതനുസരിച്ച് ഞങ്ങൾക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രത്യേകംപ്രത്യേകം താമസസ്ഥലങ്ങളും ഏർപ്പെടുത്തിയിരുന്നു. കല്പേനി ഹൈസ്കൂളിലെ അദ്ധ്യാപകനായ ശ്രീ പുരുഷോത്തമന്റെ വീട്ടിലായിരുന്നു എനിക്കു താമസിക്കാൻവേണ്ട ഏർപ്പാടുകൾ ചെയ്തിരുന്നതു്. ശ്രീ പുരുഷോത്തമനു സൗജന്യമായി കിട്ടിയ ഫാമിലി ക്വാർട്ടേഴ്സ്, ഫാമിലി നാട്ടിലാകയാൽ കുറേപ്പേരെക്കൂടി ഉൾക്കൊള്ളാൻ പാകത്തിനങ്ങനെ കിടക്കുന്നു. (ദ്വീപിൽ ക്വാർട്ടേഴ്സിനു വാടക വാങ്ങാറില്ലെന്നു മുമ്പു പറഞ്ഞല്ലൊ.) കുടിക്കാനും കുളിക്കാനും നല്ലവെള്ളം. വെളിച്ചത്തിനു വൈദ്യുതി, സർവോപരി ആതിഥേയന്റെ സ്നേഹനിർഭരമായ പെരുമാററവും; എല്ലാം എനിക്കു നന്നേ ബോധിച്ചു. ചെന്നപാടേ ഒരു കുളിയും ഷേവിംഗുംകഴിച്ചു് അല്പമൊന്നു മയങ്ങിയിട്ടു്, അടുത്തു മറെറാരുവീട്ടിൽ താമസമാക്കിയ എന്റെ സുഹൃത്തു ശ്രീ ശങ്കരൻകുട്ടിയെ കാണാൻ പുറത്തേക്കിറങ്ങി. ഞങ്ങളുടെ കൂട്ടത്തിലോ കണ്ണിലോ പെടാത്ത ഒരു ചെറുപ്പക്കാരനെ—ദ്വീപുകാരനല്ലെന്നു സ്പഷ്ടം—വഴിക്കു കണ്ടുമുട്ടി. അയാളെ സംബന്ധിക്കുന്ന പല വിവരങ്ങളും ഞാൻ ചോദിച്ചെങ്കിലും ഒന്നിനും വ്യക്തമായ മറുപടിതരാതെ എന്നെപ്പററിയുള്ള വിവരങ്ങൾ അയാൾ തിരക്കിട്ടു ചോദിച്ചുകൊണ്ടിരുന്നു. അതെന്നെ ചൊടിപ്പിച്ചെങ്കിലും, എന്നെ സംബന്ധിക്കുന്ന വിവരങ്ങൾ പറഞ്ഞതോടെ സ്നേഹപൂർവം ഹസ്തദാനംചെയ്തുകൊണ്ടു താൻ സെൻട്രൽ ഇൻറലിജൻസിലെ ഒരുദ്യോഗസ്ഥനാണെന്നും മദ്ധ്യതിരുവിതാംകൂറുകാരനാണെന്നും അറിയിച്ചു. അയാളുടെ വിവരങ്ങൾ ആദ്യം വിട്ടുതരാതിരുന്നതിന്റെ കാരണം അപ്പോൾ മനസ്സിലായി. ശ്രീ ചെറിയാൻ (അതാണയാളുടെ പേർ) കൂടി എന്റെയും ശങ്കരൻകുട്ടിയുടെയുംകൂടെ സായാഹ്നസവാരിക്കുപോന്നു. പ്രധാനമന്ത്രി പിറേറന്നു രാവിലെ വന്നിറങ്ങേണ്ട ഹൈസ്കൂൾകോമ്പൗണ്ടും, സന്ദർശിക്കേണ്ട സ്കൂൾമുറികളും, പൊതുസമ്മേളനസ്ഥലവും കണ്ടിട്ടു സഹകരണസ്റ്റോറിനെ ലാക്കാക്കി ഞങ്ങൾ നടന്നു. വഴിക്കു്, ഒരു ചായക്കടയിൽകയറി കാപ്പി കുടിച്ചു. കല്പേനിയിൽ കൃഷിചെയ്തുണ്ടാക്കിയ നല്ല പച്ചപ്പഴവും കാപ്പി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യും—ഓരോരുത്തർക്കും ഇരുപതു പൈസവീതം! ആ പഴത്തിന്റെ മുഴപ്പമത്രമുണ്ടായിരുന്ന കവറത്തിയിലെ നേന്ത്രപ്പഴത്തിനു നാല്പ്പത്തിയഞ്ചു പൈസ വാങ്ങിയതു് അപ്പോഴോർമ്മിക്കാതിരിക്കാൻ കഴിഞ്ഞില്ല!

സഹകരണസ്റ്റോറിൽ, കരയിലെ ഏതു നല്ല പീടികയിലും കിട്ടുന്ന സർവസാധനങ്ങളുമുണ്ടു്. ഉപ്പുതൊട്ടു കർപ്പൂരംവരെ അവിടെ വില്ക്കുന്നു. ദ്വീപുല്പന്നങ്ങൾ വാങ്ങുകയും ചെയ്യുന്നു. കല്പേനിയിലെ ബനിയൻനിർമ്മാണശാലയിൽ നെയ്ത ഒരു ബനിയൻ ഞാൻ വാങ്ങി. കമ്പനിയിലുണ്ടാക്കിയ ബനിയനും അവിടെത്തന്നെ വില്പനയ്ക്കുണ്ടു്. അതിനേക്കാൾ വിലകൂടുതലുള്ള ഈ ബനിയൻ കൂടുതൽകാലം ഈടുനില്ക്കുമെന്നു പറയുന്നു.

തിരികെ സ്കൂൾമൈതാനത്തിലെത്തിയപ്പോൾ വർണ്ണശബളമായ സന്ധ്യ തോരണങ്ങളാലും കടലാസുകൊടികളാലും സമലംകൃതമായ സ്കൂൾപരിസരത്തിൽ കുങ്കുമം പൂശുകയായിരുന്നു. ജീവിതത്തിലാദ്യമായി കുറെ, ഉയർന്ന പോലീസുദ്യോഗസ്ഥന്മാരെ പരിചയപ്പെടാൻ എനിക്കവസരം കിട്ടിയതവിടെവെച്ചാണു്. ശ്രീ ഉമ്മൻ, ശ്രീ റസാലം, ശ്രീ ഭാസ്കരമേനോൻ എന്നിവർ അക്കൂട്ടത്തിൽ പെടുന്നു.

സ്വർലോകത്തും ലഭിക്കാത്ത സുഖം

'അരതാഴ'വിരുന്നിനു സമയമായപ്പോൾ ശ്രീ ചെറിയാൻ, കാലേ ഏർപ്പാടുചെയ്തിരുന്ന ഹോട്ടലിലേക്കും ശങ്കരൻകുട്ടിയും ഞാനും താമസസ്ഥലത്തേക്കും തിരിച്ചു. എന്റെ ആതിഥേയൻ, അദ്ദേഹത്തിനും മറെറാരു സുഹൃത്തിനും കൂടി തയ്യാറാക്കിയിട്ടുള്ള ഭക്ഷണത്തിൽ പങ്കുചേരാൻ എന്നെ ക്ഷണിച്ചു ശ്രീ ശങ്കരൻകുട്ടിയോടൊപ്പം ഹോട്ടലിൽ ഊണുകഴിക്കാൻ ഞാൻ താല്പര്യം കാണിച്ചെങ്കിലും ആ ക്ഷണം നിരസിക്കാൻ കഴിഞ്ഞില്ല. മത്സ്യവും പച്ചക്കറികളും തികഞ്ഞ ആ സദ്യ, ബോൺവിററ കലർത്തിയ ഒരു ഗ്ലാസ് പാലും, ഒരു ഗ്ലാസ് മധുരക്കള്ളും അവസാനം വന്നു

CC-0. In Public Domain. Gurukul Kangri Collection, Haridwar

ചേർന്നതോടെ, ചങ്ങമ്പുഴ പാടിയ 'സ്വർലോകത്തും ലഭിക്കാത്ത സുഖം' പ്രദാനംചെയ്തു.

പിറേറന്നു രാവിലെ ആറുമണിക്കു മുമ്പു ചെന്നില്ലെങ്കിൽ കാപ്പി കിട്ടില്ലെന്നു ഹോട്ടൽക്കാരൻെറ അറിയിപ്പു കിട്ടി. അയാൾക്കു രാവിലെ കടയടച്ചിട്ടു പ്രധാനമന്ത്രിയെ സ്വീകരിക്കാൻവേണ്ട ഒരുക്കങ്ങൾ ചെയ്യണമത്രേ. ചേര തിന്നുന്ന നാട്ടിൽ ചേരയുടെ നടുമുറി തന്നെ തിന്നുക! ഞങ്ങൾ അഞ്ചുമണിക്കു് ഉണർന്നു കുളിയുംമററും കഴിച്ചു ഹോട്ടലിൽ ഹാജർകൊടുത്തു. അവിടെ ഒരു പത്തിരുപതു പോലീസുകാർ, ചിലർ നിന്നും ചിലർ ഇരുന്നും ചിലർ നടന്നും പുട്ടും പപ്പടവും കലർത്തി കഴിക്കയും കാപ്പികുടിക്കയും ചെയ്യുന്നു! എല്ലാവർക്കും ഇരുന്നരുളാൻവേണ്ടും സ്ഥലമില്ല. പോലീസുകാരുടെ സാധാരണസംഭാഷണത്തിൽ കാണുന്ന ഭീഷണിയും ചീത്തവിളിയും ആക്ഷേപവുമൊക്കെ കടക്കാരൻെറനേർക്കു് ഇടയ്ക്കിടെ ഉയരുന്നുണ്ടു്. ഞങ്ങൾ ചെന്നു നിശ്ശബ്ദരായിരുന്നു വേണ്ടതു വാങ്ങിക്കഴിച്ചിട്ടു മടങ്ങി.

സമയം സുപ്രഭാതം! എട്ടുമണിക്കേ പ്രധാനമന്ത്രി എത്തൂ. ഒരുറക്കംകൂടി പാസ്സാക്കാൻ സമയമുണ്ടു്. എങ്കിലും അതിനു മനസ്സുവന്നില്ല. ആതിഥേയൻ സ്കൂളിലേക്കു പൊയ്ക്കഴിഞ്ഞു. ഞാനദ്ദേഹത്തിൻെറ അലമാര പരിശോധിച്ചു പഴയ മാതൃഭൂമി ആഴ്ചപ്പതിപ്പുകൾ കണ്ടെത്തി വായന തുടങ്ങി. ഏഴു മണിയായപ്പോൾ എനിക്കൊരു ചിന്ത, പ്രധാനമന്ത്രിയും പരിവാരങ്ങളും ഹെലികോപ്ററിൽ വന്നിറങ്ങുന്നതു കവരത്തിയിൽവച്ചു ശരിക്കു കാണാൻ കഴിഞ്ഞില്ല. ഇവിടെയെങ്കിലും അതു സാധിക്കണം. ഈ വിചാരത്തോടെ വേഗം, വേഷംമാറി സ്കൂൾമൈതാനത്തേക്കുചെന്നു. വഴിയിൽ നേവൽ എൻ. സി. സി. കുട്ടികൾ 'വിശ്രാം' അടിച്ചുനില്ക്കുന്നു; അവർക്കപ്പുറവും ഇപ്പുറവുമായി പോലീസുകാരും. ആരും എന്നെ തടഞ്ഞില്ലെന്നു മാത്രമല്ല, ആദരവോടെ നോക്കുകയും ചെയ്തു! ചില കുട്ടികൾ 'പ്രധാനമന്ത്രിയുടെ പ്രസംഗം തർജമ ചെയ്യണാളാ' എന്നു ബഹുമാനപൂർവം കുശുകുശുക്കുന്നതുകേട്ടു ഞാൻ ഉള്ളാലേ ചിരിച്ചുപോയി!

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏഴരമണിക്ക വന്നുചേർന്ന ആദ്യത്തെ ഹെലികോപ്ററർ അടിച്ചുപരത്തിയ മണൽപൊടിയിലൊരുപങ്ക് എൻെറ തലയിലും മുഖത്തും ഡ്രസ്സിലും അഭയംതേടി. അതോടെ ഈ കാഴ്ച നമുക്ക പററിയതല്ലെന്നുറച്ച്, പ്രധാനമന്ത്രിയേയും മററും സ്വീകരിച്ചിരുത്താൻ ഉയിർത്തികെട്ടിയിട്ടുള്ള പന്തലിൻെറ പിന്നിൽ ഞാനും അഭയം തേടി. വിശിഷ്ടാതിഥികൾ വന്നിറങ്ങുന്നതു പടത്തിലാക്കാൻ പാടുപെടുന്ന ഫോട്ടോഗ്രാഫർമാരുടെ ക്യാമറാക്കണ്ണിൽപ്പെടാൻ പലരും പൊടിപടലം സഹിച്ചും മുൻപന്തിയിൽ നിന്നിരുന്നു! കേന്ദ്ര ഡപ്യൂട്ടിമന്ത്രി ശ്രീമതി നന്ദിനി സത്പതി വന്നിറങ്ങിയപ്പോൾ അതു പ്രധാനമന്ത്രിയാണെന്നു ധരിച്ച ചില കുട്ടികൾ 'ഇന്ദിരാ ഗാന്ധി കീ ജയ്' എന്നു മുക്തകണ്ഠം വിളിച്ചതു രസകരമായി തോന്നി. കൃത്യം 8 മണിക്കതന്നെ, ത്രിവർണ്ണപതാകകൾ വീശി ജയ് വിളിച്ചുകൊണ്ടിരുന്ന കുട്ടികളാലും മററാളുകളാലും ചുററപ്പെട്ട ഗ്രൗണ്ടിൽ, ശ്രീമതി ഗാന്ധി വിമാനമിറങ്ങി. ഇളനീരും പുഷ്പഹാരങ്ങളുമായി ആതിഥേയർ ഓടിയടുത്തു. ക്യാമറകൾ 'ക്ലിക്' ശബ്ദം പുറപ്പെടുവിച്ചു കൊണ്ടേ ഇരുന്നു.

കല്പേനിയിലെ സമ്മേളനം

കവരത്തിയിൽനിന്നു വ്യത്യസ്തമായി ആദ്യം ദ്വീപുകാരുമായുള്ള കൂടിക്കാഴ്ച, പിന്നീടു സ്കൂൾ സന്ദർശനം, അനന്തരം ഹെൽത്തുസെൻറർ സന്ദർശനം, അവസാനം പൊതുസമ്മേളനം എന്നിങ്ങനെയാണിവിടത്തെ പരിപാടി. അതുമൂലം മീററിങ്ങിനെത്തിയപ്പോൾ സൂര്യരശ്മികൾ ചൂടും വെളിച്ചവും വർധിപ്പിച്ചുകഴിഞ്ഞിരുന്നു. കവരത്തിയിൽ വലിയൊരു പ്ലാററ്ഫോമിൽനിന്നാണ ശ്രീമതി ഗാന്ധി പ്രസംഗിച്ചതെങ്കിൽ ഇവിടെ രണ്ടോ മൂന്നോ പേർക്കുമാത്രം നിൽക്കാവുന്നതും ഉയർത്തിക്കെട്ടിയതുമായ പ്രസംഗപീഠത്തിൽ (Pulpit) നിന്നാണ് ആ കൃത്യം നിർവഹിക്കേണ്ടിയിരുന്നത്. മുകളിൽ മറയുണ്ടായിരുന്നിട്ടും പീഠത്തിൻെറ പകുതിയിലേറെയും വെയി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലേററു തിളങ്ങിക്കൊണ്ടിരുന്നു. മുകളിൽ പ്രസംഗകയും തർജ്ജമക്കാരനും മാത്രമായി. തർജ്ജമക്കാരനുദ്ദേശിക്കപ്പെട്ടിരുന്ന തണലുണ്ടായിരുന്ന മൂലയിലെ ഉച്ചഭാഷിണിയുടെ (റിസീവറിൻെറ) മുമ്പിൽ പ്രധാനമന്ത്രിയും വെയിലേററു തിളങ്ങുന്ന റിസീവറിനു മുന്നിൽ ഞാനും നിന്നു. അനുഭവത്തേക്കാൾ വലിയൊരദ്ധ്യാപകനില്ല. പ്രസംഗവിവർത്തനത്തിൽ എനിക്കുണ്ടായ മുന്നനുഭവം എന്നെ കുറേക്കൂടി നന്നാക്കിയെന്നു തോന്നി. വെയിലേററുകൊണ്ടിരുന്ന ശ്രോതാക്കളുടെ ക്ഷീണം ശ്രീമതി ഗാന്ധിയിലും പ്രതിഫലിച്ചിട്ടാവണം പ്രസംഗം അധികം ദീർഘിച്ചില്ല.

അവിടത്തെ പരിപാടികളെല്ലാം തീർത്തിട്ടു പതിനൊന്നു മണിക്കു ശ്രീമതി ഗാന്ധിയും വൈകിട്ട് അഞ്ചു മണിയോടുകൂടി ഞങ്ങളും കപ്പലിലേക്കു മടങ്ങി. ഞങ്ങൾ കപ്പലിലെത്തുമ്പോൾ പ്രധാനമന്ത്രി ആന്ത്രോത്തിലെ പരിപാടിയും കഴിച്ചിട്ടു മടക്കയാത്ര ആരംഭിച്ചിരിക്കണം!

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മിനിക്കോയി–ദ്വീപുകളുടെ റാണി

മിനിക്കോയിയിൽ പോകാനുള്ള ഭാഗ്യം എനിക്കുണ്ടായില്ല. കപ്പലിൽനിന്നു കാണാൻപോലും കഴിഞ്ഞിട്ടില്ല. ആ നിലയ്ക്കു് ഈ വിവരണം അരുതാത്തതാണു്. പക്ഷേ, ലക്ഷദ്വീപുസമൂഹങ്ങളിൽ വലിപ്പംകൊണ്ടും സമ്പൽസമൃദ്ധികൊണ്ടും ഒന്നാം സ്ഥാനത്തു നില്ക്കുന്ന മിനിക്കോയിയെ ഒഴിവാക്കിയാൽ അതുകൊണ്ടുതന്നെ ഈ കുറിപ്പുകൾ അപൂർണ്ണമാകുമെന്നെനിക്കുറപ്പുണ്ടു്, എന്നിരിക്കെ കേട്ടറിവും വായിച്ചറിവും* അടിസ്ഥാനമാക്കി ഒരു 'ചാരുകസേര യാത്രാവിവരണക്കാരന്റെ' (armchair travelogue writer) തന്റേടത്തോടെ ഇതു കുറിക്കുകയാണു്.

ഞാൻ കണ്ട ദ്വീപുകളിൽ ഏററവും മനോഹരം കല്പേനിയാണെന്നു പറഞ്ഞുകഴിഞ്ഞു. എന്നാൽ കേട്ടറിവിന്റെ അടിസ്ഥാനത്തിൽ മിനിക്കോയിക്കാണു് ആ സ്ഥാനം നൽകേണ്ടതു്. ലക്ഷദ്വീപുകളുടെ തെക്കേ അററത്തും മാലദ്വീപുകളുടെ വടക്കേ അററത്തുമായി രണ്ടിനോടും ബന്ധപ്പെട്ടു കിടക്കുന്ന ഈ ദ്വീപ് രണ്ടു സമൂഹങ്ങളുടേയും ഒരു സംസ്കാര ദീപികയായി ശോഭിക്കുന്നു. പൂർവ്വബന്ധങ്ങൾ, പ്രാചീനസംസ്കാരം, ഭാഷ, മതം, ആചാരങ്ങൾ എന്നിവയുടെ കാര്യത്തിൽ മാലദ്വീപുകളോടും, ഇന്നത്തെ ഭരണം, പുരോഗതി തുടങ്ങിയവയുടെ കാര്യത്തിൽ ലക്ഷദ്വീപുകളോടും ബന്ധപ്പെട്ടാണിതിന്റെ കിടപ്പു്. തെക്കേ അററത്തെ ലക്ഷദ്വീപായ കല്പേനിയിൽനിന്നു മിനിക്കോയിക്കു 115 മൈൽ ദൂരമുള്ളപ്പോൾ വടക്കേ അററത്തെ മാലദ്വീപിൽനിന്നു് എഴുപതു മൈലേ അ

* 'ദ്വീപോലു്പത്തി' എന്ന പുസ്തകവും അഡ്മിനിസ്ട്രേഷന്റെ ഒരു ലഘുലേഖയും എൻ വി കൃഷ്ണവാര്യരുടെ ഒരു ലേഖനവും (മാതൃഭൂമി ആഴ്ചപ്പതിപ്പ് 1955 ജനുവരി) എനിക്കു സഹായകമായിട്ടുണ്ടു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കലമുള്ളു. ഏകദേശം എ. ഡി. 18–ാം നൂററാണ്ടുവരെ മിനിക്കോയി മാലദ്വീപിന്റെ ഭാഗമായിരുന്നു. 18–ാം നൂററാണ്ടിലാവണം, അറയ്ക്കൽ രാജകുടുംബക്കാർ മാലദ്വീപുകളുംകൂടി പിടിച്ചെടുത്തു ലക്ഷദ്വീപുകളോടൊപ്പം സ്വന്തം ഭരണത്തിൻകീഴിലാക്കിയത്. പക്ഷേ, മാലദ്വീപുകാർ ഏറെത്താമസിയാതെ വിമോചനപ്രസ്ഥാനമാരംഭിച്ചു. ഇതിനിടയ്ക്കാണു്, അസമത്ഥമായ അറയ്ക്കൽ ഭരണത്തിൽ അസംതൃപ്തരായ ചില ദ്വീപുകാർ ടിപ്പുസുൽത്താന്റെ അടുത്തു പരാതി ബോധിപ്പിക്കുന്നതും (18–ാം നൂററാണ്ടുത്തരാർദ്ധം) അദ്ദേഹം അതേപ്പററി ചർച്ച ചെയ്യാൻ കണ്ണൂരെത്തുന്നതും. മഹൽ (മാല) ദ്വീപു സുൽത്താനും തന്റെ പരാതി സമർപ്പിച്ചു. അതനുസരിച്ചു് അറയ്ക്കൽ ബീബിയുമായി ടിപ്പു നടത്തിയ സംഭാഷണഫലം മഹൽ ദ്വീപുകാർക്കനുകൂലമായിരുന്നു. മിനിക്കോയി ഒഴിച്ചുള്ള മഹൽദ്വീപുകളും വിമോചിപ്പിച്ചു് അവിടത്തെ സുൽത്താനു നൽകി. മിനിക്കോയിമാത്രം അറയ്ക്കൽ ബീബിക്കും. അന്നു മുതൽ ഈ ദ്വീപ് ലക്ഷദ്വീപുകളുടെ ഭാഗമാണു്.

സാക്ഷരത്വത്തിലും വിസ്തൃതിയിലും പരിഷ്കാരത്തിലും ദ്വീപുകളിൽ ഒന്നാം സ്ഥാനമലങ്കരിക്കുന്ന മിനിക്കോയിയിൽ പരിഷ്കൃതലോകത്തിന്റെ രോഗമായ ഗൊണോറിയ സർവസാധാരണമാണത്രെ! ലൈംഗികജീവിതത്തിൽ ഒട്ടേറെ സ്വാതന്ത്ര്യം ഇവിടത്തെ സ്ത്രീപുരുഷന്മാർക്കുണ്ടു്. എന്നാൽ ഒരു സ്ത്രീ വ്യഭിചാരം മൂലം ഗർഭം ധരിച്ചാൽ അടിശിക്ഷയും പരസ്യാപമാനങ്ങളും സഹിക്കണം. (പുരുഷനു ശിക്ഷയൊന്നുമില്ലെന്നു തോന്നുന്നു.) അവളെ പരസ്യമായി പ്രഹരിച്ചും പൊതു സ്ഥലത്തു കെട്ടിയിട്ടു പ്രദർശിപ്പിച്ചും അവർ പക പോക്കുന്നു. ഗർഭിണിയെ പ്രസവാനന്തരമേ ഈ ശിക്ഷയ്ക്കു വിധേയമാക്കാറുള്ളു. താഴ്ന്ന ജാതികളിൽപ്പെട്ടവരാണത്രെ ഈ ശിക്ഷ മിക്കപ്പോഴും അനുഭവിക്കുക.

അവിടത്തെ ജാതിവ്യവസ്ഥയെക്കുറിച്ചും ഇവിടെ വച്ചുതന്നെ നമുക്കു മനസ്സിലാക്കാം. ലക്ഷദ്വീപുകളിലെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

പ്പോലെ ഇവിടെയും നൂറുശതമാനം പേരും ഇസ്ലാംമതാനുയായികളാണ്. എങ്കിലും കൊടിയ ജാതിവ്യവസ്ഥ ഇവിടെ നടമാടിയിരുന്നു. മററു ദ്വീപുകളിൽ മൂന്നു ജാതികളാണുള്ളതെങ്കിൽ ഇവിടെ മാനിക്ഫാൻ, തക്രുഫാൻ, തക്രു, റാവെരി എന്ന നാലു ജാതികൾ നിലവിലുണ്ട്. ആദ്യത്തെ ജാതിക്കാർ ഭൂവുടമകളും അവസാനത്തേതു തെങ്ങുകയററക്കാരുമായിരുന്നു. ആദ്യത്തെ രണ്ടു ജാതിക്കാർ തമ്മിൽ മിശ്രവിവാഹം ആകാം. അങ്ങനെ ജനിക്കുന്ന കുട്ടികൾക്ക് ഉയർന്ന ജാതിയിൽ സ്ഥാനം കിട്ടും! ഇപ്പോൾ ജാതിവ്യവസ്ഥയുടെ ശൃംഖല നന്നേ തുരുമ്പിച്ചു കഴിഞ്ഞു.

അബുൽബർബേരി

സിംഹളമതാനുയായികളായിരുന്ന മാലദ്വീപുകാർ ഇസ്ലാംമതം സ്വീകരിച്ചത് അബുൽബർബരി എന്നൊരു മുഹമ്മദീയസിദ്ധൻെറ അത്ഭുതപ്രവൃത്തിയാലാണെന്ന് ഇബ്നുബത്തൂത്ത രേഖപ്പെടുത്തുന്നു.* ഓരോ മാസവും നറുക്കെടുത്ത് ഓരോ കന്യകയെ ഏതോ ക്രൂരദേവതയ്ക്കു ബലിയർപ്പിക്കുന്ന ഏർപ്പാട് അവിടെ നിലവിലിരുന്നുവത്രെ. ആ ദേവതയുടെ ഉപദ്രവത്തിൽനിന്നും ബർബരി അവരെ രക്ഷിക്കുകയും അതോടെ ദ്വീപുകാരെല്ലാം അദ്ദേഹത്തിൻെറ നിർദ്ദേശമനുസരിച്ച് ഇസ്ലാംമതം സ്വീകരിക്കുകയുമാണുണ്ടായതെന്നു പറയപ്പെടുന്നു. ലക്ഷദ്വീപുകളിൽനിന്നു വ്യത്യസ്തമായ രീതിയിൽ മിനിക്കോയിയിൽ ഇസ്ലാംമതം നിലവിൽവന്നത് ഇങ്ങനെയാണത്രെ. ആകെ മുപ്പതോളം മുസ്ലീം ദേവാലയങ്ങൾ മിനിക്കോയിയിലുണ്ട്. ആളുകൾ, മററു ദ്വീപുകളിലെപ്പോലെ മതനിഷ്ഠയുള്ളവരാണ്.

നാട്ടും ജനങ്ങളും

നാലര ച. കിലോമീററർ വിസ്തീർണ്ണവും 61–ലെ സെൻസസ് അനുസരിച്ച് 4134 ആളുകളുമുള്ള മിനിക്കോയിയിൽ ഭൂരിപക്ഷം സ്ത്രീകളാണെന്ന് അന്യത്ര പ്രസ്താവിച്ചു. 35 ശതമാനത്തോളം പേർ സാക്ഷരത്വം നേടിയിട്ടുള്ള

---

* 'കേരളം അറുനൂറുകൊല്ലം മുമ്പ്'' എന്ന പുസ്തകം നോക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇവിടെ ഒരു ഹൈസ്കൂളും ഒരു ജൂനിയർ ബേസിക് സ്കൂളും ഒരു നെഴ്സറി സ്കൂളുമുണ്ട്. ആയിരത്തിൽ താഴെ കുട്ടികൾ സ്കൂളിൽ പഠിക്കുന്നു. അതായത്തു ജനസംഖ്യയുടെ ഏകദേശം നാലിലൊന്നു വിദ്യാർത്ഥികളാണ്.

ഉത്സാഹികളും മററു ദ്വീപുകളിലേക്കാൾ സംതൃപ്തരുമാണ്, മിനിക്കോയി ജനത. പുരുഷന്മാരിൽ മൂന്നിലൊരു ഭാഗം കപ്പലോട്ടക്കാരാണ്. പുറത്തുപോയി ജോലി ചെയ്യുന്നതിൽ അവർക്കു സന്തോഷമേ ഉള്ളൂ. ബാഹ്യലോകവുമായി ഇങ്ങനെയൊരു ബന്ധമുള്ളതിനാൽ വലിയ തുറമുഖപട്ടണങ്ങളിലെ പരിഷ്കാരം ഇവിടെ വളരെ വേഗം എത്തുന്നു. പുറത്തുനിന്നു പലതരം വിലപിടിപ്പുള്ള വസ്തുക്കളും പുരുഷന്മാർ കൊണ്ടുവരുന്നു.

വ്യവസായം—കൃഷി

ദ്വീപുകളിൽ മിനിക്കോയി മാത്രമാണു മത്സ്യബന്ധനവിഷയത്തിൽ കാര്യമായ പുരോഗതി നേടിയിട്ടുള്ളത്. അവിടെ ബോട്ടുപയോഗിച്ചു മത്സ്യം വൻതോതിൽ പിടിക്കുകയും കാനിങ്ഫാക്ടറിയിൽ പാകപ്പെടുത്തി ടിന്നിലാക്കി വില്പനക്കയക്കുകയും ചെയ്യുന്നു. നല്ലൊരു വ്യവസായമാക്കി ഇതു വികസിപ്പിച്ചെടുക്കാൻ അവിടത്തുകാർക്കു കഴിഞ്ഞിട്ടുണ്ട്. ശ്രീമതി ഗാന്ധി മിനിക്കോയിയിലെ കാനിങ്ഫാക്ടറി (Canning Factory) സന്ദർശിക്കുകയുണ്ടായി.

തെങ്ങുകൃഷിയും അതിനോടു ബന്ധപ്പെട്ട കുടിൽവ്യവസായങ്ങളും മററു ദ്വീപുകളിലെപ്പോലെതന്നെ ഇവിടെയും പ്രാബല്യത്തിലിരിക്കുന്നു. ഒന്നരലക്ഷത്തോളം തെങ്ങുകൾ ഇവിടെ വളരുന്നു. ഇക്കാര്യത്തിലും ഒന്നാംസ്ഥാനം മിനിക്കോയിക്കാണ്. പക്ഷേ ഇവയിൽനിന്നുണ്ടാകുന്നതിന്റെ ഏകദേശം ഇരട്ടി തേങ്ങ, കല്പേനിയിലെ അരലക്ഷം തെങ്ങുകളിൽനിന്നു ലഭിക്കുന്നു എന്നറിയുമ്പോൾ അത്ഭുതപ്പെടരുതു. കാരണം, മുമ്പു പറഞ്ഞപോലെ മിനിക്കോയി ജനത പുറത്തുപോയി ജോലി ചെയ്യുന്നതിലാണു കൂടുതൽ വിശ്വാസമർപ്പിച്ചിട്ടുള്ളത്. ഇവിടത്തെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്ത്രീകൾ മററു ദ്വീപുകളിലെന്നപോലെ കോഴിവളർത്തലും ആടുമാടുകളെപ്പോററലുംവഴി ചുരുങ്ങിയ ആദായമുണ്ടാക്കുന്നു.

മിനിക്കോയിയിലെ സ്ത്രീപുരുഷന്മാർ നാനാതരം രോഗങ്ങളുമായി ഉററബന്ധം പുലർത്തുന്നു!* ഗൊണോറിയ തുടങ്ങിയ ഗുഹ്യരോഗങ്ങൾ മാത്രമല്ല, കുഷ്ഠം, മന്ത് തുടങ്ങിയ ദൃശ്യരോഗങ്ങളും അവരോടു രമ്യതയിലാണ്. ഇവരെയെല്ലാം ചികിത്സിക്കാൻ പാകത്തിനു് ഒരു ആശുപത്രിയും ഒരു കുഷ്ഠരോഗകോളനിയും അവിടെ പ്രവർത്തിച്ചുപോരുന്നു. ഏററവും കൂടുതൽപേരെ ചികിത്സിക്കുന്ന ദ്വീപാസ്പത്രികളിൽ മൂന്നാംസ്ഥാനം മിനിക്കോയി ആസ്പത്രിക്കാണ്. ദ്വീപുകളിലാകെയുള്ള മൂന്നു കുഷ്ഠരോഗകോളനികളിലൊന്നു് ഇവിടെയാണുതാനും.

ദ്വീപുകളിലെ ദീപസ്തംഭങ്ങളിൽ, പ്രസിദ്ധിയും പ്രാധാന്യവും പഴക്കവുംകൊണ്ടു്, മിനിക്കോയിസ്തംഭം ബഹുമാന്യമായി ശോഭിക്കുന്നു. 159 അടി പൊക്കവും 214 പടികളുമുള്ള ഈ ദീപസ്തംഭം 1883–ൽ പവിഴപ്പാറക്കഷണങ്ങൾകൊണ്ടുണ്ടാക്കിയതാണ്.

തിരുവനന്തപുരത്തിനു നേരെ പടിഞ്ഞാറു് 300–ൽ പരം കിലോമീററകലെ ഏതാണ്ടർദ്ധചന്ദ്രാകാരത്തിൽ കിടക്കുന്ന മിനിക്കോയിയുടെ മദ്ധ്യത്തിൽ ഒൻപതു് അത്തിരി(ഗ്രാമം)കളായിത്തിരിഞ്ഞു് ആളുകൾ പാർക്കുന്നു. ഇതിൽ തെക്കേ അററത്തെ ഗ്രാമം പളിശ്ശേരി എന്ന പേരിലും വടക്കേ അററത്തേതു ബാഡ എന്ന പേരിലും അറിയപ്പെടുന്നു. ഗ്രാമങ്ങൾ തൊട്ടുതൊട്ടു കിടക്കുന്നു. വളഞ്ഞും തിരിഞ്ഞും പോകുന്ന വൃത്തിയുള്ള വഴികൾ അവയെ തമ്മിൽ ബന്ധിക്കുന്നു. തെങ്ങോല മേഞ്ഞ വീടുകളാണധികവും. വേലി കെട്ടാനും ഓലതന്നെ ഉപയോഗിക്കുന്നു.

* അനുബന്ധത്തിലെ കത്ത് നോക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൊതുകുവലയിലെ സ്വകാര്യം

കടൽക്കരയിലെ പവിഴപ്പാറക്കല്ലുകൾ പൊട്ടിച്ചെടുത്തു വീടിനു ചുമരുകെട്ടുന്നു വീടിനകത്തെ ചുമർ കമ്മായം തേച്ചും പുറം പരുക്കനായും ഇടുകയാണു പതിവ്. വീട്ടിൽ സാധാരണ രണ്ടു വലിയ മുറികൾ കാണും. ഒന്നു പുരുഷന്മാർക്കും മറേറതു സ്ത്രീകൾക്കും. ഓരോ മുറിയിലും ഒരാട്ടുകട്ടിലും വേറെ നാലോ അഞ്ചോ കട്ടിലുകളും കാണും. കട്ടിലിൽ തടിച്ചകിടക്കയും നീണ്ടുരുണ്ട മൂന്നു തലയിണകളും വിലയേറിയ വിരിപ്പും ഉണ്ടായിരിക്കും. ഒരേ മുറിയിൽ പല ദമ്പതികളും ഉറങ്ങുന്നു. കൊതുകു വലകളാണ് അവരുടെ 'സ്വകാര്യം' സൂക്ഷിക്കുന്നതു്! മരുമക്കത്തായമാകയാൽ ഓരോ വീട്ടിലും ധാരാളം അംഗങ്ങളുണ്ടാവും.

മിനിക്കോയിയിൽ രസകരമായആചാരങ്ങൾ പലതുമുണ്ട്. ഒരതിഥി വീട്ടിലെത്തിയാൽ ആട്ടുകട്ടിലിലിരുത്തി സ്ത്രീകളാരെങ്കിലും ആട്ടിയാണത്രേ സ്വീകരിക്കുന്നതു്. അങ്ങനെ ആടാൻ കൂട്ടാക്കാത്തവരെ അപരിഷ്കൃതരായി അവർ കണക്കാക്കുന്നു. പ്രസവിക്കുന്നതു വാഴയിലയിലും പ്രസവാനന്തരം മൂന്നു ദിവസം കുളിക്കുന്നതു കടൽവെള്ളത്തിലും വേണമെന്ന് അന്നാട്ടുകാർക്കു നിർബ്ബന്ധമുണ്ടത്രേ. ഈ കടൽവെള്ളത്തിലെ കുളി ഒരു ചികിത്സയായി അവർ പരിഗണിക്കുന്നു. ബാല്യവിവാഹവും അകാലപ്രസവവും മൂലമാവാം സ്ത്രീകളധികവും ആരോഗ്യമില്ലാത്തവരാണ്. വിവാഹമോചനവും പുനർവിവാഹവും മററു ദ്വീപുകളിലെപ്പോലെ ഇവിടെയും ആളുകളുടെ ഒരു വിനോദമാണ്.

നിശാക്ലബ്ബും മററും

മിനിക്കോയിക്കാരുടെ ശാരീരിക മാനസോല്ലാസത്തിലധികവും വള്ളംകളി, നൃത്തം, നിശാക്ലബ്ബുകൾ എന്നിവയിലൊതുങ്ങും. ഓരോ ഗ്രാമവും ഓരോ നർത്തകസംഘത്തേയും ചുണ്ടൻവള്ളത്തേയും കാത്തു സൂക്ഷിക്കുന്നു. ചെണ്ട തോളിൽ തൂക്കിക്കൊണ്ടാണു നൃത്തം. വള്ളംകളിക്കും വിശിഷ്ടാതിഥികൾക്ക് അകമ്പടി സേവിക്കാനും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാത്രമേ ചൂണ്ടൻവള്ളം ഉപയോഗിക്കൂ. മീൻപിടിക്കാനത്തു് ഉപയോഗിക്കാറില്ല. രാത്രിയിൽ സ്ത്രീപുരുഷന്മാർ യഥേഷ്ടം പാട്ടുപാടിയും കൂട്ടുകൂടിയും നടക്കുന്നതു് ഇവിടെ സാധാരണമാണു്. അവരുടെ സ്വാതന്ത്ര്യത്തെ സമൂഹം അധികം നിഹനിച്ചിട്ടില്ല. എങ്കിലും വ്യഭിചാരം മുമ്പു പറഞ്ഞപോലെ ശിക്ഷാർഹമാകുന്നു.

രണ്ടു നേരവും കുളിക്കയും വൃത്തിയായി നടക്കുകയും ചെയ്യുന്ന തദ്ദേശീയർ. പുരുഷന്മാരധികവും അർദ്ധനഗ്നരാണെങ്കിലും ധരിച്ചിരിക്കുന്നതു പലപ്പോഴും പട്ടുവസ്ത്രമായിരിക്കും. സ്ത്രീകൾ പട്ടുവസ്ത്രവും ആഭരണങ്ങളും ധരിച്ചു മോടിയായിക്കഴിയുന്നു. വലിപ്പവും ഭംഗിയുമുള്ള സ്വർണ്ണാഭരണങ്ങൾ ഇവർ നിധിപോലെ സൂക്ഷിക്കുകയും അണിയുകയും ചെയ്യുന്നു.

മിനിക്കോയിയുടെ പടിഞ്ഞാറുഭാഗത്തുള്ള വിസ്തൃതമായ പവിഴപ്പാറക്കെട്ടു ചിലയിടത്തു ചെറിയ കപ്പലുകൾക്കു കടന്നുവരാൻവേണ്ടും ആഴമുള്ളതും മററുഭാഗങ്ങളിൽ ആഴം കുറഞ്ഞതുമാകുന്നു. ആ വലയത്തിനകത്തെ തടാകം അടിയിലെ പവിഴപ്പാറയുടെ പ്രത്യേകതകൊണ്ടു ജലത്തിൽ വർണ്ണശാബല്യം പരത്തുകയും സന്ദർശകർക്കു നല്ലൊരു ദൃശ്യമായി ചമയുകയും ചെയ്യുന്നു. പല ദ്വീപുകളിലും ഈ പ്രത്യേകത കാണാം.

ഭാഷ

മിനിക്കോയിയിലെ ഭാഷയെപ്പററി പലയിടത്തായി പറഞ്ഞിട്ടുണ്ടു്. സിംഹളഭാഷയുടെ ഒരു വകഭേദവും മാലദ്വീപുകളിൽ ഉപയോഗത്തിലിരിക്കുന്നതുമായ മഹൽ (Mahl) ആണു മിനിക്കോയിക്കാരുടെ മാതൃഭാഷ. എങ്കിലും അവിടെ പലർക്കും മലയാളം അറിയാം. അവിടത്തെ സ്കൂളിൽ മലയാളമോ മഹലോ ഐച്ഛികമായി പഠിക്കാൻ സൗകര്യപ്പെടുത്തിയിട്ടുണ്ടു്. പ്രധാനമന്ത്രിയുടെ മിനിക്കോയിയിലെ ഇംഗ്ലീഷ് പ്രസംഗം ഹിന്ദിയിയിലേക്കു തർജ്ജമചെയ്യാൻ തുടങ്ങിയപ്പോൾ ആളുകൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശസ്വസ്ഥരാകുന്നതുകണ്ട മഹലിലേക്കു വിവർത്തനം ചെയ്യാൻ പ്രധാനമന്ത്രിതന്നെ നിർദ്ദേശിക്കയും അങ്ങനെ പരിഭാഷപ്പെടുത്തുകയും ചെയ്തതായറിഞ്ഞു.

പ്രധാനമന്ത്രിയുടെ പരിപാടി

പ്രധാനമന്ത്രിയുടെ ഏററവും ദീർഘിച്ച പരിപാടി ഇവിടത്തേതായിരുന്നു. 11—ാം തീയതി രാവിലെ എട്ടു മണിക്കവിടെയെത്തിയ ശ്രീമതി ഗാന്ധി അരമണിക്കൂർ ദീർഘിച്ച വള്ളംകളി കാണുകയാണാദ്യംചെയ്തതു്. അതിനുശേഷം മിനിക്കോയിയിലെ ഒരു വീടും സഹകരണസ്റ്റോറും ആശുപത്രിയും സന്ദർശിച്ചു. പതിനൊന്നു മണിക്കു പൊതുസമ്മേളനവും അനന്തരം കാനിങ്ഫാക്ടറി സന്ദർശനവും നാട്ടുകാരുമായുള്ള കൂടിക്കാഴ്ചയും കഴിച്ചിട്ടു പ്രധാനമന്ത്രി ഒരുമണിയോടുകൂടി ഐ. എൻ. എസ്. വിക്രാന്തിലേയ്ക്കു പറന്നു. പ്രധാനമന്ത്രിക്കു ദ്വീപുകളിൽ നിന്നു ലഭിച്ചതിൽ ഏററവും വർണ്ണശബളമായ സ്വീകരണം ഇവിടത്തേതായിരുന്നു. മിനിക്കോയി നർത്തകസംഘം മുമ്പു ഡൽഹിയിലെത്തി ശ്രീമതി ഗാന്ധിയെ സന്ദർശിച്ചിട്ടുണ്ടെന്നും കേട്ടു.

മിനിക്കോയിയിലെ മററു സൗകര്യങ്ങളെക്കുറിച്ചുകൂടി പറഞ്ഞുകൊണ്ടു് ഈ കുറിപ്പവസാനിപ്പിക്കാം. ഒരു സഹകരണസ്റ്റോറും ഒരു പോസ്റ്റാഫീസും ഒരു വായനശാലയും മററു ദ്വീപുകളിലെപ്പോലെ ഇവിടെയുമുണ്ടു്. ബോട്ടുജെട്ടി, സിനിമാപ്രദർശനസൗകര്യം, യൂത്ത്ക്ലബ്ബ് തുടങ്ങിയവയുടെ കാര്യവും ഏതാണ്ടങ്ങനെതന്നെ. ഈ സ്ഥാപനങ്ങളെല്ലാം ഭംഗിയായി നടത്തപ്പെടുന്നു. പലതുകൊണ്ടും ദ്വീപുകളുടെ റാണിയാണു മിനിക്കോയിയെന്നുറപ്പിക്കാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആന്ത്രോത്തും മററു ദ്വീപുകളും

ആന്ത്രോത്തിനെ അകലെനിന്നു രണ്ടുപ്രാവശ്യം അഭിവാദ്യംചെയ്യാനുള്ള ഭാഗ്യം എനിക്കുണ്ടായി. കപ്പലിൽനിന്നുള്ള കാഴ്ചയിൽ ഒരു ദ്വീപും മറെറാരുദ്വീപും തമ്മിൽ കാര്യമായ മാററം അനുഭവപ്പെട്ടില്ല. തെങ്ങുകളുടെ പച്ചപ്പും തീരത്തെ മണൽപരപ്പും എല്ലാ ദ്വീപുകളെയും ഏതാണ്ടൊന്നുപോലെതന്നെ അലങ്കരിക്കുന്നു. മനുഷ്യരുടെ കാര്യത്തിലെന്നപോലെ ദ്വീപുകളുടെകാര്യത്തിലും ബാഹ്യമായ ഈ സാദൃശ്യം കേവലം ഉപരിപ്ലവമാണെന്നും ഓരോന്നും നൂറുനൂറു പ്രത്യേകതകളോടുകൂടിയതാണെന്നും അടുത്തറിയുമ്പോഴേ നമുക്കു ബോദ്ധ്യമാവൂ.

ദ്വീപും ജനങ്ങളും

വലിപ്പത്തിൽ രണ്ടാംസ്ഥാനത്തും ജനസാന്ദ്രതയിൽ മൂന്നാംസ്ഥാനത്തും നില്ക്കുന്ന ആന്ത്രോത്തിലാണു ദ്വീപുകളിൽവെച്ച് ഏററവുമധികം ആളുകൾ തിങ്ങിപ്പാർക്കുന്നതു്. 4.33 ച. കി മീററർ വിസ്തീർണ്ണമുള്ള ഇവിടം ജനബാഹുല്യത്തിലെന്നപോലെ വിദ്യാർത്ഥികളുടെ ആധിക്യത്തിലും ഒന്നാംസ്ഥാനം നേടിയിരിക്കുന്നു. ആയിരത്തിലധികം വിദ്യാർത്ഥികൾ ഇവിടത്തെ ഒരു നഴ്സറിസ്കൂളിലും മൂന്നു ജൂനിയർ ബേസിക് സ്കൂളുകളിലും ഒരു സീനിയർ ബേസിക്സ്കൂളിലും ഒരു ഹൈസ്കൂളിലുമായി പഠിക്കുന്നു. എന്നിട്ടും സാക്ഷരത്വം 18 ശതമാനം മാത്രമാണു്. 1961—ലെ സെൻസസ് അനുസരിച്ച് ആകെ ജനസംഖ്യ 4183 ആണു്. അതിൽ 2045 പേർ പുരുഷന്മാരും 2138 പേർ സ്ത്രീകളുമാണു്. ഒരു ച. കി. മീറററിൽ ശരാശരി 1285 പേർ വീതം താമസിക്കുന്നു. വാസയോഗ്യമായ വീടുകളുടെ എണ്ണം 675 ആണു്.

കൊച്ചിയിൽനിന്നും കോഴിക്കോട്ടുനിന്നും ഏതാണ്ടു തുല്യദൂരത്തിൽ (200 കി. മീററർ കാണും) പടിഞ്ഞാറുഭാഗ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തുകിടക്കുന്ന ആന്ത്രോത്തു് ജനബാഹുല്യംകൊണ്ടും ജനബഹുലമായ മററു ദ്വീപുകളോടടുത്തുകിടക്കയാലുമാവണം രാഷ്ട്രീയനേതൃത്വം കരസ്ഥമാക്കിയതു്. പാർലമെൻറിൽ ലക്ഷദ്വീപിനെ മുമ്പു പ്രതിനിധീകരിച്ചിരുന്നതും ഇപ്പോഴും പ്രതിനിധീകരിക്കുന്നതും ആന്ത്രോത്തുകാരാണെന്നു പറഞ്ഞുവല്ലൊ. നേതൃസ്ഥാനീയരും രാഷ്ട്രീയബോധം തികഞ്ഞവരുമായി വേറെ പലരും ഈ ദ്വീപിലുണ്ടു്.

ആന്ത്രോത്തിനു തെക്കുഭാഗത്തുള്ള കല്പേനിയിലേക്കും പടിഞ്ഞാറുവശത്തു കവറത്തിയിലേക്കും വടക്കുപടിഞ്ഞാറു കിടക്കുന്ന അമിനിയിലേക്കും കോഴിക്കോട്ടേക്കുള്ള ദൂരമേ കാണൂ. ഇത്തരത്തിലുള്ള മദ്ധ്യസ്ഥിതിയും കരയോടടുള്ള അടുപ്പവും ജനബാഹുല്യവും പരിഗണിക്കുമ്പോഴും ഈ ദ്വീപാണു തലസ്ഥാനമാവേണ്ടിയിരുന്നതെന്നു തോന്നിപ്പോകുന്നു!

കൃഷി...വ്യവസായം

തെങ്ങു്, നെല്ലു്, കമുകു് തുടങ്ങിയ സസ്യങ്ങളും ഇവിടെ കൃഷിചെയ്യുന്നു. കല്പേനി കഴിഞ്ഞാൽ നെൽകൃഷിയുള്ള ഒരേഒരു ദ്വീപു് ആന്ത്രോത്താണെന്നു പറഞ്ഞല്ലോ. കൊപ്രാ—കയർ വ്യവസായങ്ങൾക്കുപുറമേ കോഴിവളർത്തൽ, ആടുമാടുവളർത്തൽ എന്നിവയിലും ഈ ദ്വീപുകാർ വളരെ മുന്നേറിയിരിക്കുന്നു. ഏററവും കൂടുതൽ പശുക്കളെ വളർത്തുന്ന ദ്വീപു് ആന്ത്രോത്താണു്. പത്തു മാതൃകാ കൃഷിസ്ഥലങ്ങളും ഒരു പച്ചക്കറിത്തോട്ടവും ഗവൺമെൻറു ചെലവിൽ ഇവിടെ ഉണ്ടാക്കിയിട്ടുണ്ടു്. മാതൃകാകൃഷിസ്ഥലങ്ങളിലെ തെങ്ങിൻെറ ആദായം ഉടമസ്ഥർക്കുതന്നെ എടുക്കാം. മിക്കദ്വീപുകളിലും ഇത്തരം മാതൃകാകൃഷിസ്ഥലങ്ങളുണ്ടു്. പച്ചക്കറിത്തോട്ടത്തിൻെറ കാര്യവും അങ്ങനെതന്നെ.

മററു സൗകര്യങ്ങൾ

ആരോഗ്യസംരക്ഷണത്തിനു് ഒരു ഹെൽത്തു സെൻററും ഒരു കുഷ്ഠരോഗ കോളനിയും ഇവിടെ സ്ഥാപിച്ചിട്ടു,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്ട്. ഏകദേശം എഴുപതു രോഗികളെവീതം ഓരോ ദിവസവും ഹെൽത്തുസെൻററിൽ ചികിത്സിക്കുന്നു. ഇതു് ഈ വിഷയത്തിൽ രണ്ടാംസ്ഥാനത്തു നില്ക്കുന്ന അമിനിയിലേതിൻെറ പകുതിമാത്രമാണ്.

വൈദ്യുതി എത്തിയിട്ടുള്ള കവറത്തി, അമിനി, മിനിക്കോയി, കല്പേനി, അഗത്തി ദ്വീപുകളുടെകൂടെ ആന്ത്രോത്തും പെടും. ഇവിടെയുള്ള മററു സൗകര്യങ്ങളാം പോസ്റ്റാഫീസ്, ദീപസ്തംഭം, വായനശാല, മഹിളാസമാജം, സബ്ട്രഷറി എന്നിവയാണ്.

പ്രധാനമന്ത്രിയുടെ സന്ദർശനം

പ്രധാനമന്ത്രി അവസാനം സന്ദർശിച്ച ദ്വീപ് ആന്ത്രോത്താണെന്നു പറഞ്ഞല്ലൊ. 12–ാം തീയതി ഉച്ചകഴിഞ്ഞായിരുന്നു അവിടത്തെ പരിപാടി. കൃത്യം രണ്ടുമണിക്കവിടെയെത്തിയ ശ്രീമതി ഗാന്ധി മൂന്നുമണിക്കൂർ സമയം അവിടെ കഴിച്ചുകൂട്ടി. പൊതുസമ്മേളനത്തിൽ പങ്കെടുത്തതിനു പുറമെ ക്ഷേമാമോസ്ക്കം കയർ അലങ്കരണകേന്ദ്രവും സന്ദർശിച്ചു. കൃത്യം അഞ്ചുമണിക്കു തൻെറ വിജയപര്യവസായിയായ ദ്വീപുസന്ദർശനം സമാപിപ്പിച്ചുകൊണ്ടു പ്രധാനമന്ത്രി ആന്ത്രോത്തിനോടു വിടവാങ്ങി.

അമിനിയും മററും

അമിൻ ദ്വീപസമൂഹത്തിലെ പ്രധാനപ്പെട്ട ദ്വീപാണ് അമിനി. ആ സമൂഹത്തിൽ ഇതുമാത്രമേ പ്രധാനമന്ത്രി സന്ദർശിച്ചുള്ളു. മററു നാലെണ്ണവും അമിനിയോടു താരതമ്യേന അടുത്തുകിടക്കയാലും ആൾപ്പാർപ്പു കറവാകയാലും അന്നാട്ടുകാർകൂടി ഇവിടെയെത്തി പ്രധാനമന്ത്രിയെ കാണാൻ വേണ്ട ഏർപ്പാടുകളാണു ചെയ്തതു്. 10–ാം തീയതി ഉച്ചകഴിഞ്ഞു നടത്തിയ അവിടത്തെ സന്ദർശനം ശ്രീമതി ഗാന്ധി രണ്ടുമണിക്കൂർകൊണ്ടു തീർത്തു. പ്രധാനമന്ത്രി സന്ദർശിച്ച ദ്വീപുകളിൽ ഏററവും കറച്ചുസമയമെടുത്തതു് ഇവിടെയാണ്. പൊതുസമ്മേളനവും ദ്വീപുകാരു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായുള്ള കുടിക്കാഴ്ചയും മാത്രമായിരുന്ന പരിപാടിയിലെ മുഖ്യ ഇനം.

ആദ്യകാലത്തു ദ്വീപുകളിൽ കൃഷിയിറക്കിയവർ ഏററവും നല്ല വിളവു കണ്ടതു് ഇവിടെയാണത്രെ. അതിന്റെ അടിസ്ഥാനത്തിൽ മേനിയേറിയ സ്ഥലം അമ്മേനി എന്നു് ഈ ദ്വീപിനു പേരിട്ടതായി 'ദ്വീപോല്പത്തി' ക്കാരൻ അഭിപ്രായപ്പെടുന്നു. ശരിയായിരിക്കാം. ഏതായാലും ഈ പേരിന്റെ അടിസ്ഥാനത്തിലാണു് ആ ദ്വീപസമൂഹംതന്നെ അറിയപ്പെടുന്നതു്. അമ്മേനി 'അമിനി' യായി ഇപ്പോൾ മാറിയിട്ടുണ്ടു്. അമിനിമുതൽ വടക്കോട്ടാണു് ആ ദ്വീപസമൂഹത്തിന്റെ കിടപ്പു്. തൊട്ടടുത്തു കിടക്കുന്ന കടമത്തു് വീതി നന്നേ കുറഞ്ഞതും നീളം താരതമ്യേന വളരെ കൂടിയതുമാകുന്നു. അതിനപ്പുറത്തുകിടക്കുന്ന കിൽത്താൻ, ബിത്ര, ചെത്ത്ലത്തു് എന്നിവ ആൾപ്പാർപ്പുള്ളതെങ്കിലും തീരെ ചെറിയ ദ്വീപുകളാണു്. അമിനി, കടമത്തു്, ബിത്ര എന്നിവയ്ക്കുചുററും പവിഴപ്പാറകൊണ്ടുള്ള സംരക്ഷണവലയമുണ്ടു്. ചെത്ത്ലത്തിനും കിൽത്താനും പടിഞ്ഞാറുവശത്തേ അതു കാണുന്നുള്ളു. കോഴിക്കോടിനും കാസർകോടിനുമിടയ്ക്കായി ഏകദേശം 300 കി. മീററർ പടിഞ്ഞാററാണു് ഈ ദ്വീപുകളുടെ കിടപ്പു്. ഇതിൽ അമിനിയും കടമത്തും കപ്പലിൽനിന്നു് കാണാൻ എനിക്കു കഴിഞ്ഞു.

ദീർഘഗോളാകൃതിയിലുള്ള അമിനിക്കു രണ്ടര ച. കി. മീററർ വിസ്തീർണമേ ഉള്ളെങ്കിലും അവിടെ 3531 പേർ താമസിക്കുന്നുണ്ടു്. ദ്വീപുകളിൽ ഏററവും ജനസാന്ദ്രതയുള്ള പ്രദേശം ഇതാണു്. ഒരു ച. കി. മീറററിൽ 1412പേർവീതം. 61–ലെ സെൻസസ് പ്രകാരം ജീവിക്കുന്നു. മററുപല ദ്വീപുകളേയുമപേക്ഷിച്ച് സ്ത്രീകളേക്കാളധികം പുരുഷന്മാരാണവിടെയുള്ളതു്. ആന്ത്രോത്തിലെപ്പോലെ ആടുമാടുവളർത്തൽ, കോഴിവളർത്തൽ എന്നിവയിൽ ഇവിടത്തുകാർ മുന്നിട്ടുനില്ക്കുന്നു; കൊപ്രാ, കയർ വ്യവസായങ്ങളും ഏതാണ്ടതുപോലെതന്നെ. പത്തു മാതൃകാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൃഷിസ്ഥലങ്ങളും ഒരു പച്ചക്കറിത്തോട്ടവും ഇവിടെയുമുണ്ട്. തെങ്ങുതന്നെ പ്രധാന കൃഷി.

പത്തൊൻപതു ശതമാനത്തോളംപേർ അമിനിയിൽ സാക്ഷരത്വം നേടിയിരിക്കുന്നു. ഒരു ഹൈസ്കൂളും, ഒരു സീനിയർ ബേസിക്സ്കൂളും, മൂന്നു ജൂനിയർ ബേസിക്സ്കൂളുകളും, ഒരു നഴ്സറിസ്കൂളും എന്നിവയാണു വിദ്യാലയങ്ങൾ. ആകെ ആയിരത്തിൽ താഴെ വിദ്യാർത്ഥികൾ പഠിക്കുന്നു.

സഹകരണസ്റ്റോർ, ഹെൽത്തുസെൻറർ, പോസ്റ്റോഫീസ്, വായനശാല, മഹിളാസമാജം, സബ്ട്രഷറി തുടങ്ങിയവയാണു മററു പൊതുസ്ഥാപനങ്ങൾ.

കടമത്ത്

അമിനിയേക്കാൾ വലുതാണെങ്കിലും (വിസ്തീർണ്ണം മൂന്നു ച. കി. മീററർ) കടമത്തിൽ 1851 പേരേ താമസിക്കുന്നുള്ളു. ജനസാന്ദ്രത അമിനിയുടെ പകുതിപോലുമില്ല. കൃഷി, വ്യവസായം എന്നിവയുടെ കാര്യത്തിലൊക്കെ അമിനിയുടെ ചെറിയൊരു പതിപ്പാണീ ദ്വീപ്. സാക്ഷരത്വത്തിൽ ഇതു കുറേക്കൂടി മുന്നിട്ടുനില്ക്കുന്നു. ഇരുപത്തിനാലു ശതമാനംപേർ സാക്ഷരത്വം നേടിയിട്ടുണ്ട്. സീനിയർ—ജൂനിയർ ബേസിക്സ്കൂളുകളും ഒരു നഴ്സറിസ്കൂളുമേ ഇവിടെ ഉള്ളു. കുഷ്ഠരോഗ കോളനി, ഹെൽത്തുസെൻറർ, പോസ്റ്റാഫീസ്, വായനശാല, യൂത്തുക്ലബ്ബ്, സഹകരണസ്റ്റോർ എന്നിവയാണു മററു പൊതുസ്ഥാപനങ്ങൾ.

കിൽത്താൻ

ഒന്നര ച. കി. മീററർ വിസ്തീർണവും 1520 പേർ താമസവുമുള്ള കിൽത്താൻ, കടമത്തിൻെറ വടക്ക്, ഒരു വഴുതനങ്ങയുടെ ആകൃതിയിൽ തെക്കുവടക്കായി കിടക്കുന്നു. കടമത്തിൻെറ പകുതിയേ ഈ ദ്വീപുള്ളെങ്കിലും അതിൻെറ ഇരട്ടി തെങ്ങുകൾ ഇവിടെ വളരുന്നു. പക്ഷേ, ഈ വ്യത്യാസം തേങ്ങയുടെ ഉല്പാദനത്തിൽ നിലനിറുത്താൻ കിൽത്താനു കഴിയുന്നില്ല. വ്യവസായം, കൃഷി എന്നി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വയിലെല്ലാം കടമത്തിലെ സ്ഥിതിതന്നെ ഇവിടെയും. പൊതുസ്ഥാപനങ്ങളുടെ കാര്യത്തിലും വ്യത്യാസമൊന്നുമില്ല. സാക്ഷരതാശതമാനം പത്തൊൻപതേ ഉള്ളു. കടമത്തിനെ അപേക്ഷിച്ച് കുഷ്ഠരോഗക്കോളനിയുടെ അഭാവം കാണാനുണ്ടെങ്കിൽ പകരം രണ്ടു ദീപസ്തംഭങ്ങൾ ഇവിടെ ഉയർന്നുനിന്നു പ്രകാശം ചൊരിയുന്നു.

ചെത്ത്ലത്തും ബിത്രയും

രണ്ടുംകൂടി ഒന്നേകാൽ ച. കി. മീററർ വിസ്തീർണം പോലുമില്ല. രണ്ടിടത്തുമായി 1033 പേർ പാർക്കുന്നു. 1 ച. കി. മീററുള്ള ചെത്ത്ലത്തിൽ 953 പേരും, അതിൻെറ പത്തിലൊന്നു വരുന്ന ബിത്രയിൽ 80 പേരും! കൃഷി, വ്യവസായം, സഹകരണം, ഹെൽത്തുസെൻറർ തുടങ്ങിയവയുടെ കാര്യത്തിലെല്ലാം രണ്ടുംചേർന്നു കിൽത്താനു തുല്യംനില്ക്കുന്നു. സാക്ഷരതാ 16 ശതമാനം വരും. ബിത്രയിൽ ഒരദ്ധ്യാപകൻ മാത്രമുള്ള ഒരു സ്കൂളും ചെത്ത്ലത്തിൽ ഓരോ സീനിയറും, ജൂനിയറും ബേസിക് സ്കൂളും ഉണ്ട്.

അഗത്തി

'ലക്ഷദ്വീപസമൂഹ'ത്തിലെ ജനവാസമുള്ള ദ്വീപുകളിൽ ഇതു മാത്രമാണു പ്രധാനമന്ത്രി സന്ദർശിക്കാത്തതു്. ആൾപാർപ്പുള്ള ദ്വീപുകളിൽ പടിഞ്ഞാറേ അററത്തു കിടക്കുന്നതും കടമത്തിൻെറ ആകൃതിയിൽ നീളമേറിയും വീതി കുറഞ്ഞും കാണപ്പെടുന്നതുമായ ഈ ദ്വീപിനു് മൂന്നു ച. കി. മീററിൽ താഴെ വിസ്തീർണമുണ്ട്. 2411 പേർ താമസിക്കുന്നു; 1269 പുരുഷന്മാരും 1242 സ്ത്രീകളും. രോഗികൾ ഏററവുമധികം ഇവിടെയാണെന്നു തോന്നുന്നു. ആശുപത്രിയിൽ പ്രതിദിനം 176 പേരെ ചികിത്സിക്കുന്നു.

കൃഷി, വ്യവസായം, സഹകരണം, എന്നിവയുടെ കാര്യത്തിലൊന്നും കടമത്തിൽനിന്നു കാര്യമായ വ്യത്യാസം ഇവിടെയില്ല. കടമത്തിലെപ്പോലെതന്നെ 24 ശതമാനം പേർ ഇവിടെയും സാക്ഷരതാ നേടിയിരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്കൂളിൻെറ കാര്യത്തിലും വലിയ വ്യത്യാസമില്ല. ഹൈസ്കൂറം രണ്ടിടത്തുമില്ല. ഇവിടെ കുഷ്ഠരോഗ കോളനിയി ല്ലെങ്കിൽ പകരം ബോട്ടുജെട്ടിയുണ്ട്. വൈദ്യുതീകരണം നടന്നിട്ടുമുണ്ട്. മററു കാര്യങ്ങളെല്ലാം ഏതാണ്ടൊന്നുപോലെതന്നെ. ഇത്രയുംകൊണ്ടു ജനവാസമുള്ള ദ്വീപുകളുടെ വിവരണം തീരുന്നു. ഇനി പൊതുവായി ചില കാര്യങ്ങറംകൂടി പറയാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരോഗതിയുടെ പാതയിൽ

ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന പുനർവിഭജനം നിലവിൽ വന്ന 1956 നവംബർ 1-ാം തീയതി മുതൽ ലക്ഷദ്വീപുകൾ കേന്ദ്രഗവൺമെൻറിൻെറ നേരിട്ടുള്ള ഭരണത്തിൻ കീഴിലാണെന്നു പറഞ്ഞുവല്ലൊ. കറെക്കൂടി വ്യക്തമായും ശരിയായും പറഞ്ഞാൽ ഇന്ത്യൻ പ്രസിഡൻറ് ഒരു അഡ്മിനിസ്ട്രേററർ മുഖേന ഈ ദ്വീപുകളുടെ ഭരണം നടത്തുന്നു. ദ്വീപുകൾ അങ്ങനെ പ്രസിഡൻറുഭരണത്തിൻ കീഴായിട്ടു രണ്ടു പഞ്ചവൽസരപദ്ധതികളും ഒരു വ്യാഴവട്ടവും കഴിഞ്ഞിരിക്കുന്നു. ഈ പത്തുപതിമൂന്നു വർഷംകൊണ്ടു ദ്വീപുകളുടെ മുഖഛായ അമ്പേ മാറിയിട്ടുണ്ടെന്നു പറഞ്ഞാൽ അതൊരു അതിശയോക്തിയാവില്ല. 1956-നു മുമ്പു മദ്രാസ് ഗവൺമെൻറിൻെറ ഭരണത്തിൻകീഴിലായിരിക്കെ അവിടം സന്ദർശിച്ച മദ്രാസ് ഗവർണർ ശ്രീപ്രകാശയോടൊപ്പം ദ്വിഭാഷിയായിപ്പോയ ശ്രീ എൻ. വി. കൃഷ്ണവാര്യരുടെ വിവരണം വായിച്ചിട്ടു ദ്വീപുകളുടെ ഇന്നത്തെ അവസ്ഥയെപ്പററി ചിന്തിച്ചപ്പോൾ എനിക്കത്ഭുതം തോന്നി. പല കാര്യങ്ങളിലും അടിസ്ഥാനപരമായ മാററം അവിടെ വന്നുചേർന്നിരിക്കുന്നു അതിൽ ഏററവും ശ്രദ്ധേയം സഹകരണപ്രസ്ഥാനത്തിൻെറ കാര്യമാണ്. കണ്ണൂർ ഭാഗത്തുനിന്നും മററുമുള്ള കച്ചവടക്കാരാണ ദ്വീപുകളിൽ, വിശേഷിച്ചും മിനിക്കോയിയിൽ, കച്ചവടം നടത്തിയിരുന്നത്. അവർ, ദ്വീപുല്പന്നങ്ങൾ വാങ്ങി പകരം ദ്വീപുകാർക്കാവശ്യമുള്ള സാധനങ്ങൾ നല്കിയിരുന്നു. പക്ഷെ ഇത്തരത്തിൽ വലിയ അക്രമങ്ങളാണ് അവർ പ്രവർത്തിച്ചിരുന്നത്. 1952-53 കാലത്ത് ഒരു കഷണം ഉള്ളിക്കു പകരം ഒരു നാളികേരം എന്ന കണക്കിന് ആ കച്ചവടക്കാർ ദ്വീപുകാരെ കൊള്ളയടിച്ചിരുന്നു. ഈ തട്ടിപ്പിൻെറ സ്ഥാനത്ത് എല്ലാ ദ്വീപിലും സഹകരണസംഘങ്ങൾ ഉണ്ടാവുകയും അതിൽ ഒട്ടേറെ ദ്വീപ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കരം ഓഹരിക്കാരാവുകയും ചെയ്യത്തക്ക രീതിയിൽ നടപടികളെടുത്ത അഡ്മിനിസ്ട്രേഷനെ അഭിനന്ദിച്ചേ തീരൂ. സഹകരണസ്റ്റോറുകളിൽനിന്നു ന്യായമായ വിലയ്ക്കു സാധനങ്ങൾ വാങ്ങാനും തങ്ങളുടെ ഉല്പന്നങ്ങൾ അവിടെ കൊടുക്കാനും ദ്വീപുകാർക്കു കഴിയുന്നു.

സഹകരണസംഘങ്ങൾ

1961–'62–ലാണ് ആദ്യമായി ആന്ത്രോത്ത്, അമിനി, കവറത്തി ദ്വീപുകളിൽ ഓരോ സഹകരണസംഘം സ്ഥാപിച്ചത്. 1962–'63 ആയപ്പോഴേക്കും മറ്റെല്ലാ ദ്വീപുകളിലും സംഘങ്ങൾ സ്ഥാപിതമായി. ഇവ പെട്ടെന്നു നേടിയ വളർച്ചയ്ക്കും അംഗീകാരത്തിനും 'അത്ഭുതകരം' എന്ന വിശേഷണമേ യോജിക്കൂ. ദ്വീപുകാർക്കു വേണ്ട സർവവസ്തുക്കളും ഇന്നു സഹകരണസംഘങ്ങൾ വഴി നല്കപ്പെടുന്നു. കൊപ്രാ തുടങ്ങിയ ദ്വീപുല്പന്നങ്ങൾ വാങ്ങി കരയിൽ വില്ക്കുന്നതും അവ തന്നെ. 1967–'68–ൽ നാല്പത്താറര ലക്ഷം രൂപയുടെ സാധനങ്ങൾ സഹകരണസംഘംവഴി ദ്വീപുകാർക്കു നല്കിയിട്ടുണ്ട്. വാങ്ങിയ കൊപ്രായുടെ വില 42 ലക്ഷവും വരും. ഈ പ്രസ്ഥാനത്തിന്റെ തുടക്കത്തോടെ കച്ചവടക്കാർ ഒന്നൊന്നായി കടകൾ പൂട്ടി. കൊള്ളലാഭം അങ്ങനെ ദ്വീപുകളോടു വിട വാങ്ങുകയും ചെയ്തു. ഇപ്പോൾ ഏഴായിരത്തിൽ പരം അംഗങ്ങളും 37 ലക്ഷം രൂപാ പ്രവർത്തനമൂലധനവുമുള്ള സഹകരണസംഘങ്ങൾ ദ്വീപുകളിലെ കാൻറീനുകളും ബേക്കറികളുമെല്ലാം നടത്തുന്നു.

വിദ്യാഭ്യാസസൗകര്യം

ദ്വീപുകളിൽ കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്തിനകമുണ്ടായിട്ടുള്ള അത്ഭുതകരമായ പുരോഗതിയുടെ പരസ്യപ്പലകകളായി നില്ക്കുന്ന മറ്റൊരു ഘടകം വിദ്യാഭ്യാസസ്ഥാപനങ്ങളാണ്. 1956–നു മുമ്പ് ആകെ 9 പ്രൈമറി സ്കൂളുകളും എല്ലായിടത്തുമായി 14 അധ്യാപകരും 1500 വിദ്യാർത്ഥികളുമുണ്ടായിരുന്നതു് ഇപ്പോൾ 40 സ്കൂളുകളും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുന്നൂറിൽപരം അദ്ധ്യാപകരും ആറായിരത്തിലധികം വിദ്യാർത്ഥികളുമായി വർദ്ധിച്ചിരിക്കുന്നു. 1956–നു മുമ്പ് അങ്ങേയററം 15 പെൺകുട്ടികളാണ് ഓരോ വർഷവും എല്ലാ സ്കൂളിലുമായി പഠിക്കാനുണ്ടാവുക. ഇപ്പോഴത്തു രണ്ടായിരത്തിനു മേലാണ്. നഴ്സറിസ്കൂൾ മുതൽ ഹയർ സെക്കണ്ടറിസ്കൂൾവരെ എല്ലാ വിഭാഗത്തിലുംപെടുന്ന സ്കൂളുകൾ അവിടെയുണ്ട്. നാലു ഹൈസ്കൂളുകളും 11 സീനിയർ ബേസിക് സ്കൂളുകളും (അപ്പർ പ്രൈമറി) 18 ജൂനിയർ ബേസിക് (ലോവർ പ്രൈമറി) സ്കൂളുകളും ഒരു ഹയർ സെക്കണ്ടറിയും ആറു നഴ്സറിസ്കൂളുകളുമാണ് എല്ലാ ദ്വീപുകളിലുമായുള്ളത്. അരമണിക്കൂർ കായികാഭ്യാസമുൾപ്പെടെ അഞ്ചരമണിക്കൂർ പഠനമാണു ദിവസവും സ്കൂളിൽ നടക്കുന്നത്. 'ബേസിക്' എന്ന വിശേഷണം സ്കൂളിന്റെ പിന്നിൽചേരാൻ ഇതാണു കാരണം. ദ്വീപുകാരുടെ അടുത്ത സ്വപ്നം ഒരു കോളജാണ്. അതിനും അധിക കാലതാമസമുണ്ടാകുമെന്നു തോന്നുന്നില്ല. നാലാം പഞ്ചവത്സര പദ്ധതിക്കാലത്തു കവറത്തിയിൽ ഒരു ജൂനിയർ കോളജു തുടങ്ങുമെന്നറിയുന്നു.

സൗജന്യവിദ്യാഭ്യാസമാണ് ഇവിടെ നല്കുന്നത്. ഇവിടെമാത്രമല്ല, ഇവിടെനിന്നു പുറത്തുപോയി കോളജ് വിദ്യാഭ്യാസം നടത്തുന്ന കുട്ടികൾക്കും, എല്ലാം സൗജന്യമാണ്. ഭക്ഷണത്തിനും മററു ചെലവുകൾക്കുംവേണ്ട സ്കോളർഷിപ്പ് അഡ്മിനിസ്ട്രേഷൻ നൽകുന്നു. അങ്ങനെ 115 സ്കോളർഷിപ്പുകൾ ഇപ്പോൾ നല്കുന്നുണ്ടത്രേ. അതിൽ പതിനാലു് എം. ബി. ബി. എസ്. വിദ്യാർത്ഥികളും രണ്ടു് എഞ്ചിനീയറിംഗ് വിദ്യാർത്ഥികളും പെടുന്നു. ഇതൊക്കെയായിട്ടും ദ്വീപുകളിലെല്ലാംകൂടിയുള്ള സാക്ഷരത്വം ഇരുപത്തിമൂന്നുശതമാനം മാത്രമാണ്. പഠനകാര്യത്തിൽ തീരെ ശ്രദ്ധയില്ലാത്ത കുട്ടികളാണു ദ്വീപിലേതെന്നു ചില അദ്ധ്യാപകർ പറയുകയുണ്ടായി. പഠിച്ചുകൊണ്ടു വരാതിരുന്നാൽ ശിക്ഷിക്കാനുംവയ്യ—കാരണം അവരുടെ മാതാപിതാക്കൾ ഇടപെടുകയും കേസ് അഡ്മിനിസ്ട്രേററുടെ അടുത്തുവരെ എത്തുകയും ചിലപ്പോൾ അദ്ധ്യാപ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൺെറ ജോലി പോവുകയും ചെയ്യൊന്നവരും! ഈ സാഹചര്യത്തിൽ 'പോകുന്നവഴിയേ അടിക്കാ'നല്ലാതെ, നിർബ്ബന്ധിച്ച് പഠിപ്പിക്കാൻ ആരും തയ്യാറാവില്ലല്ലൊ.

ഇതോടൊപ്പം ആ വിദ്യാർത്ഥികളുടെ മേന്മ നാം കാണുകയും വേണം. അവരോളം അച്ചടക്കവും അനുസരണ ശീലവും സരളസ്വഭാവവുമുള്ള കുട്ടികൾ വേറെ ഉണ്ടോ എന്നു സംശയം. (ഈ അനുസരണവും അച്ചടക്കവും ഭയജന്യമാണോ എന്ന ആശങ്ക എന്നെ അലട്ടാതിരിക്കുന്നില്ല. ആണെങ്കിൽ അതു ഭൂഷണമല്ലതാനും.) ദ്വീപിൽനിന്നു കോളജുവിദ്യാഭ്യാസത്തിനായി കോഴിക്കോട്ടും പാലക്കാട്ടും എത്തിയിട്ടുള്ള കുറേ വിദ്യാർത്ഥികളെ എനിക്കു പരിചയമുണ്ട്. അവർപുലർത്തുന്ന അന്തസ്സും അച്ചടക്കവും ഒന്നു പ്രത്യേകമാണ്. അതോടൊപ്പം കഠിനാദ്ധ്വാനശീലംകൂടി വളർത്തിയെടുത്താൽ ഇവർ ഏതുരംഗത്തും മികവുററവരായി ശോഭിക്കുമെന്നെനിക്കുറപ്പുണ്ട്.

കൃഷി—വ്യവസായം

ഈ രംഗങ്ങളിലും കഴിഞ്ഞ രണ്ടു പഞ്ചവത്സരപദ്ധതികൾവഴി (ഒന്നാംപഞ്ചവൽസരപദ്ധതി ദ്വീപിൽ നടപ്പായില്ല; അന്നു മദ്രാസ് സംസ്ഥാനത്തിൻെറ ഭാഗമായിരുന്നല്ലൊ ദ്വീപുകൾ.) ഗണ്യമായ പുരോഗതി ഉളവാക്കാൻ അഡ്മിനിസ്ട്രേഷനു കഴിഞ്ഞിട്ടുണ്ട്. തെങ്ങാണല്ലൊ മുഖ്യകൃഷി. അതുതന്നെയും സമത്ഥമായി ചെയ്യാൻ ദ്വീപുകാർക്കറിയില്ല. തെങ്ങു കഴിച്ചുവച്ചു കഴിഞ്ഞാൽ പിന്നെ തിരിഞ്ഞുനോക്കുമായിരുന്നില്ല കൃഷിക്കാർ. തെങ്ങിലെ വെള്ളയ്ക്കുയധികവും എലി നശിപ്പിക്കുകമൂലം ആദായം വളരെ കുറവായിരുന്നു. രണ്ടാംപഞ്ചവൽസരപദ്ധതിക്കാലത്ത് എലികളെ നശിപ്പിക്കാനും നല്ല വിത്തുകൾ (തൈകൾ) നൽകാനും വേണ്ടതുചെയ്തു. മാതൃകാകൃഷിത്തോട്ടങ്ങളുണ്ടാക്കി രാസവളങ്ങളുടെ പ്രയോഗം കൃഷിക്കാരെ മനസ്സിലാക്കിയതും പച്ചക്കറികൾ കൃഷിചെയ്തു പഠിപ്പിച്ചതും അഡ്മിനിസ്ട്രേഷൻ ചെയ്ത നല്ല കാര്യങ്ങളാകുന്നു. ഇക്കാര്യങ്ങളിൽ ദ്വീപിലെ കൃഷിഡിപ്പാർ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ട്ടുമെൻറ് വളരെ ശ്രദ്ധ ചെലുത്തുന്നുണ്ടെന്നാണറിയാൻ കഴിഞ്ഞത്. നല്ല വിത്തുകൾ ദ്വീപുകാർക്കു നല്കാനും കൃഷിത്തോട്ടങ്ങൾ സംരക്ഷിക്കാനും മററുമായി 15 മേസ്ത്രിമാരെ ദ്വീപുകളിൽ നിയമിച്ചിട്ടുണ്ട്. വിത്തുകൾ കുറഞ്ഞ വിലയ്ക്കാണത്രെ നൽകുന്നത്.

കുടിൽവ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുകയേ വ്യവസായരംഗത്തു കാര്യമായി ചെയ്യാനുള്ളു. കാരണം വൻകിടവ്യവസായങ്ങൾക്ക് ഇവിടെ സാദ്ധ്യതയില്ല. ബോട്ടുനിർമ്മാണംപോലും നഷ്ടത്തിലാണെന്നു കേട്ടതായി പറഞ്ഞല്ലൊ. കയർവ്യവസായപുരോഗതിക്കായി രണ്ടാം പഞ്ചവൽസരപദ്ധതിക്കാലത്തു 'ചർക്ക'കൾ ഉപയോഗിച്ചു തുടങ്ങിയതു് ഈ രംഗത്തെ ഒരു പരിഷ്കാരമാകുന്നു. പക്ഷേ, ഇതോടുകൂടി ദ്വീപുകയറിൻെറ മേന്മയ്ക്കും പ്രസിദ്ധിക്കും ഇടിച്ചിൽ തട്ടിയെന്നറിയാൻ കഴിഞ്ഞു. ചർക്കകൊണ്ടു പിരിച്ചെടുക്കുന്ന കയർ കൈകൊണ്ടുണ്ടാക്കിയിരുന്ന കയറിനൊപ്പം ഈടു നില്ക്കുന്നില്ല.

ദ്വീപുകളിൽ മനുഷ്യരോടൊപ്പം നിരവധി രോഗങ്ങളും വളരുന്നതായി സൂചിപ്പിക്കുകയുണ്ടായി. മന്തും, കുഷ്ഠവുമാണു പ്രധാനം. ആശുപത്രികളും കുഷ്ഠരോഗകോളനികളും സ്ഥാപിച്ചും, നല്ല വെള്ളം കുടിക്കാൻ കിട്ടത്തക്ക ഏർപ്പാടുകൾ ചെയ്തും ഇക്കാര്യത്തിൽ അഡ്മിനിസ്ട്രേഷൻ ശ്രദ്ധിക്കുന്നുണ്ട്. ആകെ രണ്ടാശുപത്രികളും ഏഴു ഹെൽത്തുസെൻററുകളും ജനവാസമുള്ള ഒൻപതു മുഖ്യദ്വീപുകളിലായി പ്രവർത്തിക്കുന്നു. രണ്ടും മൂന്നും പഞ്ചവത്സരപദ്ധതിക്കാലത്തെ പ്രവർത്തനഫലമായി മന്തുബാധിതരുടെ സംഖ്യ 15 ശതമാനത്തിൽനിന്നു ആറു് ശതമാനമായി കുറഞ്ഞിട്ടുണ്ടെന്നു കണക്കുകൾ സൂചിപ്പിക്കുന്നു.

മൃഗസംരക്ഷണത്തെക്കുറിച്ചും ഇതോടൊപ്പം പറയണം. കാരണം നല്ല പാലും മുട്ടയും ഉപയോഗിക്കുക, ആരോഗ്യം കാത്തുസൂക്ഷിക്കാൻ അത്യാവശ്യമാണല്ലൊ. മൃഗസംരക്ഷണത്തിനു ദ്വീപുകാർ തീരെ തല്പരരായിരുന്നില്ല. രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു് ആറേഴു കോഴിവളത്തൽ കേന്ദ്രങ്ങളും രണ്ടു ഡയറികളും സ്ഥാപിച്ചു് ഇക്കാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ര്യത്തിലും അഡ്മിനിസ്ട്രേഷൻ വേണ്ടതു ചെയ്തിട്ടുണ്ട്. ആടുവളർത്തലും ഇവിടെ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ട്.

ദ്വീപുകളിൽ ശരിക്കു നടത്തി വിജയം വരിക്കാവുന്ന വ്യവസായം മത്സ്യബന്ധനമാണ്. മിനിക്കോയി ജനതമാത്രമേ ഇക്കാര്യത്തിൽ ഗണ്യമായ പുരോഗതി നേടിയിട്ടുള്ളു. രണ്ടാം പഞ്ചവത്സരപദ്ധതിക്കാലം മുതൽ മെഷീൻ ബോട്ടുപയോഗിച്ചു മത്സ്യം പിടിക്കാൻ, ഫിഷറീസ് ഡിപ്പാർട്ടുമെൻറ്, ദ്വീപുകാരെ പരിശീലിപ്പിക്കുന്നു. ഇപ്പോഠം മത്സ്യബന്ധന സഹകരണസംഘങ്ങഠം ശരിക്കു പ്രവർത്തിക്കുകയും വൻതോതിൽ മത്സ്യം പിടിക്കയും ചെയ്യുന്നുണ്ട്. മിനിക്കോയിക്കു പുറമേ അഗത്തിയിലും കാനിംഗ് ഏർപ്പെടുത്തി വിജയം വരിച്ചിരിക്കുന്നു. ടൂണാ മത്സ്യമാണ് ഇതിനുപയോഗിക്കുന്നതു്.

യാത്രാസൗകര്യം

പ്രസിഡൻറു ഭരണത്തിൻ കീഴിലായശേഷമേ ഇക്കാര്യത്തിലെന്തെങ്കിലും സംഭവിച്ചിട്ടുള്ളു എന്നു പറഞ്ഞാൽ തെററാവില്ല. 1957 മുതൽ ഒരു കപ്പലും '63 മുതൽ രണ്ടു കപ്പലുകളും ദ്വീപുകളെ തമ്മിലും അവയെ കേരളവുമായും ബന്ധിപ്പിച്ചുകൊണ്ടു സർവീസു നടത്തുന്നു. ഇപ്പോഴതിനുപയോഗിക്കുന്ന കപ്പലുകളാണ് 'രാജലക്ഷ്മി'യും 'ലക്ഷദ്വീപും'. ഇതിൽ ആദ്യത്തേതു് അഡ്മിനിസ്ട്രേഷൻ വാടകക്കെടുത്തിരിക്കുന്നതാണ്. പ്രതിദിനം ആയിരത്തിലേറെ രൂപയാണത്രെ വാടക. 'ലക്ഷദ്വീപ്' അഡ്മിനിസ്ട്രേഷൻവക കപ്പലാണ്. 1970–ൽ മറെറാരു കപ്പൽകൂടി അഡ്മിനിസ്ട്രേഷൻ സമ്പാദിക്കുമെന്നും അതോടെ 'രാജലക്ഷ്മി'യെ പിരിച്ചയക്കുമെന്നും അറിയുന്നു. (ഇതു സംഭവിച്ചുകഴിഞ്ഞു. '67ലെ സ്ഥിതി വച്ചാണ് ഈ ലേഖനങ്ങഠം തയ്യാറാക്കിയതു്.)

വാർത്താവിനിമയത്തിനു ടെലിഗ്രാം സൗകര്യം മിക്കവാറും എല്ലാ ദ്വീപുകളിലുമുണ്ട്. പോസ്റ്റോഫീസിൻെറ കാര്യവും അങ്ങനെതന്നെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒന്നടിവിട്ട ദിവസമെങ്കിലും എല്ലാ ദ്വീപിലും കപ്പലെത്തുമെന്നുവന്നാൽ പ്രശ്നങ്ങളധികവും പരിഹരിക്കപ്പെട്ടുമെന്നു ദ്വീപിലെ എജ്യുക്കേഷനൽ ഓഫീസർ പറഞ്ഞതു് ഓർമ്മിച്ചുപോകുന്നു. ഇപ്പോൾ മുൻപറഞ്ഞ യാത്രാസൗകര്യങ്ങളും മററുമുണ്ടെങ്കിലും ആളുകൾക്കൊരു ഏകാന്തത്തടവിന്റെ ഭീതി നിലനില്ക്കുന്നു. ഇതു നീങ്ങണമെങ്കിൽ 'കര' (main land) അകലെയല്ലെന്ന ബോധം ദ്വീപുകാർക്കുണ്ടാവണം. കപ്പലിൽ ഒന്നോ രണ്ടോ ദിവസമിരുന്നാലേ കരകാണൂ എന്ന അവസ്ഥയാണിപ്പോൾ. മഴക്കാലത്തെസ്ഥിതി പറയുകയും വേണ്ട. ഇതിനൊരറുതിയുണ്ടാവാൻ മിനിക്കോയി, ആന്ത്രോത്തു് എന്നീ വലിയ ദ്വീപുകളുമായെങ്കിലും വിമാനസർവീസ് സാധിക്കുമോ എന്നാലോചിക്കണം. ആന്ത്രോത്തിൽനിന്നു മററു പ്രധാനദ്വീപുകളിലേക്കു ഹെലികോപ്ററർ സർവീസും ആകാം.

ടൂറിസ്ററ് കേന്ദ്രം

ദ്വീപുകളിൽ ജോലിചെയ്യുന്ന കരയിൽനിന്നുള്ളവരെ അലട്ടുന്ന പ്രധാനപ്രശ്നം കരയുമായുള്ള ബുദ്ധിമുട്ടാണ്. ബന്ധുമിത്രാദികളധികവും കരയിലായിരിക്കെ അപ്രതീക്ഷിതമായൊരത്യാവശ്യം വന്നാൽ ഒന്നോടിയെത്താൻ—ഉററവരാരെങ്കിലും മൃതിയടഞ്ഞാൽ മൃതദേഹമെങ്കിലും ഒരുനോക്കു കാണാൻ—അവർക്കു കഴിയാതെപോകുന്നു. ഈ ദൗർഭാഗ്യകരമായ ഒരനുഭവമാണ്. ദ്വീപിൽ ജോലിക്കുപോയ 'ധിക്കാര'ത്തിനു ശിക്ഷയായി ഈ ദുരനുഭവംകൂടി അവർണ്ടുണ്ടാകുന്നതു കഷ്ടമാണ്. ഇതിനു മാററമുണ്ടാവണമെങ്കിൽ മുൻപറഞ്ഞപോലെ വിമാനസർവീസ്തന്നെ തുടങ്ങണം. ലക്ഷദ്വീപിനെ ഒരു ടൂറിസ്റ്റു കേന്ദ്രമാക്കിയാൽ ഇതു് എളുപ്പമാണ്. അതിനുള്ള ശ്രമമാണ് ഇനി നടക്കേണ്ടതു്.

ദ്വീപുജനത പൊതുവേ മടിയന്മാരും വിവാഹം, വിവാഹമോചനം, അതിർത്തിത്തർക്കം, കേസ് തുടങ്ങിയവയുമായി സമയം നഷ്ടപ്പെടുത്തുന്നവരുമാണെന്നു ദ്വീപുകാരായ ചില ആളുകൾതന്നെ എന്നോടു പറയുകയു

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

ണ്ടായി. ഈ രീതിക്കൊരു മാററമുണ്ടാവാതെ കേന്ദ്രഗവ്ണ്മെൻറ് എത്ര പണം ചെലവഴിച്ചാലും വിചാരിക്കുന്ന പുരോഗതി ഉണ്ടാവാൻ ഞെരുക്കം. പുരോഗതി എപ്പോഴും സ്വാശ്രയശീലം, അദ്ധ്വാനശീലം എന്നിവയിലധിഷ്ഠിതമായിരിക്കണം. മററുള്ളവർ അടിച്ചേല്പിക്കുന്ന പുരോഗതി താല്ക്കാലികവും നാമമാത്രവുമായിരിക്കും. ദ്വീപുജനതയുടെ മനോഭാവത്തിനും സ്വഭാവത്തിനും മാററമുണ്ടാവാതെ ശാശ്വതമായ പുരോഗതി ഉണ്ടാവില്ല. അതിനെന്താണു വഴി?

ഇതേപ്പററി സംസാരിച്ചപ്പോൾ ഒരു ഉയർന്ന പോലിസുദ്യോഗസ്ഥൻ നൽകിയ നിർദ്ദേശം നന്നായി തോന്നി. കോട്ടയം ഡിസ്ട്രിക്റ്റിലെ അദ്ധ്വാനശീലരായ കുറെ ആളുകളെ സകുടുംബം ഓരോ ദ്വീപിലും താമസിപ്പിക്കുക എന്നതാണ് ആ നിർദ്ദേശം. ദ്വീപിൽ സ്ഥലസൗകര്യമില്ലെന്നു വന്നാൽ പകരം അത്രയും കുടുംബങ്ങളെ കരയിലേക്കും കൊണ്ടുവരാം. അതിൻെറ ഫലം ഏതാനും വർഷംകൊണ്ടറിയാൻ കഴിയും. ദ്വീപുമുഴുവൻ മനോഹരമായ കൃഷിത്തോട്ടമായി മാറും എന്നു പ്രസ്തുത ഉദ്യോഗസ്ഥൻ പറഞ്ഞപ്പോൾ 'സംഭവിച്ചുകൂടാത്തതല്ല' എന്നെനിക്കും തോന്നി. ദ്വീപുഭരണാധികാരികൾ ഈ വഴിക്കും ചിന്തിക്കുന്നതു കൊള്ളാം.

ചില വൈകല്യങ്ങൾ

ദ്വീപുഭരണാധികാരികൾ ചെയ്ത നല്ല കാര്യങ്ങളും അതുമൂലം ദ്വീപുകളിലുണ്ടായ അഭിവൃദ്ധിയും ഇതിനോടകം സംഗ്രഹിച്ചു കഴിഞ്ഞു. ഇനിയും അവശ്യം ചെയ്യേണ്ട ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനും മറന്നിട്ടില്ല. ഇതോടൊപ്പം നാം ഓർമ്മിക്കേണ്ട മറെറാരു സത്യം, നന്മമാത്രമായി ലോകത്തിൽ ഒന്നുമില്ല എന്നതാണ്. ദ്വീപുഭരണത്തിൻെറ ചില ഇരുണ്ട വശങ്ങളിലേക്കു വിരൽ ചൂണ്ടുവാനാണ് ഈ വാക്യം ഞാൻ കുറിച്ചതു്. ഉയർന്ന ഉദ്യോഗസ്ഥന്മാർ താഴേക്കിടയിലുള്ളവരെ ദാസന്മാരെപ്പോലെ കണക്കാക്കുന്നു എന്നൊരാക്ഷേപം ചിലർ പറഞ്ഞുകേട്ടു. ജാതിവ്യവസ്ഥ വിട്ടുമാറിയിട്ടില്ലാത്ത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്വീപിൽ അതുണ്ടായില്ലെങ്കിലേ അത്ഭുതമുള്ളു. പക്ഷേ 'പുരോഗമിച്ചു'കഴിഞ്ഞ കരയിൽനിന്നു ചെല്ലുന്നവർ ഈ അല്പ്പതാം കാണിക്കുമ്പോൾ ദുഃഖംതോന്നും, അഡ്മിനിസ്ട്രേഷൻെറ കീഴിലുള്ള പല ജോലിക്കാരെയും സ്ഥിരപ്പെടുത്താതെ, 'പിരിച്ചുവിടൽ' ഭീഷിണിയിന്മേൽ അച്ചടക്കം അഭ്യസിപ്പിക്കുന്നതായും കേട്ടു! സത്യമോ, എന്തോ!

ദേശരക്ഷാവിഷയത്തിൽ പ്രാധാന്യമുള്ള ഇത്തരം സ്ഥലങ്ങളിൽ ഒട്ടേറെ പണം ചെലവഴിക്കുകയും ആളുകളുടെ സ്വാതന്ത്ര്യത്തിന്മേൽ അതുപോലെതന്നെ വിലങ്ങുവയ്ക്കുകയും ഏതു ഗവൺമെൻറും ചെയ്യുന്നതാണ്. ഈ കാൽലക്ഷം ആളുകൾക്കായി പത്തുവർഷംകൊണ്ടു് (രണ്ടു പഞ്ചവത്സരപദ്ധതി) നൂററമ്പതു ലക്ഷത്തോളം രൂപ മുടക്കിക്കഴിഞ്ഞ കേന്ദ്രഗവൺമെൻറു് ചില അസ്വാതന്ത്ര്യങ്ങൾ അവിടെ കല്പിച്ചുവച്ചിട്ടുണ്ടെങ്കിൽ പരാതിക്കു കാര്യമില്ല. (ഒരുദാഹരണം: അവിടെനിന്നോ അവിടേക്കോ യഥേഷ്ടം പോകാൻ ആർക്കും അവകാശമില്ല.) എന്നാൽ, പ്രധാനമന്ത്രിയുടെ സന്ദർശനപരിപാടികളിലൊന്നിനുപോലും ദേശീയഗാനാലാപം ഉണ്ടാകാതെ പോയതിനു് 'ഹിന്ദു' പത്രപ്രതിനിധി ശ്രീ പട്ടാഭിരാമൻ പറഞ്ഞപോലെ ദ്വീപുഭരണാധികാരികൾ തന്നെ മറുപടി പറയണം!

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മടക്കയാത്ര

പ്രസംഗിക്കാൻപോയാൽ ചിലപ്പോഴൊക്കെ വന്നു പെടുന്ന ഒരു ദുരനുഭവമുണ്ട്. അങ്ങോട്ടു 'ചക്രവർത്തമാന'മൊക്കെപ്പറഞ്ഞു കാറിലും തണ്ടിലുമേററിക്കൊണ്ടുപോവും. മന്ത്രിയോ മററോ അദ്ധ്യക്ഷനോ ഉദ്ഘാടകനോ ആയിട്ടുണ്ടെങ്കിൽ വല്ല മൂലയിലും കുഷനോ കയ്യോ ഇല്ലാത്ത കസേരയിലോ സ്റ്റൂളിലോ ഒരിരിപ്പിടം കിട്ടും. 'ബഹുമാനപ്പെട്ട മന്ത്രി' 'ബഹുകാര്യവ്യഗ്രത' കൊണ്ടു പ്രസംഗം കഴിഞ്ഞാലുടൻ സ്ഥലംവിടും. അതോടെ പൊതുജനവും സമ്മേളനസ്ഥലം വിടും. പിന്നെ ഈ പ്രസംഗകനെന്ന 'നായിന്റെ മോൻ' പൊതുജനത്തിന്റെ ആസനത്താൽ അല്പം മുമ്പുവരെ അലംകൃതമായിരുന്ന ബഹുമാനപ്പെട്ട ബഞ്ചുകളെ നോക്കി കുറേനേരം കുരയ്ക്കണം. 'കുര' കഴിഞ്ഞു ജനത്തിനും ഭാരവാഹികൾക്കും കൃതജ്ഞതയും 'പ്രകാശിപ്പിച്ചു'കൊണ്ടു മടക്കയാത്രയ്ക്കു ചെല്ലുമ്പോൾ, 'ആടുകിടന്നിടത്തു പൂടയുമില്ല' എന്ന മട്ടിൽ, കാറുമില്ല; കാറിൽ കൂട്ടിക്കൊണ്ടു വന്നവരുമില്ല. ഈശ്വരാനുഗ്രഹത്താൽ വല്ലവരും പ്രത്യക്ഷപ്പെട്ട് ഏതെങ്കിലും ബസ്സിൽ കയററിവിട്ടാൽ ഭാഗ്യം! ഈയൊരു ദുരന്തം പ്രസംഗത്തൊഴിലാളിയായി സേവനമനുഷ്ഠിച്ചിട്ടുള്ളവർക്ക് ഒരിക്കലെങ്കിലും ഉണ്ടായിക്കാണും. ദ്വീപുപരിപാടി കഴിഞ്ഞുള്ള മടക്കയാത്രയിൽ ഇത്രയൊന്നും പ്രതീക്ഷിച്ചില്ലെങ്കിലും തീരെ പ്രതീക്ഷിക്കാതിരുന്നുമില്ല.

കപ്പലിലെ തിരക്ക്

അങ്ങോട്ടു പോയപ്പോൾ ഞങ്ങളായിരുന്നു 'വി. ഐ. പി.'കൾ. ദ്വീപിലും പ്രധാനമന്ത്രി എത്തുന്നതുവരെ മുഖ്യാതിഥികൾ ഞങ്ങൾതന്നെ! ഞാനും ശ്രീ പത്മനാഭക്കുറുപ്പുമാണെങ്കിൽ പ്രധാനമന്ത്രിക്കു നാട്ടുകാരോടു സംസാരിക്കാനുള്ള ജിഹ്വകളാണ് എന്നിരിക്കേ ഞങ്ങളുടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

'മഹത്വം' വാചാമഗോചരമെന്നേ പറയേണ്ടു! ഇതെല്ലാം കണ്ടും അറിഞ്ഞും അധികാരികൾ കപ്പലിൽ പ്രമുഖസ്ഥാനവും അതിനൊത്ത സൗകര്യങ്ങളും ഉണ്ടാക്കിത്തന്നു. കല്പേനിയിലേക്കു കാബിനിലായിരുന്നു യാത്ര. പക്ഷെ, അവിടെനിന്നുള്ള മടക്കയാത്രയിൽ അതുണ്ടാകുമോ? ദ്വീപുഭരണാധിപ വർഗത്തിൽപ്പെടുന്ന ബഹുമാന്യരായ പല ഉദ്യോഗസ്ഥന്മാരും ഇതേ കപ്പലിൽ പോരുന്നുണ്ടു്. ഇവർക്കു പുറമേ കരയിലെ അത്യുന്നതരായ പോലീസുദ്യോഗസ്ഥന്മാർ. അവർക്കെല്ലാം സൗകര്യം നല്കിയിട്ടു കാബിനിൽ സ്ഥലമുണ്ടാകുമോ? ഉണ്ടായാൽത്തന്നെ എനിക്കു കിട്ടുമോ? അങ്ങോട്ടുപോയപ്പോഴത്തെ വി. ഐ. പി. അല്ല, ഇപ്പോൾ ഞാനെന്നു കൂടെക്കൂടെ മന്ത്രിച്ചും വിശ്വസിച്ചും തൊലിക്കു ബലമേററി! ബോട്ടിൽനിന്നു കപ്പലിലേക്കു കയറിയാലുടൻ ബഹുജനത്തിന്റെകൂടെ തിക്കിത്തിരക്കി ഒരിടത്തു ബഡ്ഡ് വിരിക്കാനും ഞാൻ തീരുമാനിച്ചു. തീരുമാനിക്കുക മാത്രമല്ല അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തു. എണ്ണിയാലൊടുങ്ങാത്ത പോലീസുകാർ, പത്രപ്രതിനിധികൾ, മററുദ്യോഗസ്ഥന്മാർ എന്നിങ്ങനെ വലിയൊരു പടയും അവരുടെ ഭാരിച്ച സാധനങ്ങളുമാണു് ആകെ ൩൯ യാത്രക്കാരെയും അൻപതു ടൺ സാധനങ്ങളും കയററാവുന്ന ആ ചെറിയ കപ്പലിൽ ('ലക്ഷദ്വീപി'ൽ) തള്ളിക്കൊള്ളിച്ചിരിക്കുന്നതു്! അതിൽ കാബിനെവിടെ, പൊതുസ്ഥലമെവിടെ? ബോട്ടിൽനിന്നു ബാഗും ബെഡ്ഡും താങ്ങിപ്പിടിച്ചു നൂൽപ്പാലംമാതിരിയുള്ള ഗോവണിയിലൂടെ കപ്പലിലേക്കു കയറിയ നിമിഷം (ആ ഗോവണിവഴി ശ്രീ ശങ്കരൻകുട്ടി ഒരു വൃദ്ധയെ താങ്ങിയിറക്കുന്നതു ഞെട്ടലോടെ ഞാൻ നോക്കിനിന്നു.) ഞാനൊരോട്ടം ഓടി. മനുഷ്യപുത്രനു തലചായ്ക്കാൻ ആറടി മണ്ണു വേണം! മണ്ണുമല്ല, പലക! ഒരു കണക്കിനു പലകയുമല്ല, ഇരുമ്പു്! (കപ്പൽ ഇരുമ്പുകൊണ്ടുണ്ടാക്കിയതാണല്ലൊ) അത്ഭുതമെന്നു പറയട്ടെ, ഞാനതു നേടിയെടുത്തു. അവിടെ കിടക്ക വിരിച്ചിട്ടു കാബിനിലെ സ്ഥിതിയെന്തെന്നറിയാൻ അങ്ങോട്ടുചെന്നപ്പോൾ മറെറാരത്ഭുതം. അധികാരി

CC-0. In Public Domain. Gurukul Kangri Collection, Haridwar

 Digitized by Arya Samaj Foundation Chennai and eGangotri

കരം എന്നെ മറന്നിരുന്നില്ല; എനിക്കു കാബിനിൽ ബെത്ത് റിസർവ്വ ചെയ്തിരിക്കുന്നു. ആഹ്ലാദംകൊണ്ടു വികസിച്ചവനെങ്കിലും ആരംത്തിരക്കിൽപെട്ട സങ്കോചമാന്നവനായി, ബെഡ്ഡ് ചുരുട്ടി കക്ഷത്തിൽ തിരുകിക്കൊണ്ട്, ഒരു വിജിഗീഷുവിനെപ്പോലെ കാബിനിലേക്കു ഞാൻ ചെന്നു. കൂടെ എന്റെ ഒരു ദൗർബല്യത്തെക്കുറിച്ചു ചിന്തിക്കുകയും ചെയ്തു. താഴെയായാലും ഒരു 'സീററ്' റിസർവ്വ ചെയ്തിട്ടേ ഉയർന്ന സ്ഥാനത്തിനുവേണ്ടി ഞാൻ ശ്രമിക്കാറുള്ളു. ആ ഉയർന്ന സ്ഥാനം നേടാമെന്ന ആത്മവിശ്വാസമില്ലായ്കയാലാണല്ലോ ഇത്! മാത്രമോ, മഹത്വം കലർന്ന ഒന്നിനുവേണ്ടി പോരാടി മരിച്ചാലും അതു മഹത്വമാണെന്നു പ്രവൃത്തിയിലൂടെ കാണിച്ചുകൊടുക്കാൻ എനിക്കു കഴിയുന്നില്ല! (കപ്പലിലെ ഈ കാബിൻപ്രശ്നം എത്ര നിസ്സാരം.)

കവരത്തി മുതൽ കല്പേനിവരെയുള്ള 'എം. വി. ലക്ഷദ്വീപിലെ' യാത്ര പരമാനന്ദമായിരുന്നെന്നു പറഞ്ഞല്ലൊ. അതേ. നാണയത്തിന്റെ മറുവശം ഇനിയാണു കാണുക. ആ യാത്രയ്ക്കു കപ്പലിൽ ആളുകരം കുറവായിരുന്നു. അതുകൊണ്ട് എല്ലാം മംഗളമായി കലാശിച്ചെന്നു മാത്രം. ഇപ്പോഴത്തെ സ്ഥിതി അതല്ല. കപ്പലിനു വഹിക്കാനും സഹിക്കാനും കഴിയുന്നതിലേറെ യാത്രക്കാരും സാധനങ്ങളുമുണ്ട്. വഴിക്കു ദാഹം തീർക്കാൻ ദ്വീപിൽനിന്നു ചിലർ താങ്ങിയെടുത്ത കരിക്കുകരം ഒരുവശത്ത്, ദ്വീപുവാസികളിലാരോ കൂടെക്കൊണ്ടുപോന്നിട്ടുള്ള ആട്, കോഴി തുടങ്ങിയ വളർത്തുമൃഗങ്ങരം മറുവശത്ത്. എല്ലാം ചേർന്നു നല്ല 'ഹരം' തന്നെ. 'ആടുകോഴി'കളെ ഒരുപക്ഷേ കവരത്തിക്കു കൊണ്ടുപോകുന്നതാവാം. (കപ്പൽ അവിടെയെത്തിയിട്ടു കുറെ ആളു—സാമാനങ്ങരംകൂടി കയററിട്ടേ കൊച്ചിയിലേക്കു തിരിക്കൂ!) ഏതായാലും കപ്പലിനകത്തെ ഇടവഴിയിൽ കെട്ടിയിട്ടിരുന്ന ആ പാവം ആട്, കാററും മഴയും മാത്രമല്ല മനുഷ്യരുടെ ചവിട്ടും ഒട്ടേറെ സഹിച്ചു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭക്ഷണമേശയ്ക്കു ചുററും

രാത്രി എട്ടുമണിയായപ്പോൾ ഭക്ഷണമേശയ്ക്കു ചുററും ഞങ്ങൾ കുറേപ്പേർ സ്ഥലംപിടിച്ചു. ആരും തിരഞ്ഞു നോക്കിയില്ല. അതിനകത്തെ ഗന്ധവും കപ്പലിൻെറ ആട്ടവും ചേർന്നു വല്ലാത്തൊരസഹ്യത വളർത്തി. ഭക്ഷണത്തിനുവേണ്ടിയുള്ള ലജ്ജാകരമായ കാത്തിരിപ്പും! ചിലർ അടുക്കളയിലേക്കു ചെന്നു. അപ്പോഴാണറിയുക കപ്പലിലെ ഉദ്യോഗസ്ഥന്മാർക്കു നല്കിക്കഴിഞ്ഞേ യാത്രക്കാർക്കു ഭക്ഷണം നൽകൂ എന്നു്. കപ്പൽ യാത്രക്കാർക്കുവേണ്ടിയോ അതിൽത്തന്നെയുള്ള ഉദ്യോഗസ്ഥന്മാർക്കുവേണ്ടിയോ എന്ന നിയമപ്രശ്നം അവിടെ ഉന്നയിച്ചിട്ടു കാര്യമില്ല. ആ പാവം ജോലിക്കാർക്കു ദിവസവും കാണേണ്ട മുഖം തീർച്ചയായും ഞങ്ങളുടേതല്ല, കപ്പലിലെ ഉദ്യോഗസ്ഥന്മാരുടേതാണു്. അവരെ പ്രീണിപ്പിച്ചു നിന്നില്ലെങ്കിൽ ഇപ്പോഴുള്ള കപ്പലിലെ ജോലിതന്നെ വെള്ളത്തിലായെന്നു വരും. എന്നിരിക്കെ അവരോടിതേപ്പററി സംസാരിക്കുക അനാവശ്യമേ ആകൂ. എങ്കിലും എൻെറ മനസ്സിൽ കിളുർത്ത ആ പ്രശ്നം വളർന്നു താരുംതളിരുമണിയാതിരുന്നില്ല. ബസ്സു്, ഡ്രൈവർക്കും കണ്ടക്ടർക്കും വേണ്ടിയാവുക; വിദ്യാലയം, അദ്ധ്യാപകർക്കും മററുദ്യോഗസ്ഥന്മാർക്കുംവേണ്ടിയാവുക; കപ്പൽ, അതിലെ ഉദ്യോഗസ്ഥന്മാർക്കുവേണ്ടിയാവുക അഥവാ അവർക്കു പ്രാമുഖ്യമുണ്ടാവുക അതിലെന്തോ പന്തികേടുണ്ടെന്നു തോന്നി; ഇപ്പോഴും തോന്നുന്നു! കുറഞ്ഞതു യാത്രക്കാർക്കും ഉദ്യോഗസ്ഥന്മാർക്കും ഒരേസമയത്തു് ഏതാണ്ടൊരേ പ്രാധാന്യത്തോടെ എങ്കിലും ഭക്ഷണം നല്കാനാവില്ലേ? അതും ദിവസം മൂന്നു നേരത്തെ ഭക്ഷണത്തിനു് ഏഴര രൂപാ ചാർജ്ജു ചെയ്യുന്നു എന്നിരിക്കെ!

ഒരു മണിക്കൂർനേരത്തെ കാത്തിരിപ്പിനുശേഷം ഒരാൾ ഞങ്ങളുടെ മുറിയിൽ പ്രത്യക്ഷപ്പെട്ടു. അയാൾ ഭക്ഷണവുംകൊണ്ടല്ല ഒരുകെട്ടു പരാതിയുമായിട്ടാണു ഞങ്ങളെ സമീപിച്ചതു്. ഊണുമുറികൾ രണ്ടിലുംകൂടി ഉദ്യോഗസ്ഥന്മാർക്കും യാത്രക്കാർക്കും വേറേവേറെ ഭക്ഷണം നല്കാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താനൊരാൾ മാത്രമേ ഉള്ളു എന്നും ഇപ്പോൾ ഒട്ടേറെ യാത്രക്കാരുണ്ടെന്നിരിക്കെ തന്റെ ക്ലേശം വർണ്ണനാതീതമാണെന്നും അയാൾ തമിഴും മലയാളവും ഇടകലർത്തി പേശി. പരാതി ന്യായമാവാം; അല്ലാതിരിക്കാം. പക്ഷേ, അതു ശ്രദ്ധിക്കാൻ പരുവത്തിലായിരുന്നില്ല ഞങ്ങളുടെ മനഃസ്ഥിതി. പരാതി പറച്ചിലിനിടയ്ക്കു ചില ഭക്ഷ്യപേയങ്ങൾകൂടി കൊണ്ടുവന്നതു് അയാളുടെ തടിയും ഞങ്ങളിൽ ചിലരുടെ കൈയും ചീത്തയാകാതിരിക്കാനുപകരിച്ചു! കാരണം എന്റെ ചുററുമിരുന്നതു് അതിനോടകം കുപിതരായിത്തീർന്നിരുന്ന സബ്ഇൻസ്പെക്ടർമാരാണു്. Service is very bad, in the M. V. Lccadive എന്നു മുമ്പു് ആരോ അഭിപ്രായപ്പെട്ടിരുന്നതോർമ്മിച്ചു ഞാൻ കുറേ ആശ്വസിച്ചു. 'രാജലഷ്മി'യിലെ ജോലിക്കാരുടെ മേന്മ കുറേക്കൂടെയായി ബോദ്ധ്യപ്പെട്ടുവരികയും ചെയ്തു. 'രാജലഷ്മി' പ്രൈവററുകപ്പലും 'ലക്ഷദ്വീപ്' ഗവൺമെൻറുവകയും ആണെന്ന കാര്യം എങ്ങനെ മറക്കാനാണു്?

വീണ്ടും കവറത്തിയിൽ

പിറേറന്നു രാവിലെ കപ്പൽ കവറത്തിയിലെത്തി. 1969 ഒക്ടോബർ 13–ാം തീയതി സുപ്രഭാതം. ഓരോ ബെഡ്കോഫിക്കുവേണ്ടിയുള്ള മഹത്തായ കാത്തിരിപ്പ് ഞങ്ങൾ ഡൈനിംഗ്ഹാളിലാരംഭിച്ചപ്പോൾ, സംഗതിവശാൽ പലയിടത്തായി പിരിഞ്ഞുപോയ 'സഹയാത്രികർ' കവറത്തിയിൽനിന്നു ബോട്ടുമാർഗം കപ്പലിൽവന്നു സന്ധിക്കുകയായിരുന്നു. അക്കൂടെ എന്റെ സഹപ്രവർത്തകൻ ശ്രീ കുറുപ്പുമുണ്ടായിരുന്നു. ഒരു മണിക്കൂർ നേരത്തെ സമരഫലമായി ബെഡ്കാഫി നേടി സുസ്മേരവദനരായി കപ്പലിന്റെ 'ഓപ്പൺ എയറി' ലേക്കു ചെല്ലുമ്പോൾ ശ്രീമാൻ കുറുപ്പാദികൾ എന്നെ നോക്കി 'സ്മേരം' പൊഴിക്കുന്നു! ഞങ്ങളുടെ കാബിനിൽനിന്നു് ആരോ കവറത്തിയിലിറങ്ങിയ തക്കത്തിനു ശ്രീ കുറുപ്പിനെ അതിൽ തിരുകിക്കയററി ചാരിതാർത്ഥ്യമടയാൻ എനിക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കഴിഞ്ഞു! പ്രസംഗവിവർത്തനത്തെ സംബന്ധിച്ച വീമ്പിളക്കലുകൾക്കുശേഷം ഞങ്ങൾ പൂർവ്വാധികം മോദിച്ച്, 'ശ്ലോകംചൊല്ലലിൽ' മുഴുകി. ഇടയ്ക്കു തൻെറ ബാഗു തുറന്ന്, നാട്ടുകാരും അമിനിയിൽ അദ്ധ്യാപകരുമായ ചിലരിൽനിന്നു വഹിച്ച ശംഖും, പവിഴപ്പാറക്കഷണങ്ങളും കാണിച്ച് എന്നെ ഭ്രമിപ്പിക്കാനും തരാമെന്നു പറഞ്ഞു കൊതിപ്പിക്കാനും ശ്രീ കുറുപ്പു മറന്നില്ല! എനിക്കാവട്ടെ കൈയിലുണ്ടായിരുന്നത്, കല്പേനിയിലെ കടപ്പുറത്ത് ആരോ തിരിഞ്ഞിട്ടുപോയ ചെങ്കല്ലുകൾ മാത്രം. അവയനക്കാതെ പെട്ടിയുടെ അടിയിൽത്തന്നെ ഭദ്രമായി ഞാൻ വച്ചിരുന്നു?

ഭിന്നവിചിത്രമാർഗമായ ജീവിതം

കപ്പൽ കവരത്തിയോടു വിടപറയുമ്പോൾ അകത്തെ തിരക്കു വർണ്ണനാതീതമായി മാറിയിരുന്നു. ഇരിക്കാനും കിടക്കാനുമുള്ള സ്ഥാനങ്ങൾ നിറഞ്ഞിട്ട് ഇടയിലും വഴിയിലുമായി ഇരുന്നും കിടന്നും നിന്നും കഴിച്ചുകൂട്ടുന്നവരങ്ങനെ. കപ്പലിൻെറ മൂന്നാമത്തെയോ നാലാമത്തെയോ നിലയിൽ ഉരുണ്ടുകയറി വെയിലത്തിരുന്നു ചീട്ടുകളിക്കുന്നവരങ്ങനെ. അരികിൽ ചാരിനിന്ന് ഇരുമ്പിൻെറ കറയും പെയിൻറിൻെറ നിറവും മുണ്ടിലും ഷർട്ടിലുമാക്കുന്നവരങ്ങനെ, പഴയ കൂട്ടുകാരെല്ലാം ഒന്നിച്ചു ചേർന്നിരിക്കെ സൈ്വര്യമായൊന്നു മേളിച്ച് അല്പം കുശലം പറയാമെന്നു വിചാരിച്ചാൽ അതിനൊരിടമില്ല. കുറേപ്പേരെ കാബിനകത്തേക്കു വിളിച്ച് അവിടെയിരുന്നു ലാത്തിയടിച്ചു. പക്ഷെ പകൽസമയം അതിനകത്തു കഴിച്ചുകൂട്ടാൻ, വല്ലാത്ത വിമ്മിട്ടം. രാത്രിയിൽ, പുറത്തുനിന്നു കാബിനകത്തേക്ക് ഒരു പ്രത്യേകവാതായനത്തിലൂടെ കാററടിച്ചുവിടുമെന്നതിനാൽ, ഉറങ്ങാൻ സുഖമാണ്. പക്ഷേ പകൽസമയത്ത് അങ്ങനെ ചെയ്യാറില്ല. അതുകൊണ്ടു ചൂടും മലിനമായ വായുവും വല്ലാതെ വിഷമിപ്പിക്കും. തന്മൂലം ഞങ്ങൾ ഓപ്പൺ എയറിലേക്കുതന്നെ മടങ്ങി.

14–ാം തീയതി വൈകിട്ടു കൊച്ചിയിലെത്തുമെന്ന വാർത്ത ആഹ്ളാദത്തോടെ ഞങ്ങൾ ശ്രവിച്ചു. പക്ഷേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതിന് ഇരുപത്തിനാലുമണിക്കൂറെങ്കിലും ഇനിയും കഴിയണം. അതെങ്ങനെ കഴിച്ചുകൂട്ടും? ശ്രീ കുറുപ്പ്, കപ്പൽച്ചൊരുക്കുഭീതി നിലനില്ക്കുകയാൽ എഴുന്നേല്ക്കാൻ കൂട്ടാക്കിയില്ല. ഇടയ്ക്കു തലപൊന്തിച്ചു ചിരിക്കുകയും വർത്തമാനം പറയുകയും ചെയ്യും. ഭക്ഷണം കഴിക്കാൻമാത്രം എഴുന്നേററുവരും. അത്രതന്നെ. എനിക്കാണെങ്കിൽ ആ ഇടുങ്ങിയ കാബിനിലെ ഞെരുക്കംതോന്നിക്കുന്ന കിടക്കയിൽ അധികം കഴിച്ചുകൂട്ടാനേ വയ്യ. താഴത്തെ നിലയിൽ സമുദ്രനിരപ്പിലാണ് കാബിനെന്നതിനാൽ പുറത്തേക്കുള്ള ജനൽ തുറന്നുകൂടാ. കാബിനുപുറത്തു മുമ്പു പലവട്ടം പറഞ്ഞ തള്ളും തിരക്കും. ഈ പശ്ചാത്തലത്തിൽ 24 മണിക്കൂർ എത്ര മണിക്കൂറിൻെറ വില, മതിക്കുകയില്ല!

എന്തിനധികം? ഒരു തരത്തിൽ ഇരുളുകയും വെളുക്കുകയും ചെയ്തു. 'ഭക്ഷണദാതാ'വിനോടു കലഹിച്ചുതന്നെ കുറേ മണിക്കൂറുകൾ തള്ളിനീക്കി. ആ കലഹത്തിൽ ചില എസ്. ഐ. മാർ തങ്ങളുടെ വിചോവിലാസം പ്രകടിപ്പിക്കുന്നതു കാണാനും കേൾക്കാനും നല്ല രസമായിരുന്നു! മററു ചില എസ്. ഐ. മാർ ദ്വീപുകാരേക്കാൾ സൗമ്യരായി പെരുമാറുന്നതും കാണാമായിരുന്നു. 'ഭിന്നവിചിത്രമാർഗ'മായ ജീവിതം അങ്ങനെ അരങ്ങേറുന്നു! കാണാനും രസിക്കാനും ചിന്തിക്കാനും പഠിക്കാനും എന്തെന്തു വകകൾ.

കൃത്യം നാലുമണിക്കു കപ്പൽ കൊച്ചിൻ പോർട്ടിലടുത്തു. ശ്രീ മേനോൻ, ഞങ്ങളെ സ്വീകരിക്കാൻ ബോട്ടുമായെത്തി. അഡ്മിനിസ്ട്രേഷൻകാർ കുറേ ദിവസത്തേക്കു ഞങ്ങളെ വാടകയ്ക്കെടുത്ത മട്ടായിരുന്നു. പാഴ്സൽ പോലെ അങ്ങോട്ടുമിങ്ങോട്ടും കപ്പലിലോ മററു വാഹനത്തിലോ കയററി അയയ്ക്കും— അതും വിലപിടിച്ച വസ്തു മാതിരി! സർവച്ചെലവും അവർ വഹിക്കും. ഞങ്ങൾ ഒന്നുമറിയേണ്ട! പാഴ്സൽപോലെ ഇരുന്നുകൊടുത്താൽ മതി. എന്നാൽ ഇവിടെവെച്ചു സ്വാതന്ത്ര്യം പ്രഖ്യാപിക്കാൻ ഞാൻ തീരുമാനിച്ചു. ഫോർട്ടുകൊച്ചി ടി. ബി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിൽ സുന്ദരമായ മറിയിൽ ട്രെയിൻ പുറപ്പെടുന്ന സമയം വരെ ഞങ്ങറംക്കു കഴിച്ചുകൂട്ടാം. പക്ഷേ,

'ബന്ധുരകാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ'

എന്നെനിക്കു തോന്നി. ഞാൻ എങ്ങനെയെങ്കിലും കോഴിക്കോട്ടെത്തിക്കൊള്ളാമെന്നു പറഞ്ഞു സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ശ്രീ കറുപ്പും മററും മേനവനോടൊപ്പം ടി. ബി. യിലേക്കു യാത്രയാവുമ്പോറം, പോലീസ് സംഘത്തെയും കൊണ്ടു് എറണാകുളത്തേക്കു തിരിക്കുന്ന ബോട്ടിൽ ഞാൻ തിരക്കിട്ടു കയറുകയായിരുന്നു. പിന്നീടു് ആ സുഹൃത്തുക്കളെ ഒരുനോക്കു കാണാൻ പിറേറന്നു കോഴിക്കോട്ടു് എത്തേണ്ടിവന്നു!

ഈ യാത്രകൊണ്ടു് എന്തു നേടി എന്നു്, തിരിഞ്ഞുനിന്നാലോചിക്കുമ്പോറം പെട്ടെന്നൊരു മറുപടി പറയാൻ പ്രയാസം തോന്നുന്നു. ഒരുകാര്യം ഉറപ്പിച്ചു പറയാം: ഇത്രമാത്രം അനുഭവങ്ങറം നിറഞ്ഞ ഒരു യാത്രയും ഒരാഴ്ചയും എൻെറ ജീവിതത്തിൽ വേറെ ഉണ്ടായിട്ടില്ല. ആ യാത്രകൊണ്ടു് എൻെറ മാനസികജീവിതം കൂടുതൽ സമ്പന്നമായെന്ന വിചാരം, ചാരിതാർത്ഥ്യത്തിനു വക നല്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനുബന്ധം

1. ലക്ഷദ്വീപുകൾ ഇന്ന്

—എൻ. വി. കൃഷ്ണവാരിയർ

ഇക്കഴിഞ്ഞ ജനുവരി 13 മുതൽ 20 വരെ ഞാൻ ലക്ഷദ്വീപുകളിലായിരുന്നു.

അറബിക്കടലിൽ കേരളതീരത്തുനിന്ന് 192 കി.മീ, മുതൽ 320കി. മീ. വരെ അകന്നുകിടക്കുന്ന 27 പവിഴദ്വീപുകൾക്കുള്ള പൊതുപ്പേരാണ് 'ലക്ഷദ്വീപുകൾ' എന്നത്. ഇവയിൽ പത്തു ദ്വീപുകളിലേ ആൾ പാർപ്പുള്ളു. അഞ്ചു ചെറു തുരുത്തുകൾ ഇവയോട് അടുത്തു കിടക്കുന്നു. ഈ തുരുത്തുകൾക്കും ഒററപ്പെട്ടുകിടക്കുന്ന മററു പന്ത്രണ്ടു ദ്വീപുകൾക്കുംകൂടി 5.8 ച. കി. മീ. വിസ്താരമേ ഉള്ളു. ആൾപാർപ്പുള്ള പത്തു ദ്വീപുകൾക്കുംകൂടി 26.2 ച. കി. മീ. ആണു വിസ്താരം. ഈ ദ്വീപുകളിൽ ഏററവും തെക്കേ അററത്തുള്ള മിനിക്കോയി തിരുവനന്തപുരത്തിനുനേരേ പടിഞ്ഞാറാണ്. ആൾപാർപ്പുള്ള ദ്വീപുകളിൽ വടക്കേ അററത്തുള്ള ചെത്ത്ലത്തും ബിത്രയും കണ്ണൂരിനു പടിഞ്ഞാറായിക്കിടക്കുന്നു. എല്ലാ ദ്വീപുകളിലുംകൂടി 1981 —ൽ 40,028 ആളുകൾ ഉണ്ടായിരുന്നു. ലോകത്തിലെ ഏററവും ജനപ്പെരുപ്പമുള്ള പ്രദേശങ്ങളിൽ ലക്ഷദ്വീപുകൾ പെടും. കരയിൽനിന്നു സർക്കാരുദ്യോഗസ്ഥന്മാരായി ചെന്നവരൊഴിച്ചാൽ 'ദ്വീപുമക്കൾ' എല്ലാം മുസ്ളീങ്ങളാണ്. ഇവരെ പട്ടികവർഗക്കാരായി പരിഗണിച്ചിരിക്കുന്നു. മിനിക്കോയിക്കാരുടെ മാതൃഭാഷ മാലദ്വീപുകളിൽ പ്രചരിക്കുന്ന 'മഹൽ' ആണ്. മററു ദ്വീപുകളിലുള്ളവർ മലയാളം സംസാരിക്കുന്നു. ശതവർഷങ്ങളോളം വൻകരയിൽനിന്ന് ഒററപ്പെട്ടു ജീവിച്ചുവന്ന ദ്വീപുകാരുടെ മലയാളത്തിനു പല സവിശേഷതകളുമുണ്ട്. ഉദാഹരണമായി 'പ'യ്ക്കു പകരം 'ഫ'യാണ് അവർ ഉച്ചരിക്കുക. മിനിക്കോയ് ഒഴികെയുള്ള ദ്വീപുകളിലെ നിവാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സികൾ മലബാറിലെ മാപ്പിളമാർതന്നെയാണ്. അടുത്തകാലംവരെ ഇവർ മരുമക്കത്തായക്കാരായിരുന്നു. ദ്രസ്വത്തുടമയെ സംബന്ധിച്ചിടത്തോളം ദ്വീപുകളിൽ ഇപ്പോഴും നിലവിലുള്ളതു മുസ്ളീം പാരമ്പര്യ വഴക്കങ്ങളോടിടകലർന്ന മരുമക്കത്തായ വഴക്കങ്ങളാണ്.

ഇരുപത്തൊമ്പതുകൊല്ലം മുമ്പ്, 1954–ൽ ഒരാഴ്ചയോളം ഞാൻ ലക്ഷദ്വീപുകളിൽപ്പെട്ട മിനിക്കോയ്, കല്പേനി, ആന്ത്രോത്ത്, കവരത്തി, അമ്മേനി എന്നിവയിൽ സഞ്ചരിച്ചിട്ടുണ്ട്, മദ്രാസ് ഗവർണ്ണർ ആയിരുന്ന ശ്രീ പ്രകാശം ഈ ദ്വീപുകളിലൊരു പര്യടനം നടത്തിയപ്പോൾ, അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ മലയാളത്തിൽ വിവർത്തനം ചെയ്യാനും, ദ്വീപുകാരുടെ മലയാളത്തിലുള്ള വിവേദനങ്ങൾ ഗവർണ്ണർക്ക് ഇംഗ്ലീഷിലോ ഹിന്ദിയിലോ വിവർത്തനം ചെയ്തുകൊടുക്കാനുംവേണ്ടി എന്നേയും കൂടെകൊണ്ടുപോയി. ഈ പര്യടനം എനിക്കു് അത്യന്തം ആഹ്ളാദപ്രദമായിരുന്നു. 1950–ൽ ഞാൻ കോഴിക്കോട്ടു താമസമാക്കിയപ്പോൾ ലക്ഷദ്വീപുകാരായ പലരുമായി പരിചയപ്പെട്ടിരുന്നു. ഇവരിൽ ആദ്യം പറയേണ്ട പേർ കല്പേനിദ്വീപിലെ ഒരു സാമൂഹ്യ പ്രവർത്തകനും, 'ജമായത്തേ ജസീറ' എന്ന ദ്വീപുകാരുടെ സംഘടനയുടെ അധ്യക്ഷനുമായിരുന്ന പരേതനായ പി. ഐ. പൂക്കോയയുടേതാണ്. ദ്വീപുകളിൽ, വടക്കേ അററത്തുള്ള അമ്മേനി, കടമം, കിളുത്തൻ, ചേത്തിലം, ബിത്ത്റ എന്നിവ അന്നു മദ്രാസ്സ് സംസ്ഥാനത്തിലെ ദക്ഷിണ കർണ്ണാടക ജില്ലയുടെ ഭാഗങ്ങളായിരുന്നു; മററു ദ്വീപുകൾ മലബാർ ജില്ലയുടേയും. മലബാർ ദ്വീപുകളുടെ ഭരണം നിർവ്വഹിച്ചിരുന്നതു മലബാർ കളക്ടറാപ്പീസ്സിലെ 'ഐലൻഡ് ക്ലാർക്ക്' എന്ന ഉദ്യോഗസ്ഥനായിരുന്നു. ദ്വീപുകളും കരയും തമ്മിൽ ബന്ധിപ്പിക്കുന്ന കപ്പൽ സർവീസ് അന്നില്ല. തുലാവർഷം കഴിഞ്ഞാൽ ചരക്കുകൾ—മുഖ്യമായും കൊപ്ര—കയററി ദ്വീപുകളിലെ പായത്തോണികൾ—ഓടങ്ങൾ—കോഴിക്കോട്ടു മുതൽ മംഗലാപുരം വരെയുള്ള തുറമുഖങ്ങളിലടുക്കും; ചരക്കുകൾ വിററ് അരിയും മററ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്യാവശ്യ സാധനങ്ങളുംവാങ്ങി കാലവർഷം തുടങ്ങും മുമ്പ് തിരിച്ചു പോവുകയും ചെയ്യും. കാലവർഷക്കാററുകളെ ചെറുത്തു നില്ക്കാനുള്ള കരുത്തു ദ്വീപുകാരുടെ ഓടങ്ങൾക്കില്ലാത്തതിനാൽ (തമ്മിൽ ഭേദം മിനിക്കോയിക്കാരുടെ ഓടങ്ങളായിരുന്നു) വൈകിമടങ്ങുന്ന പല ഓടങ്ങളും നേരത്തേ വന്നെത്തുന്ന കാലവർഷക്കാററുകളേററു തകർന്നു പോകാറുണ്ട്. ദ്വീപുകളിൽ പ്രാഥമിക വിദ്യാഭ്യാസസൗകര്യങ്ങളേ അന്ന് ഉണ്ടായിരുന്നുള്ളു; അതും ചില ദ്വീപുകളിൽ മാത്രം. ആരോഗ്യ സേവനത്തിൻെറ സ്ഥിതിയും നന്നെ പരുങ്ങലിലായിരുന്നു.

ബ്രിട്ടീഷ് ഭരണം ദ്വീപുകളെ സാരമായി സ്പർശിച്ചിരുന്നില്ല. 'ആമീൻ' എന്ന പേരിലറിയപ്പെട്ടിരുന്ന റവന്യൂ ഉദ്യോഗസ്ഥനും ഏതാനും 'കാരണവന്മാരും' കൂടിയാണ് ഓരോ ദ്വീപിലേയും ഭരണകാര്യങ്ങൾ നിർവഹിച്ചിരുന്നത്. ഇവരെല്ലാം പാരമ്പര്യവഴിക്ക് ആ പദവികളിലെത്തിയവരായിരുന്നു. വലിയ വിദ്യാഭ്യാസമൊന്നും ഇവർക്കില്ല. ഇവർക്കു തീരുമാനിക്കാൻ കഴിയാത്ത കേസ്സുകൾ വൻകരയിലെ റവന്യൂ ഡിവിഷണൽ ഓഫീസർമാർ തീരുമാനിക്കും. ഒരു കേസ്സ് കരയിലേയ്ക്കു റെഫർ ചെയ്താൽ ദ്വീപുകാരനായ വാദിയുടേയും പ്രതിയുടേയും ജന്മം തുലഞ്ഞതുതന്നെ. കാരണം, കേസ്സിൽ തീരുമാനമുണ്ടാകാൻ സമയം പിടിക്കും; അത്രയും കാലം വാദിയും പ്രതിയും വീടുവിട്ട് വൻകരയിൽ നിസ്സഹായരായി ഉഴന്നു നടക്കേണ്ടിവരും. യഥാസ്ഥിതികത്വവും അന്ധവിശ്വാസങ്ങളും കടുത്ത ദാരിദ്ര്യവും തികഞ്ഞ നിരക്ഷരത്വവും അന്നത്തെ ദ്വീപുകാരുടെ മുഖമുദ്രകളായിരുന്നു.

ഈ അവശതകൾക്കെതിരെ പൊരുതുന്ന സംഘടനയായിരുന്നു. 'ജമാഃയത്തേ ജസീറ.' മുമ്പുപറഞ്ഞ ജനാബ് പൂക്കോയയും, വൻകരയിൻ പാർത്ത് പഠിക്കുന്ന ദ്വീപുകരായ ഏതാനും വിദ്യാർഥികളുമായിരുന്നു അതിൻെറ പ്രവർത്തകർ. ഇവരെ സഹായിക്കാൻ ഞങ്ങൾ കോഴിക്കോട്ട് ഒരു 'ലക്ഷദ്വീപ്' വെൽഫെയർ അസോസ്യേഷൻ' രൂപവൽകരിച്ചു. ദ്വീപുകളിലെ ഓരോ ആവശ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്ങൾക്ക ഞങ്ങൾ കുറേശ്ശ പണം പിരിച്ചുകൊടുത്തു. ദ്വീപു കാർക്കുവേണ്ടി മലബാർ കളക്ടർക്കും മദ്രാസ് ഗവണ്മെണ്ടിനും ധാരാളം നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തു. ദ്വീകളിലെ വിദ്യാർത്ഥികൾക്ക താമസിച്ചു പഠിക്കുവാൻ കോഴിക്കോട്ട് ഒരു ഹോസ്റ്റൽ ഉണ്ടായതു് ഈ നിവേദന ങ്ങളുടെ ഫലമായിട്ടായിരുന്നു. ഈ പശ്ചാത്തലത്തിൽ, ദ്വീപുകളിലെ ജനജീവിതം നേരിട്ടുകാണാൻ കൈവന്ന അവസരം ഞാൻ അന്നു സന്തോഷത്തോടെ സ്വാഗതം ചെയ്തു.

മിനിക്കോയ് ഒഴികെ മററു ദ്വീപുകളിലെ നിവാസികളെല്ലാം മലബാർ മാപ്പിളമാർ ആകയാൽ, ദ്വീപുകൾ കേരള സംസ്ഥാനത്തിന്റെ അവിഭാജ്യഭാഗമായിരിക്കണമെന്ന് അന്ന് ഞങ്ങൾ—ജമായത്തേ ജസീറയും വെൽഫെയർ അസോസ്യേഷനും—ആവശ്യപ്പെട്ടുകൊണ്ടിരുന്നു. സംസ്ഥാന പുനസ്സംഘടനക്കമ്മീഷൻ നിയമിക്കപ്പെട്ടപ്പോൾ, കമ്മീഷനിലെ അംഗങ്ങളുടെ മുമ്പിലും ഈ ആവശ്യം ഞങ്ങൾ ഉന്നയിച്ചു. ഞങ്ങളുടെ വാദം ശ്രദ്ധിച്ചു കേട്ടശേഷം, കമ്മീഷനിലെ അംഗമായിരുന്ന സർദാർ കെ. എം. പണിക്കർ എന്നോടു പറഞ്ഞു: കേരളം ഒരു ദരിദ്ര സംസ്ഥാനമാണ്; പ്രശ്നസംസ്ഥാനവുമാണ്. ദ്വീപുകളുടെ വികസനത്തിന്നു വേണ്ടിയോ, ശത്രുക്കളിൽ നിന്നു ദ്വീപുകളെ രക്ഷിക്കുന്നതിന്നു വേണ്ടിയോ പണം ചെലവഴിയ്ക്കാൻ കേരളത്തിന്നു സാധിക്കുകയില്ല. ദ്വീപുകളെ കേന്ദ്ര ഭരണത്തിൻകീഴിൽ കൊണ്ടുവരണമെന്നാണ് ഞങ്ങൾ ശുപാർശ ചെയ്യുവാൻ പോകുന്നതു്, ദ്വീപുകാർക്കു് ഇതാണ് നല്ലതു്, കേരളത്തിന്നും അതെ.

അങ്ങനെ 1956-ൽ ലക്ഷദ്വീപുകൾ ഒരു കേന്ദ്ര ഭരണ പ്രദേശമായിത്തീർന്നു.

സർദാർ പണിക്കർ അന്നു പറഞ്ഞതു് എത്ര ശരിയായിരുന്നു എന്ന് ഈ രണ്ടാമത്തെ ദ്വീപുയാത്ര എനിയ്ക്കു ബോധ്യപ്പെടുത്തി. ഇത്തവണ ഞാൻ ആൾപ്പാർപ്പുള്ള ദ്വീപുകളിൽ കവരത്തി, മിനിക്കോയ് എന്നിവ മാത്രമേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സന്ദർശിച്ചുള്ളു. (ആൾപ്പാർപ്പില്ലാത്ത, പക്ഷികൾ മാത്രം പാർക്കുന്ന, 'പിട്ടി' ദ്വീപും കാണുകയുണ്ടായി.) ഈ രണ്ടു ദ്വീപുകൾ കണ്ടതിൽ നിന്നും തന്നെ, ലക്ഷദ്വീപുകളിലാകെ വന്നു ചേർന്നിട്ടുള്ള അഭിവൃദ്ധി ഊഹിക്കാൻ പ്രയാസമില്ലായിരുന്നു. ദ്വീപുകളും വൻകരയും തമ്മിൽ ഗതാഗതം സുഗമമാക്കുന്നതിന്നു് മൂന്നു കപ്പലുകൾ—ഞങ്ങൾ യാത്ര ചെയ്ത ഭാരതസീമ, അമീൻദീവി, ലക്കഡീവ്സ്— ഇപ്പോൾ സ്ഥിരമായി ഉപയോഗിച്ചു വരുന്നു. മിക്ക ദ്വീപുകളിലും ഇന്നു് വിദ്യുച്ഛക്തിയുണ്ടു്. പല ദ്വീപുകളിലും ടെലിഫോൺ പ്രവർത്തിച്ചുവരുന്നു. കവരത്തി, മിനിക്കോയ്, അമ്മേനി എന്നീ ദ്വീപുകളിലുള്ള സാററലൈററ് സ്റേറഷനുകൾ, വൻകരയുമായി ടെലിഫോണിൽ സംസാരിക്കുക സാധ്യമാക്കിയിരിക്കുന്നു. മുമ്പു ഞാൻ കവരത്തിയിൽ വന്നപ്പോൾ, അവിടെയുണ്ടായിരുന്ന വടകരക്കാരിയായ മിഡ്‌വൈഫ്; തന്റെ അച്ഛൻ മരിച്ച വിവരം അഞ്ചുമാസം കഴിഞ്ഞാണു് താൻ അറിഞ്ഞതെന്നു് സങ്കടത്തോടെ പറഞ്ഞതു് ഓർക്കുന്നു. ഇപ്പോൾ വടകരയിൽ നിന്നു് കവരത്തിയിലേക്കു് ടെലിഫോണിൽ സംസാരിക്കാം— വൻകരയിൽ പല സ്ഥലത്തുമില്ലാത്ത സൗകര്യം!

ദ്വീപുകളിൽ മിക്കവർക്കും തൊഴിലുണ്ടെന്നതാണു് മറെറാരു പ്രധാനകാര്യം. മുമ്പു് കയർ പിരിക്കുക (തിരിക്കുക എന്നാണു് അവർ പറയുന്നതു്) ആയിരുന്നു ദ്വീപിലെ മുഖ്യ തൊഴിൽ. ചൂടി സർക്കാരിന്നു കൊടുത്തു് പണത്തിന്നു പകരം അവർ അരിവാങ്ങിവന്നു. ഇന്നു് ചൂടിപ്പണി ചെയ്യുന്നവർ കുറവാണു്. തെങ്ങുകയറുക, മധുരക്കള്ളു് (മീര) ചെത്തുക മുതലായ ജോലികൾക്കും ആളുകളെ കിട്ടാതായിരിക്കുന്നു. ധാരാളം വരുമാനം നൽകുന്ന മീൻപിടുത്തത്തിൽത്തന്നെ ആളുകൾക്കു വലിയ താല്പര്യമില്ലാത്ത മട്ടാണു്. എല്ലാവർക്കും നിത്യവൃത്തിക്കു വകയുണ്ടെങ്കിൽ, എന്തിനു് തടി വിയർത്തു് അധ്വാനിക്കണം?

ഏററവുമധികം വികാസം നേടിയ വ്യവസായം, ദ്വീപുകളെ സംബന്ധിച്ചിടത്തോളം, ഭരണംതന്നെ. ഇന്ത്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിലെ ഏററവും ചെറിയ കേന്ദ്രഭരണ പ്രദേശമാണ് ലക്ഷദ്വീപുകൾ. പക്ഷേ ഒരു സംസ്ഥാനത്തിൻെറ ഉദ്യോഗസ്ഥ സംവിധാനം മുഴുവൻ അവിടെയുണ്ട്. അഡ്മിനിസ്ട്രേററർ ആണ് മുഖ്യ ഭരണാധികാരി. കൊച്ചിയിലും കവരത്തിലുമായി മാറിമാറിപ്പാർത്ത് ഇദ്ദേഹം ഭരണം നിർവഹിക്കുന്നു. കവരത്തിയാണ് ദ്വീപുകളുടെ തലസ്ഥാനം. ആ ദ്വീപിലെ ജനസംഖ്യയിൽ ഏതാണ്ട് പകുതിയോളം പുറമെനിന്ന്, മുഖ്യമായി കേരളത്തിൽ നിന്ന് വന്ന ഉദ്യോഗസ്ഥന്മാരാണ്.

ദ്വീപുകളിൽ ഒരുതരം നികുതിയുമില്ല. നിയമവുമില്ല. ഭൂനിയമം പ്രയേണ പാരമ്പര്യങ്ങൾ മാത്രമാണ്. അവ ഇനിയും വ്യക്തമായി നിർവചിക്കപ്പെട്ടിട്ടില്ല. എങ്കിലും കോടതികളും പോലീസ് സ്റേറഷനുകളും മററും സ്ഥാപിയ്ക്കപ്പെട്ടിട്ടുണ്ട്.

മുമ്പ് മലബാറിലെ ചേവായർ നിയോജനമണ്ഡലത്തിൻെറ ഭാഗമായിരുന്നു ലക്ഷദ്വീപുകൾ. (ആ നിയോജക മണ്ഡലത്തിൽ നിന്നുള്ള തിരഞ്ഞെടുപ്പിൻെറ ഫലങ്ങളെ ലക്ഷദ്വീപുകാരുടെ വോട്ട് ഒരിക്കലും സാരമായി ബാധിച്ചിരുന്നില്ല.) ഇപ്പോൾ പാർലമെൻറിൽ ലക്ഷദ്വീപുകൾക്ക് തിരഞ്ഞെടുക്കപ്പെട്ട ഒരു എം. പി. ഉണ്ട്. ലക്ഷദ്വീപുകളിലെ എം. പി. ആയ പി. എം. സൈദ് ജനതാഭരണകാലത്ത് കേന്ദ്രത്തിൽ ഒരു മന്ത്രിയായിരുന്നു.

വിദ്യാഭ്യാസ കാര്യത്തിൽ ദ്വീപുകൾ നേടിയ പുരോഗതി വിസ്മയാവഹമാണ്. 1951—ൽ അവിടെ സാക്ഷരത 15 ശതമാനമായിരുന്നത് 1980—ൽ 51 ശതമാനമായിട്ടുണ്ട്. ഒമ്പതു് നഴ്സറിസ്കൂളുകളും പതിനേഴ് ലോവർ പ്രൈമറി (ജൂനിയർ ബേസിക്) സ്കൂളുകളും നാലു് അപ്പർ പ്രൈമറി (സീനിയർ ബേസക്) സ്കൂളുകളും എട്ടു ഹൈസ്കൂളുകളും ഒരു ജൂനിയർ കോളേജും ദ്വീപുകളിലുണ്ട്. 12,000—ത്തോളം കുട്ടികൾ ഇവയിൽ പഠിക്കുന്നു. വിദ്യാഭ്യാസം തികച്ചും സൗജന്യമാണ്. പലേടത്തും വിദ്യാർത്ഥികൾക്ക് സൗജന്യ ഹോസ്ററൽ സൗകര്യങ്ങളുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പട്ടികവർഗക്കാരായി കണക്കാക്കപ്പെടുന്നതിനാൽ, ദ്വീപു വിദ്യാർത്ഥികൾക്ക് വൻകരയിലെ എൻജിനീയറിങ്ങ്—മെഡിക്കൽ കോളേജുകളിലോ പോസ്റ്റ് ഗ്രാജേറ്റ് കോഴ്സുകളിലോ പ്രവേശനം കിട്ടാൻ വിഷമമില്ല. പണിമുടക്കുകൾ ഇല്ലാത്തതിനാൽ ദ്വീപുകളിൽ പഠിപ്പു നടക്കുന്നുണ്ട്.

1952—ൽ കവരത്തിയിലെ ഏക—സർക്കാർ സ്കൂൾ സന്ദർശിച്ച ശേഷം ഡയറിയിൽ ഇങ്ങനെ ഒരു കുറിപ്പു ഞാൻ എഴുതിയിരുന്നു:

'ഗവർമ്മേണ്ടു വക സ്കൂളിൽ രണ്ടു മുറികളും അഞ്ചു ക്ളാസ്സുകളും രണ്ടു് അദ്ധ്യാപകരും പതിമൂന്നു ബെഞ്ചുകളുമുണ്ടു്, സ്ഥലം പോര. കവരത്തിയിൽ സ്കൂൾപ്രായത്തിൽ 231 ആൺകുട്ടികളും 126 പെൺകുട്ടികളും (ആകെ 357) ഉണ്ടു്. സ്കൂൾ രജിസ്റ്ററിൽ ഉള്ളതു് 162 ആൺകുട്ടികളും 27 പെൺകുട്ടികളും (ആകെ 189) മാത്രമാണു്. സ്കൂളിൽ ലൈബ്രറിയില്ല. സ്കൂൾകുട്ടികൾക്കു് ഉച്ചഭക്ഷണത്തിനു് കറിയ്ക്കു് പണം ഇല്ല; അരി കിട്ടുന്നുണ്ടു്. ദ്വീപിൽ ബാല്യവിവാഹം സാധാരണമാണു്. ആൺകുട്ടികൾ പതിനഞ്ചു വയസ്സിലും പെൺകുട്ടികൾ ഏഴുവയസ്സിലും കല്ല്യാണം കഴിയ്ക്കുന്നു. ഇതോടെ പഠിപ്പു നില്ക്കുന്നു. മലബാറിൽ സ്കൂൾ മാസ്റ്റർക്കു് 40 + 15 രൂപ ശമ്പളമുള്ളപ്പോൾ ദ്വീപുകളിൽ ശമ്പളം 25 + 19 രൂപ മാത്രമാണു്. ഇതുവരെ അദ്ധ്യാപകർക്കു് ഇൻക്രിമെൻറ് കൊടുത്തിട്ടില്ല. ആകെ ഒരു തവണയേ ഡെപ്യൂട്ടി ഇൻസ്പെക്ടർ ഈ സ്കൂൾ സന്ദർശിച്ചിട്ടുള്ളു. സിലബസ് അനുസരിച്ചു് പഠിപ്പിക്കണമെന്ന സർക്കുലർ കൂടക്കൂടെ വരും, പക്ഷേ അദ്ധ്യാപകരില്ലാത്തതിനാൽ അതു സാധിക്കുന്നില്ല.

ഇരുപത്തൊമ്പതു കൊല്ലത്തിന്നു ശേഷം, ഇന്നത്തെ കവരത്തി കാഴ്ചവെയ്ക്കുന്ന ചിത്രം എത്ര വ്യത്യസ്തമാണു്! ഇന്നു് ഇംഗ്ളണ്ടിലോ സോവിയറ്റ്യൂനിയനിലോ വിദ്യാർത്ഥികൾക്കു ലഭിക്കുന്ന സൗകര്യങ്ങൾ, ഏറെക്കുറെ, ലക്ഷദ്വീപിലെ വിദ്യാർത്ഥികൾക്കു കിട്ടുന്നുണ്ടു്. വിദ്യാഭ്യാസത്തിന്റെ ഗുണത്തിൽ മാത്രമാണു് പ്രസ്താവ്യമായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വ്യത്യാസമുള്ളത്. ഏതായാലും, വൻകരയിലെ വിദ്യാർത്ഥികളേക്കാൾ എത്രയോ ഭാഗ്യവാന്മാരാണ് ലക്ഷദ്വീപുകളിലെ വിദ്യാർത്ഥികൾ.

ലക്ഷദ്വീപുകളെല്ലാം പവിഴദ്വീപുകളാണെന്നു പറഞ്ഞുവല്ലോ. രാജസ്ഥാനിലെ അരാവലി മലകളുടെ തുടർച്ചയായി, ആഴക്കടലിന്നടിയിലൂടെ ഒരു പർവതനിര അറബിക്കടലിൽ തെക്കുവടക്കു നീണ്ടുകിടക്കുന്നുണ്ടത്രേ. ഈ പർവതനിരയുടെ ഉയർന്ന കൊടിമുടികളിൽ കുടിപാർക്കുന്ന പവിഴപ്രാണികൾ (പോളപ്പുകൾ) അനേകലക്ഷം സംവത്സരങ്ങളിലൂടെ കെട്ടിയുയർത്തിയ പവിഴപ്പാറകളിൽ മണൽ അടിഞ്ഞാണ് ഈ ദ്വീപുകൾ ഉണ്ടായിട്ടുള്ളത്. ദ്വീപകളിൽ മിക്കവയും ഒരു സോസറിൻെറ മാതിരി വൃത്താകൃതിയിലാണ്. നടു കുഴിഞ്ഞ ഈ സോസറിൻെറ ഉയർന്ന പടിഞ്ഞാറേ വക്കിലെ പാറകൾ തിരയടിച്ച് തകർന്നു കിടക്കുന്നു. വേലിയിറക്കസമയത്ത് ഇവ വെള്ളത്തിനുമുകളിൽ ഉയർന്നുകാണാം. സോസറിൻെറ കിഴക്കെ വക്കിലെ പാറകളിൽ മണലടിഞ്ഞു, ഏതാണ്ട് അർദ്ധചന്ദ്രാകൃതിയിലുള്ള ദ്വീപ് രൂപംകൊണ്ടിരിക്കുന്നു. ദ്വീപിനും, സോസറിൻെറ പടിഞ്ഞാറെ വക്കിനും ഇടയിലുള്ള സ്ഥലം ആഴം കുറഞ്ഞ തടാകമാണ്. 'ബില്ലം' എന്നു ദ്വീപുകാർ വിളിക്കുന്ന ഈ പ്രദേശം ഇംഗ്ലീഷിൽ 'ലഗൂൺ' എന്നറിയപ്പെടുന്നു. ഈ പ്രദേശത്തിലെ ജലത്തിന്ന്, മുകളിൽ നിന്നു നോക്കുമ്പോൾ, ഇളം പച്ചനിറമാണ്. മഷിയുടെ കടുംനീലനിമുള്ള ആഴക്കടലിൽ ഒരത്ഭുതദൃശ്യമാണ് ഈ ഇളം പച്ച ബില്ലം. ഇതിലെ തെളിഞ്ഞ വെള്ളത്തിന്നടിയിൽ പല ആകൃതികളിലുള്ള പവിഴപ്പുററുകൾ സഹസ്രാബ്ദങ്ങളിലൂടെ പതുക്കെപ്പതുക്കെ വളരുന്നു. അവയ്ക്കുമീതെ മഴവില്ലിൻെറ നിറങ്ങളും വിചിത്രാകൃതികളുമുള്ള മത്സ്യങ്ങളും മററു ജലജീവികളും നീന്തിക്കളിക്കുന്നു. ബില്ലത്തിൽ ഒരു ആപച്ഛങ്കയുമില്ലാതെ ആർക്കും ഇറങ്ങി കുളിക്കാം, നീന്താം, തോണി തുഴഞ്ഞു പോകാം. മറക്കാനാവാത്ത മധുരാനുഭൂതികളാണ് ബില്ലത്തിൽ കഴിച്ചുകൂട്ടുന്ന ഓരോ നിമിഷവും നമുക്കു ലഭിക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലക്ഷദ്വീപുകൾ കേരളത്തിന്റെ ഒരു ഭാഗമാണ്. ദ്വീപുകാർ മലയാളികളാണ്. എല്ലാ മലയാളികളും ഒരിക്കലെങ്കിലും ദ്വീപുകൾ സന്ദർശിക്കണം. ദ്വീപുകൾ കാണാത്തവർ കേരളത്തിന്റെ മനോഹരമായ ഒരു മുഖം കണ്ടിട്ടില്ല. ദ്വീപുകൾ സന്ദർശിക്കുക ഇപ്പോൾ പ്രയാസമുള്ള കാര്യമല്ല. കൊച്ചിയിലെ ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻ അപ്പീസുകാർ ചുരുങ്ങിയ ചാർജ്ജിന് കപ്പലിൽ ആരെയും അങ്ങോട്ടു കൊണ്ടുപോകും. കവരത്തി, മിനിക്കോയ് മുതലായ ദ്വീപുകളിൽ സന്ദർശകർക്കു പാർക്കാനുള്ള കൊച്ചു കുടിലുകൾ സർക്കാർ നിർമ്മിച്ചിട്ടുണ്ട്. അവയിൽ ആവശ്യമായ എല്ലാ സുഖസൗകര്യങ്ങളും സന്ദർശകർക്കു ലഭിക്കുകയും ചെയ്യും.

നമ്മുടെ വിദ്യാർത്ഥികളുടെ, അധ്യയന യാത്രകൾ ലക്ഷദ്വീപുകളിലേക്ക് ആക്കുന്നതുകൊള്ളാം. വിദ്യാർത്ഥികൾക്കു കടലിനെപ്പററി ബോധം ഉളവാക്കാൻ, ഈ യാത്രകൾ സഹായിക്കും. കടൽവക്കിൽ എത്രയോ ശതാബ്ദങ്ങളായി പാർത്തുവന്നിട്ടും മലയാളികളുടെ ദൃഷ്ടി ഇപ്പോഴും കിഴക്കുള്ള മലകളിലേക്കാണ്. കാടു കയ്യേറി വെട്ടിത്തെളിച്ച് ഒരു എസ്റ്റേററുണ്ടാക്കുവാൻ കഴിഞ്ഞാൽ ജീവിതം സഫലമായെന്നു കരുതുന്നവരാണു മിക്ക മലയാളികളും. പടിഞ്ഞാറു് അലയടിച്ചു കിടക്കുന്ന അനന്ത സമ്പത്സമൃദ്ധമായ കടലിലേയ്ക്കു നാം ഇനിയും കണ്ണയച്ചുതുടങ്ങിയിട്ടില്ല. ലോകത്തിലെ ഏററവും സമ്പന്നങ്ങളായ മത്സ്യപ്പാടങ്ങളിലൊന്നു നമ്മുടെ അറബിക്കടലാണ്. നാം അതിൽ ഇറങ്ങി അദ്ധ്വാനിച്ചാലേ കേരളത്തിന്റെ തൊഴിലില്ലായ്മയും പട്ടിണിയും തീരൂ. കടലിലേയ്ക്ക് ഇറങ്ങാൻ നമുക്കുള്ള ചിവിട്ടുപടികളാണ് ഈ പവിഴദ്വീപുകൾ. അവ ഒന്നുപോയി കാണാൻപോലും നമുക്കു സമയമോ സൗകര്യമോ ഇല്ലെങ്കിലോ?

(കുങ്കുമം, 1983 ഫെബ്രു. 10)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2. ഒരു കത്ത്

—അലി മാനിക്ഫാൻ

കോഴിക്കോട്,
21–12–1970.

പ്രിയപ്പെട്ട ശ്രീ ജോർജ്,

താങ്കളുടെ 'അറബിക്കടലിലെ കേരളം' ഈയിടെ വായിച്ചു. താങ്കളെ അഭിനന്ദിക്കുന്നതോടൊപ്പം അതിലെ ചില പിശകുകൾ, അടുത്തപതിപ്പിൽ തിരുത്താൻവേണ്ടി ചൂണ്ടിക്കാണിക്കട്ടെ. മിനിക്കോയിക്കാരനായ എനിക്ക് അവിടത്തെ ആചാരങ്ങളെക്കുറിച്ചും മററും ഏറെക്കുറെ ആധികാരികമായിത്തന്നെ പറയാൻ കഴിയും. താങ്കൾക്ക് ആ ദ്വീപു സന്ദർശിക്കാൻ കഴിയാഞ്ഞതുകൊണ്ടാവാം പിശകുപററിയത്.

മിനിക്കോയിയെക്കുറിച്ചുള്ള ലേഖനത്തിൽ അവിടെ ഒട്ടേറെ ലൈംഗിക സ്വാതന്ത്ര്യമുണ്ടെന്നു പറയുന്നു. അതു ശരിയല്ല. ദ്വീപു ചെറുതായതുകൊണ്ടും ജനസംഖ്യ 500ൽ താഴെ ആയതുകൊണ്ടും അന്യോന്യം അറിയാത്തവർ ദ്വീപിൽ ഉണ്ടാകയില്ല. ഒരു കുടുംബംപോലെ കഴിയുന്നു. ഇക്കാരണംകൊണ്ടുള്ള സ്ത്രീസ്വാതന്ത്ര്യമല്ലാതെ കൂടുതലായൊന്നുമില്ല. വ്യഭിചാരംമൂലം ഗർഭംധരിച്ചാൽ ഇസ്ളാമിക നിയമപ്രകാരമുള്ള ശിക്ഷ സ്ത്രീക്കും പുരുഷനും ലഭിക്കുന്നു. സമൂഹത്തിൽ പരസ്യാപമാനത്തിനും ഇരയാകുന്നു. (പുരുഷനു ശിക്ഷയൊന്നുമില്ലെന്നു പറഞ്ഞതു ശരിയല്ല.) ഈ ശിക്ഷയ്ക്കു താഴ്ന്നവരെന്നും ഉയർന്നവരെന്നും വ്യത്യാസമില്ല. ഇന്നാണെങ്കിൽ ശിക്ഷയല്ലാതെ പരസ്യാപമാനമൊന്നുമില്ല.

മിനിക്കോയിയിലെ സ്ത്രീപുരുഷന്മാർ നാനാതരം രോഗങ്ങളുമായി ഉററബന്ധം പുലർത്തുന്നു എന്ന പ്രസ്താവം അതിശയോക്തിപരമാണ്. മന്ത് തീരെയില്ല. കുഷ്ഠരോഗികൾ ഇല്ലാത്തതു കാരണം ലെപ്പർകോളനിതന്നെ എടുത്തുകളഞ്ഞിരിക്കുന്നു. പത്തുവർഷംമുമ്പ് ഈ കോളനിയിൽ 40–ഓളം അന്തേവാസികൾ ഉണ്ടായിരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഒരതിഥി വീട്ടിൽവന്നാൽ ആട്ടുകട്ടിലിലിരുത്തി സ്ത്രീകൾ ആട്ടി സ്വീകരിക്കുന്ന ഏർപ്പാട് ഇല്ലതന്നെ. പ്രസവിക്കുന്നതു വീട്ടിലോ ആശുപത്രിയിലോ ആണ്. വാഴയിലയിൽ അല്ല. ബാല്യവിവാഹമില്ല. 17 വയസുകഴികഴിഞ്ഞേ വിവാഹം കഴിക്കൂ. നൃത്തം, നിശാക്ളബ് ഇവ ഇല്ല. സ്ത്രീകൾ അദ്ധ്വാനശീലരും ആഭരണഭ്രമമില്ലാത്തവരുമാണ്. സ്കൂളിൽ മലയാളംമാത്രമാണു മാദ്ധ്യമം. ഒററ വായനയിൽ എന്റെ ദൃഷ്ടിയിൽപെട്ട അററകുററങ്ങളാണിവ. വേദനിപ്പിച്ചെങ്കിൽ ക്ഷമിക്കുക. ഞാൻ നിരൂപകനോ എഴുത്തുകാരനോ അല്ല. തിരുത്താൻവേണ്ടി എഴുതിയെന്നുമാത്രം.

നന്മ നേർന്നുകൊണ്ട്,

(ഒപ്പ്)

കെ. അലി മാനിക്ഫാൻ B. Sc. (Engg)
Kanakufulege
Minicoy

6739

(ഇംഗ്ലീഷും മലയാളവും ഇടകലർന്ന കത്തിലെ പ്രസക്ത ഭാഗങ്ങൾ മലയാളത്തിലാക്കി ചേർത്തിരിക്കയാണിവിടെ)

OO

GURUKUL KANGRI LIBRARY
Accos on
Class on
Cat on
Tag etc.
Checked
Any Other

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അറബിക്കടലിലെ കേരളം

അറബിക്കടലിൻെറ നീലപ്പരപ്പിൽ
ചിതറിക്കിടക്കുന്ന മുത്തുകളാണ്
ലക്ഷദ്വീപുകൾ.
പ്രകൃതിയുടെ ദാനമായ സൗന്ദര്യത്തിൻെറ
ഹരിതകലയായ ഈ പവിഴദ്വീപുകൾ
ആരെയും ആകർഷിക്കാൻ പോന്നവയാണ്.
ചുററുമുള്ള പവിഴപ്പററകളും അവയും
ദ്വീപിനുമിടയിൽ സ്ഥിതിചെയ്യുന്ന
പ്രശാന്തമായ പൊയ്കകളും
ദ്വീപുകളെ രക്ഷിക്കാനായി കാത്തുകിടക്കുന്നു.
അറബിക്കടലിൻെറ സൗന്ദര്യമറുകുകളായി
പ്രശോഭിക്കുന്ന ഈ ചെറു ദ്വീപുകൾ
കേരളത്തിൻെറ ചെറിയ പതിപ്പുകളാണ്.
വളരെ കൗതുകമുണർത്തുന്ന
സാമൂഹ്യാചാരങ്ങളുള്ള
അന്ത്രോത്ത്, അമേനി, കല്പേനി
കവരത്തി, മിനിക്കോയി തുടങ്ങിയ
പത്തു ദ്വീപുകൾക്ക് അവയുടേതായ
പൂർവചരിതവും കഥകളുമുണ്ട്.

ലക്ഷദ്വീപിൻെറ ആത്മവത്തയെ
ആവാഹിച്ച പഠനാർഹമായ
ഒരു യാത്രാവിവരണ ഗ്രന്ഥം.

ഗ്രന്ഥകർത്താ

ഡോ. ജോർജ് ഇരുമ്പയം

കറൻറ് ബുക്സ്
കോട്ടയം തിരുവനന്തപുരം ആലപ്പുഴ
എറണാകുളം തൃശ്ശൂർ കോഴിക്കോട് തലശ്ശേരി

CC-0. In Public Domain. Gurukul Kangri Collection, Haridwar